Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 നവംബർ 2—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 തുലാം 16 | ലക്കം 13

## ഭൗതികസമൃദ്ധിയുടെ സുവർണ്ണയുഗം! അവിടെ സമാധാനം കണ്ടെത്തുമോ?

[സിറിയക്ക് ആരമ്പുളി, പൂഞ്ഞാർ]

മഹായുദ്ധമവസാനിച്ചിട്ടിപ്പോൾ ഒരു ദശവർഷത്തോടടുത്തിരിക്കുന്നു. യുദ്ധത്തിന്റെ ഭീകരയാതനകളനുഭവിച്ച ജനതതി അന്നുതൊട്ടിന്നോളവും സമാധാനത്തിനായി നിലവിളിക്കുകയാണ്. പക്ഷെ സമാധാനം! അതിന്നും വിദൂരതയിൽതന്നെ സ്ഥിതിചെയ്യുന്നതേയുള്ളു. തന്നെയുമല്ല, ഒരു മൂന്നാംലോകമഹായുദ്ധത്തിന്റെ കരിനിഴൽ ലോകത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയുമാണ്. എന്താണിതിനു കാരണം? ലോകം ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ സമാധാനശിശു പിറക്കാൻ ഇനിയും താമസിക്കുന്നതെന്തുകൊണ്ടാണ്? ഒരു മൂന്നാം ആഗോളമഹായുദ്ധം വീണ്ടും നമ്മെ ഭീഷണിപ്പെടുത്തുവാനുള്ള ഹേതുവെന്താണ്?

മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വിധം വമ്പിച്ച ശാസ്ത്രീയനേട്ടങ്ങൾ ഇന്നു ലോകത്തിനുണ്ടായിട്ടുണ്ട്; പക്ഷെ ഈ നേട്ടങ്ങളെ മനുഷ്യരാശിയുടെ സമൂലനാശത്തിനായി വിനിയോഗിക്കുവാനുള്ള സന്നദ്ധതയും ഇന്നത്തേതുപോലെ മുമ്പൊരിക്കലും പ്രകടമായിട്ടില്ല. മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തതുപോലെ സമ്പത്തു ലോകത്തിലിന്നു വർദ്ധിച്ചിട്ടുണ്ട്; എന്നാൽ ഇത്രയധികം ദാരിദ്ര്യവും മുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ല. ഇന്നത്തേതുപോലെ വിദ്യാഭ്യാസപുരോഗതി മുമ്പെങ്ങുമുണ്ടായിട്ടില്ല; എന്നാൽ സത്യത്തെ വെല്ലുവിളിക്കുവാനും മനുഷ്യൻ മുമ്പൊരിക്കലും ഇതുപോലെ തയ്യാറായി കണ്ടിട്ടില്ല. എന്തൊരു വൈരുദ്ധ്യം! സ്വാതന്ത്ര്യവും സമത്വവും സമൃദ്ധിയും കളിയാടുന്നതായ ഒരു സുവർണ്ണയുഗത്തിലേക്കു പുരോഗമിക്കുന്ന ആധുനികമനുഷ്യൻ അസ്വാതന്ത്ര്യവും അസമത്വവും ദുർഭിക്ഷതയും അനുഭവിക്കുകയാണിന്ന്. ആകെക്കൂടി ലോകമിന്ന് അഭിവൃദ്ധിയുടെ കൊടുമുടിയിലെത്തിയിട്ടും, നിരാശയുടെ നെടുംകുഴിയിൽതന്നെ നോക്കിനില്ക്കുകയാണ്. എന്തിന്? സമാധാനത്തിനായി. ചുരുക്കിപ്പറഞ്ഞാൽ ലോകം അന്വേഷിച്ചുപോയ സമൃദ്ധിയുടെ ആ സുവർണ്ണയുഗം അതിനിനിയും ലഭിച്ചിട്ടില്ല. പ്രത്യുത ഭയങ്കരങ്ങളായ സമരാഹ്വാനങ്ങളും അസ്വാസ്ഥതകളുമാണ് അതിനിന്നു ലഭിക്കുന്നതു്. എന്താണിതിനു കാരണം? കേവലം ഭൗതികസമൃദ്ധിയുടെ ഒരു സുവർണ്ണയുഗത്തെ മാത്രമേ അതു വിഭാവന ചെയ്തുള്ളു. പറുദീസായിൽനിന്നു പുറത്താക്കപ്പെട്ട മനുഷ്യൻ അവിടം കൈവശപ്പെടുത്തുവാനായി അതിന്റെ ഉടയവനായ ദൈവത്തോടുതന്നെ യുദ്ധത്തിനു പുറപ്പെട്ടിരിക്കയാണ്. അതെ അവൻ ദൈവത്തെ പരാജയപ്പെടുത്തിക്കൊണ്ട്, പലായനം ചെയ്യിച്ചുകൊണ്ട്, പറുദീസാ പിടിച്ചടക്കുവാൻ പോകയാണ്. പക്ഷെ അവിടേക്കടുക്കുന്തോറും കേവലം ശൂന്യതയാണ് അവനനുഭവപ്പെടുന്നതു്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, മാനവരാശിയെ ആകമാനം സൗഭാഗ്യവാന്മാരാക്കുമെന്നു പ്രതീക്ഷിക്കപ്പെട്ട ആധുനികശാസ്ത്രപുരോഗതി ലോകത്തെ ഒന്നടങ്കം കഷ്ടതയിലും നാശത്തിലുമെത്തിക്കുമെന്നുള്ള ദിക്കായിരിക്കുന്നു.



മരിച്ച എല്ലാ മനുഷ്യരും വീണ്ടും ഉയിർക്കും

(നവംബർ 1-സകല വിശുദ്ധരുടേയും തിരുനാൾ. നവംബർ 2-സകല മരിച്ചവരുടേയും ഓർമ്മ)]

ദൈവം, തന്റെ സ്രഷ്ടാവും പിതാവുമാണെന്നുള്ള വാസ്തവം, അങ്ങെ വത്സലസന്താനങ്ങളെന്നുള്ള നിലയിലാണ് മനുഷ്യൻ സമത്വം നേടുകയും സമൃദ്ധി സാധിക്കുകയും ചെയ്യേണ്ടതെന്നുള്ള സത്യം അംഗീകരിക്കുവാൻ മനുഷ്യൻ ഇനിയും തയ്യാറാകുന്നില്ല. ഭരണം നടത്തുന്ന രാഷ്ട്രനായകനും സമരം നയിക്കുന്ന സേനാധിപനും എന്നതുപോലെതന്നെ. എച്ചിൽക്കുഴിയിൽനിന്ന് ഉച്ഛിഷ്ടങ്ങൾ ശേഖരിച്ചു വിശപ്പടക്കുന്ന ഭിക്ഷക്കാരനും വയലിൽ വേലചെയ്യുന്ന കർഷകനുമെല്ലാം പിതാവായ ദൈവത്തിന്റെ ദൃഷ്ടിയിൽ തന്റെ വത്സലമക്കളെന്നുള്ള സാഹോദര്യത്തിൽ സമന്മാരാണെന്നുള്ള കാര്യം ഇന്നത്തെ ലോകനേതാക്കൾ വിസ്മരിച്ചുകളയുന്നു. അതിനാലത്രെ ആ പരമപരിപാലകന്റേതായ സമാധാനം അവർക്കിനിയും ലഭിക്കാതിരിക്കുന്നതു്. എന്താണിന്നു ലോകത്തിൽ നടക്കുന്നതു്? കുരങ്ങിന്റെ അനന്തിരവനാണു താനെന്നുൽഘോഷിച്ച ആധുനികമനുഷ്യൻ കുരങ്ങിനെപ്പോലെ പ്രവത്തിച്ചുകൊണ്ടു "പുരോഗമിക്കു"യാണിന്ന്. സൂക്ഷിച്ചുനോക്കിയാൽ കാണാം, ഏതാനും കുരുടന്മാർ മററുള്ള കുരുടന്മാരെ വഴിനടത്തുകയാണ്, അങ്ങനെ അവരെല്ലാവരുംകൂടി നാശകൂപത്തിന്റെ വക്കിലേക്കു പ്രയാണംചെയ്യുകയാണിന്നെന്ന്. ആധുനികരാഷ്ട്രമീമാംസകരും ശാസ്ത്രകോവിദന്മാരുമെല്ലാം ദൈവത്തിന്റെ പിതൃത്വത്തേയും തജ്ജന്യമായ സഹോദര്യത്തേയും അവഗണിച്ചുകൊണ്ട് പുരോഗമിക്കുവാൻ പണിപ്പെടുകയാണ്, വളരുവാൻ വെമ്പുകയാണ്. തൽഫലമോ? എങ്ങും അധോഗതിയും നാശവും അസ്വാസ്ഥതയും അനിശ്ചിതത്വവും അസ്വാതന്ത്ര്യവും അസമത്വവും ദുർഭിക്ഷതയും മാത്രം!

ഇന്നത്തെ അസ്വാസ്ഥതകൾക്കു നിദാനം രാഷ്ട്രീയമോ സാമ്പത്തികമോ ആയ കുറവുകളൊന്നുമല്ലെന്നും, പ്രത്യുത സാഹോദര്യത്തെ, അതെ ദൈവത്തിന്റെ പിതൃത്വത്തെ വിഗണിച്ചുകൊണ്ടുള്ള മനുഷ്യന്റെ പുറപ്പാടാണെന്നും ലോകം മനസ്സിലാക്കണം. ആധുനികലോകം അതിന്റെ ശ്രോത്രവും നേത്രവും കാൽവരിയിലേക്കു തിരിക്കട്ടെ! അതാ അവിടെ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ മരക്കുരിശിനോടു ബന്ധിക്കപ്പെട്ട് മൂന്നാണികളിൽ തൂങ്ങിക്കിടന്നുകൊണ്ട് ആ ദിവ്യപുരുഷൻ—ക്രിസ്തു—അദ്ധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്ന ലോകത്തെ തന്റെ അടുക്കലേക്കു വിളിക്കുന്നു. എന്തിന്? ആശ്വാസം പ്രാപിച്ചുകൊള്ളുവാൻ! സമാധാനമനുഭവിച്ചുകൊള്ളുവാൻ! പക്ഷേ, അക്രമത്തിനു മുന്നേറിക്കൊണ്ട് സമാധാനത്തിനായി നിലവിളിക്കുന്ന ആധുനിക "ബധിരലോകം" ആ സ്വരം കേൾക്കുന്നില്ല. ഇന്നത്തെ "കുരുടനേതൃത്വം" ആ സ്ഥലം കാണുന്നില്ല. അവർ തങ്ങളിൽതന്നെ സർവ്വശക്തികളും ദർശിച്ചുകൊണ്ട് "ആധുനിക ബാബേൽ ഗോപുരം" അങ്ങനെ പടുത്തുയർത്തുകയാണ്. എന്നാൽ ഈ ഗോപുരത്തിന്റെ പണി, അതെ ഭൗതികസമൃദ്ധിയുടെ ഈ സുവർണ്ണയുഗത്തിന്റെ ഉദയം ഇനിയും ഒന്നുമായിട്ടില്ലെന്നു കാണുകയാൽ അവർ ചുററും പകച്ചു നോക്കുകയാണ്. പക്ഷേ, അഹംഭാവതിമിരം നിമിത്തം വാസ്തവം കാണുവാൻ, സത്യം ഗ്രഹിക്കുവാൻ അവർക്കിനിയും കഴിയുന്നില്ല. സാക്ഷാത്തായ സമൃദ്ധിയും സമാധാനവും സാധിക്കണമെന്നുണ്ടെങ്കിൽ ആധുനികലോകം അതിന്റെ കണ്ണുകൾ തുറന്ന് കാൽവരിയിലേക്കു നോക്കട്ടെ! സ്രഷ്ടാവായ സർവ്വേശ്വരന്റെ സന്താനങ്ങളെന്നനിലയിൽ മനുഷ്യർ സഹോദരങ്ങളും സമന്മാരും സ്വതന്ത്രരുമാണെന്നു പഠിപ്പിച്ച ആ സ്നേഹസമ്പന്നന്റെ സന്ദേശത്തെ ശ്രവിക്കട്ടെ. തന്റെ സാഹോദര്യമാതൃകയെ അനുകരിക്കട്ടെ. എന്താണവിടുത്തെ ജീവിതമാതൃക? മുതലാളിത്തത്തെപ്പോലെ സ്വാതന്ത്ര്യത്തിലോ കമ്മ്യൂണിസത്തെപ്പോലെ സമത്വത്തിലോ അല്ല, പിന്നെയോ സാഹോദര്യത്തിലാണ് അവിടുന്നു തുടങ്ങിയതു്. മനുഷ്യരാശിയിലാരുംതന്നെ പുറംതള്ളപ്പെടേണ്ടവരോ വെറുക്കപ്പെടേണ്ടവരോ ആയിട്ടില്ലെന്ന് സ്വപ്രവൃത്തികളാൽ അവിടുന്നു പ്രഖ്യാപിച്ചു. എല്ലാ മനുഷ്യരും സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യേണ്ടവരാണെന്ന് അവിടുന്നു പഠിപ്പിച്ചു. വലിയവരായി കരുതപ്പെട്ടിരുന്നവരുടെ വാക്കുകൾക്ക് കൂടുതൽ

# പുനരൈക്യപ്രത്യവലോകനം

## 1930-ാമാണ്ടിനു മുമ്പ്

[കെ. എം. ഈശോ, ഓമല്ലൂർ]

(തുടർച്ച)

### താരതമ്യവിവേചനം

25 വയസ്സുള്ള മലങ്കര അന്ത്യോക്യൻ ഹയരാക്കി അനുദിനം വർദ്ധമാനമായ ശക്തിയോടുകൂടി വളന്നുവരുന്നതു് തായ്ത്തടിയോടുള്ള സംയോജിപ്പുകൊണ്ടാണെന്നും ദൈവത്തിൻെറ വല്ലഭത്വമുള്ള തൃക്കരമാണു് അതിനെ പിടിച്ചു താലോലിച്ചു വളത്തിക്കൊണ്ടിരിക്കുന്നതെന്നും മലങ്കരയിലെ ഭിന്നക്രൈസ്തവസഹോദരങ്ങൾ ചിന്തിച്ചുപ്രവത്തിക്കാത്തതെന്തു്? സത്യം ഒന്നേയുള്ളു. "സത്യം എന്താ"ണെന്നു പീലാത്തോസിനോടൊപ്പം ചോദിച്ചാൽ പോരാ. തങ്ങളുടെ ആത്മരക്ഷയ്ക്കുവേണ്ടി സത്യത്തെ അന്വേഷിക്കണം. ഔദ്ധത്യവും മർവിധിയും ഉപേക്ഷിച്ചു് ക്രിസ്തുവിൻെറ ഏക സത്യസഭ ഏതാണെന്നറിയുന്നതിനു ദൈവാനുഗ്രഹം മുന്നമേ അപേക്ഷിക്കണം. അങ്ങനെയുള്ളവരെ ദൈവം ആകർഷിച്ചു സത്യസഭയോടു സംയോജിപ്പിക്കുന്നതാണു്. പത്രോസാകുന്ന പാറമേൽ ക്രിസ്തുനാഥൻ സ്ഥാപിച്ചിട്ടുള്ള കത്തോലിക്കസഭയേയും, ക്രിസ്ത്വാബ്ദത്തിൻെറ ആദിമശതകംമുതൽ ഇന്നോളം അതിൽനിന്നു ഭിന്നിച്ചു ശാഖോപശാഖകളായി ഉത്ഭവിച്ചുകൊണ്ടിരിക്കുന്ന ഇതര സഭകളേയും ഒന്നു താരതമ്യവിവേചനം ചെയ്തുനോക്കുക. കത്തോലിക്കരുടെ താരതമ്യവിവേചനം നിങ്ങൾ കേൾക്കേണ്ട.

അടുത്തകാലത്തു അമേരിക്കൻ പ്രോട്ടസ്റ്റൻറു പണ്ഡിതനായ തോമസ്സ് ലോമാക്സ്സ് ഹാന്റർ അങ്ങനെ ചെയ്തിട്ടു കത്തോലിക്കസഭയെ പ്രശംസിച്ചിരിക്കുന്നതു കേൾക്കുക. "പ്രകൃത്യതീതവിശ്വാസസത്യങ്ങൾക്കെതിരായി യുക്തിവാദികൾ എയ്തുകൊണ്ടിരിക്കുന്ന അമ്പുകൾ നിഷ്ഫലമായിരിക്കുന്നു. ഇതു കത്തോലിക്കസഭയുടെ അക്ഷയത്വത്തിനു് വലിയ തെളിവും ഉറപ്പുമാണു്. പ്രകൃത്യതീതവിശ്വാസതത്വങ്ങളാകുന്നകോട്ടകളാൽ ആ സഭ അജയ്യയായി വത്തിക്കുന്നു. മററു സഭകൾ മാററത്തിനു അധീനമായി നശിക്കുന്നു. കത്തോലിക്കസഭയോ തുടന്നുകൊണ്ടിരിക്കുന്നു. യുദ്ധങ്ങൾക്കും വിപ്ലവങ്ങൾക്കും അവളെ നശിപ്പിക്കാൻ സാധിക്കയില്ല. നിരീശ്വരസിദ്ധാന്തങ്ങൾക്കു അവളെ സ്പർശിക്കാൻപോലും സാധിക്കയില്ല. അവളുടെ ജനനവും ക്രിസ്തുമതത്തിൻെറ ജനനവും ഒരേ കാലത്താണു്. അവളുടെ ചരിത്രം ക്രിസ്തുമതത്തിൻെറ ചരിത്രമാണു്. അവളുടെ പുത്രന്മാരുടെ ദൃഷ്ടിയിൽ അവളുടെ വിശ്വാസസത്യങ്ങൾ അന്യൂനവും യഥാർത്ഥസത്യവുമാണു്. ആ സഭ, ആരാലും പിടിച്ചടക്കാൻ സാധിക്കാത്തവണ്ണം ശക്തിയോടുകൂടി നിലകൊള്ളുന്നു. റോമൻസാമ്രാജ്യം നശിച്ചിട്ടും അതു നശിച്ചില്ല; മഹമ്മദമതം ഉദിച്ചുയന്നിട്ടും അവൾ നശിച്ചില്ല; യൂറോപ്പിനെ കീഴ്പെടുത്താനുള്ള ശ്രമത്തിൽ—ടൂഴ്സിലേയും ലപ്പാൻറായിലേയും യുദ്ധത്തിൽ—അവൾ അതിനെ പിന്തിരിപ്പിച്ചുകളഞ്ഞു. ടാർട്ടാർ വർഗ്ഗക്കാരുടെ ഭയങ്കര ആക്രമണങ്ങളെ അവൾ സഹിച്ചുനിന്നു. ക്രിസ്തീയ നാഗരികതയെ സംരക്ഷിച്ചു പോഷിപ്പിച്ചുകൊണ്ടിരിക്കുന്ന സഭ അതുതന്നെയാണു്. നിങ്ങൾക്കു ആ സഭയെ പീഡിപ്പിക്കാൻ കഴിയും; അതിനെ കൊല്ലാൻ സാധിക്കയില്ല. ഹിററ്ലരേയും ഹിററ്ലരിസ്സത്തെയും പോലെയുള്ള ആളുകളേയും പ്രസ്ഥാനങ്ങളേയും ഒരു നൂറു പ്രാവശ്യം അവൾ കണ്ടിട്ടുണ്ടു്. ഹിററ്ലരെ ഭയപ്പെടാത്ത ഏകസ്ഥാപനം കത്തോലിക്കസഭയാണു്. നീറോ, കൊമ്മോഡസ്, കാരകല്ലി, കലിഗുലാ ആദിയായ രക്തദാഹികളായ സ്വേച്ഛാധിപതികളെ അവൾ സധൈര്യം എതിർത്തുനിന്നു. ഇന്നത്തെ ഭ്രാന്തുപിടിച്ച ലോകം നശിച്ചാലും അനശ്വരമായ സ്ഥാപനം ഏതെന്നു ചോദിച്ചാൽ കത്തോലിക്കസഭയെ ചൂണ്ടിക്കാണിക്കും. അശേഷം വിട്ടുവീഴ്ച ചെയ്യാത്ത പ്രകൃത്യതീതതത്വങ്ങളാകുന്ന പടച്ചട്ടധരിച്ചുകൊണ്ടു് നിത്യകാലത്തേക്കു അക്ഷയമായി ജീവിക്കുന്നവളായി അവൾ ഇതാ നിലകൊള്ളുന്നു!"

ഇനിയും 19-ാംശതകത്തിൽ സുപ്രസിദ്ധ ആംഗ്ലേയ ചരിത്രപണ്ഡിതനായ മെക്കാളെ കത്തോലിക്കസഭയുടെ അനശ്വരതയെ വർണ്ണിച്ചിരിക്കുന്നതു കേട്ടാലും: "റോമൻ കത്തോലിക്കസഭയെപ്പോലെ നമ്മുടെ സവിശേഷമായ പരിശോധനയെ അത്രയധികം അർഹിക്കുന്ന മനുഷ്യനിർമ്മിതമായ ഒരു സ്ഥാപനം ഇന്നു ഭൂമുഖത്തു വേറെയില്ല. ഒരിക്കലും ഉണ്ടായിട്ടുമില്ല. ഈ സഭയുടെ ചരിത്രം മാനുഷീകനാഗരീകതയുടെ മഹത്തായ രണ്ടു യുഗങ്ങളെ സംയോജിപ്പിക്കുന്നു. പ്രാചീന റോമിലെ സർവ്വദേവതാമണ്ഡപത്തിൽനിന്നു ഹോമധൂപമണ്ഡലം ഉയന്നുകൊണ്ടിരിക്കയും ഫ്ളേവിയൻ വിനോദരംഗത്തിൽ പുള്ളിപ്പുലികളും വ്യാഘ്രങ്ങളും സഞ്ചരണം വിഹരിക്കയും ചെയ്തിരുന്ന പുരാതനകാലത്തിൻെറ സ്മരണ നമ്മിലുളവാക്കാൻ കഴിയുന്നതായി ഈ സഭയല്ലാതെ മററു യാതൊരു സ്ഥാപനവും അവശേഷിച്ചിട്ടില്ല. ഈ സഭയിലെ പരമാദ്ധ്യക്ഷന്മാരുടെ സുദീർഘമായ ശൃംഖലയോടു താരതമ്യം ചെയ്യുന്നതായാൽ പ്രൗഢഗംഭീരമായി വാണുകൊണ്ടിരിക്കുന്ന സകല രാജവംശങ്ങളും കേവലം ഇന്നലത്തേതു മാത്രമാകുന്നു. ഇടമുറിയാതുള്ള പ്രസ്തുത ശൃംഖലയുടെ ഓരോ കണ്ണിയും പരിശോധിച്ചു പുറകോട്ടു പോകുന്നപക്ഷം, മഹനീയമായ ആ സ്ഥാനാവലി 19-ാംശതകത്തിൽ നെപ്പോളിയനു ചക്രവത്തിപ്പട്ടം നൽകിയ മാർപ്പാപ്പാമുതൽ 8-ാംശതകത്തിൽ പെപ്പിനു രാജപട്ടം നൽകിയ മാർപ്പാപ്പാവരെയും പെപ്പിൻെറ കാലത്തിനപ്പുറം പൗരാണികകാലംവരെയും എത്തിക്കിടക്കുന്നതായി കാണാവുന്നതാണു്. പൗരാണികത്വത്തിൽ അടുത്ത സ്ഥാനം അർഹിക്കുന്നതു വെനീസിലെ പ്രജാധിപത്യമാകുന്നു. എന്നാൽ പാപ്പാധിപത്യത്തോടു താരതമ്യം ചെയ്യുമ്പോൾ വെനീസിലെ പ്രജാധിപത്യം ആധുനികമായിട്ടാണിരിക്കുന്നതു്. ഈ വെനീസിലെ പ്രജാധിപത്യവും നാമാവശേഷമായിട്ടും പാപ്പാധിപത്യം നിലനില്ക്കതന്നെ ചെയ്യുന്നു.

## For favours received



Mrs. Mary Sebastian
Trichur

പാപ്പാധിപത്യം നിലനില്ക്കുന്നതു ജീർണ്ണാവസ്ഥയിലോ കേവലം ഒരു പുരാണവസ്തുസ്മാരകമായിട്ടോ അല്ല. പ്രത്യുത സമ്പൂർണ്ണമായ ജീവചൈതന്യത്തോടും യൗവ്വനയുക്തമായ ഓജസ്സോടുംകൂടിയാണു്. ആഗസ്തീനോസിൻെറ നേതൃത്വത്തിൽ കെൻറിൽ വന്നിറങ്ങിയ മിഷ്യനറിമാരോടു ഭക്തിതീക്ഷ്ണതയിൽ കിടപിടിക്കുന്ന മിഷ്യനറിമാരെ ഇന്നും കത്തോലിക്കസഭ, ലോകത്തിൻെറ പരമാതിർത്തികളിലേക്കു അയച്ചുകൊണ്ടിരിക്കുന്നു. അവൾ പണ്ടു് ആററില്ലായുടെ ആക്രമണത്തോടു എതിരിട്ടപ്പോൾ പ്രദർശിപ്പിച്ച അതേ ധീരതയോടുകൂടിതന്നെ ഇന്നു ശത്രുരാജാക്കന്മാരുടെ ആക്രമണങ്ങളോടു നേരിട്ടുകൊണ്ടിരിക്കുന്നു. മററു യാതൊരു കാലത്തും ഉണ്ടായിട്ടില്ലാത്തവണ്ണം അവളുടെ സന്താനങ്ങൾ ഇന്നു വർദ്ധിച്ചിരിക്കയും ചെയ്യുന്നു.

"പ്രാചീനഭൂഖണ്ഡങ്ങളിൽ അവൾക്കുണ്ടായ നഷ്ടത്തെ വേണ്ടതിലധികം പരിഹരിക്കത്തക്ക സമ്പാദ്യം അവൾക്കു നവീനഭൂഖണ്ഡങ്ങളിൽ ലഭിച്ചിട്ടുണ്ടു്. മിസ്സൗറിനദിയുടെ സമതലപ്രദേശങ്ങൾക്കും കേപ്പ്ഹോണിനും മദ്ധ്യേ കിടക്കുന്ന അതിവിസ്തൃതങ്ങളായ പ്രദേശങ്ങളെല്ലാം അവളുടെ ആദ്ധ്യാത്മികാധിപത്യത്തിനു വിധേയങ്ങളായിരിക്കുന്നു. അവളുടെ സുദീർഘമായ രാജവാഴ്ചയുടെ അന്ത്യം ആസന്നമായിരിക്കുന്നുവെന്നു കാണിക്കുന്ന യാതൊരു ലക്ഷ്യവും നമുക്കു ദൃഷ്ടിഗോചരമാകുന്നില്ല. ഇന്നു ലോകത്തിലുള്ള സകലരാഷ്ട്രങ്ങളുടേയും സകല മതസ്ഥാപനങ്ങളുടേയും ഉത്ഭവം അവൾ കണ്ടിട്ടുണ്ടു്. അവയുടെയെല്ലാം അവസാനവും അവൾക്കുകാണുവാൻ സംഗതിയായേക്കുമെന്നല്ലാതെ മറിച്ചുവിചാരിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. അവൾ മഹത്വം പ്രാപിക്കയും ലോകരുടെ ബഹുമതിക്കു പാത്രമാകയും ചെയ്തുതുടങ്ങിയിട്ടു എത്രയോ കാലം കഴിഞ്ഞതാണു് സാക്സൻ ജാതിക്കാർ ബ്രിട്ടൻ ദ്വീപിൽ കാലു കുത്തിയതു; ഫ്രാങ്കുവർഗ്ഗക്കാർ റൈൻനദിക്കപ്പുറംകടന്നതു്; യവനന്മാരുടെ വാഗ്മിത്വം അന്തിയോക്കിയായിൽനിന്നു അന്തർദ്ധാനം ചെയ്തതു്; ബിംബാരാധനമെക്കായിലെ ദേവാലയങ്ങളിൽനിന്നു ബഹിഷ്കരിക്കപ്പെട്ടതു്. ന്യൂസിലൻഡുകാരനായ വല്ല ദേശസഞ്ചാരിയും ലണ്ടനിൽവന്നു നാലുപാടും വിസ്തൃതമായി പരന്നുകിടക്കുന്ന ശൂന്യപ്രദേശത്തിൻെറ മധ്യത്തിൽ—ലണ്ടൻപാലത്തിൻെറ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ഒരു കമാനത്തിന്മേൽ നിന്നുകൊണ്ടു സെൻറു പാൾസ് ദേവാലയത്തിൻെറ നഷ്ടശിഷ്ടങ്ങളുടെ ചിത്രം വരച്ചെടുക്കുന്ന കാലത്തിനു ശേഷവും അവൾ അക്ഷയമായ ഓജസ്സോടുകൂടി സ്ഥിതിചെയ്യുന്നുണ്ടാവാം." (തുടരും)

---

വിലകല്പിക്കുകയോ എളിയവരെ അവഗണിക്കുകയോ അല്ലാ അവിടുന്നു ചെയ്തതു്. അറെപ്പോടും വെറുപ്പോടുംകൂടെ ലോകം പരിത്യജിച്ചിരുന്ന കുഷ്ഠരോഗികളെ അവിടുന്നുപേക്ഷിച്ചില്ല. രക്തസ്രാവരോഗ ബാധിതയായിരുന്ന ആ സാധുസ്ത്രീയേയും, കാഴ്ചലഭിക്കുന്നതിനുവേണ്ടി നിലവിളിച്ച അന്ധനേയും ആശ്വസിപ്പിക്കുവാൻ അവിടുന്നു മടിച്ചില്ല. വേശ്യാവൃത്തിയിൽ പിടിക്കപ്പെട്ടു് "യഹൂദരുടെ ന്യായം" കല്ലെറിഞ്ഞുകൊല്ലുവാൻ കൊണ്ടുപോയ അബലാമണിയേയും, മരണത്തിനു വിധേയനായ, നയിംപട്ടണത്തിലെ വിധവയുടെ ഏകജാതനേയും അവിടുന്നു രക്ഷിച്ചു. യഹൂദജനത അധഃകൃതയെന്നു മുദ്രയടിച്ചു് അടുക്കാനും തൊടാനും മടിച്ചിരുന്ന സമരിയാക്കാരി സ്ത്രീയെ അവിടുന്നു സ്വാഗതംചെയ്തു. മഗ്ദലയിലെ പാപിനിയുടെ സ്നേഹപ്രകടനങ്ങളേയും അവിടുന്നു തിരസ്കരിച്ചില്ല. തന്നോടുകൂടി നടക്കുവാൻ, അജ്ഞരും പാപികളുമായി അവജ്ഞാപൂർവ്വം വീക്ഷിക്കപ്പെട്ടിരുന്ന മുക്കുവനെയും ചുങ്കക്കാരനെയും അവിടുന്നു സ്വീകരിച്ചു. നിയമത്തിലെ ഏററംവലിയ പ്രമാണം ഏതെന്നു ചോദിച്ച യഹൂദപ്രമാണികളോടു് അവിടുന്നു ആജ്ഞാപിച്ചു: "എല്ലാററിലുമുപരിയായി ദൈവത്തെ സ്നേഹിക്കുകയും നിന്നെപ്പോലെതന്നെ നിൻെറ അയല്ക്കാരനെ സ്നേഹിക്കുകയും ചെയ്യുക" എന്നു്. അവിടുന്നു പിന്നെയും പ്രഖ്യാപിക്കുന്നു: "ആദ്യമായി ദൈവരാജ്യത്തെയും അവിടുത്തെ നീതിയേയും അന്വേഷിപ്പിൻ, മററുള്ളതെല്ലാം അതോടൊന്നിച്ചു നൽകപ്പെടും." കണ്ടാലും, ഭൗതികസമൃദ്ധിയുടെ ഒരു സുവർണ്ണയുഗത്തിനുവേണ്ടി പാടുപെടുന്ന ആധുനികലോകമേ, സ്രഷ്ടാവായ സർവ്വേശ്വരൻെറ സന്നിധിയിൽനിന്നു് സാക്ഷാത്തായസമൃദ്ധിയും സമാധാനവും നിന്നെ മാടിവിളിക്കുന്നു; അവിടേക്കുതുചെല്ലുവാൻ നീ തയ്യാറുണ്ടോ? എങ്കിൽ മാത്രമേ, സമാധാനം കണ്ടെത്തുവാൻ നിനക്കു സാധിക്കയുള്ളു, നിശ്ചയം.

---


# മലബന്ധവും മററു രോഗങ്ങളും

രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായും, അല്പമായും, വളരെ താമസത്തോടുകൂടിയും, വളരെ വരണ്ടും മലം പോകുന്നതുകാരണം ഉദരത്തിങ്കലുള്ള വായുവിൻെറ കീഴ്പോട്ടുള്ള ഗതി കുറയുകയും (വായുസ്തംഭനം–ഗ്യാസ്ട്രബ്ൾ–അനുഭവപ്പെടുകയും), തദ്വാര ദേഹത്തിലെ ഉഷ്ണാംശം (പിത്തം) ക്രമംവിട്ടു് വർദ്ധിക്കുകയും, കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളും ഉരുകുകയും ക്ഷോഭിക്കുകയും വരണ്ടുപോവുകയും ചെയ്യുന്നു. മലത്തിൻെറയും വായുവിൻെറയും തടസ്സംമൂലം ഇങ്ങനെ ഉരുകിയും ക്ഷോഭിച്ചും സ്വസ്ഥാനങ്ങളിൽനിന്നിളകി ഉദരത്തിങ്കലേക്കു് ചെന്നുകൊണ്ടിരിക്കുന്ന കഫത്തിൻെറയും ധാതുക്കളുടേയും അംശങ്ങൾക്കു് മലത്തോടുകൂടി യഥാസമയം പുറത്തുപോകുവാൻ സാധിക്കാതെ വരിക നിമിത്തം ആ മന്ദീഭൂതകരം കുടലുകൾക്കുള്ളിൽ തന്നെ പററിച്ചേന്നുനിന്നുകൊണ്ടു് തടിപ്പുകളായും കുരുക്കളായും (അർശസ്സ്-മൂലക്കുരു) രൂപാന്തരപ്പെടുന്നു. ഇതുമുതൽ മലം നാടപോലെ കനംകുറഞ്ഞു് പോവുക, രക്തംകലന്നു് പോവുക മുതലായ ലക്ഷണങ്ങളോടുകൂടി മലബന്ധവും, വായുസ്തംഭനവും, ചൂടും പുഴുവാധികം വർദ്ധിക്കുകയും ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, നീരിറക്കം, പനി, ക്ഷയം, ഏങ്ങൽ, നെഞ്ചുവേദന, വയറുവേദന, അസ്ഥിസ്രാവം, പ്രമേഹം, രക്തദൂഷ്യം മുതലായ നാനാവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

നീർവീഴ്ച, ചുമ മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണു് ഔഷധങ്ങൾ പലതും മാറിമാറി ഉപയോഗിച്ചുകൊണ്ടിരുന്നിട്ടും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നുകരകയറുവാൻ സാധിക്കാതെ പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതു്

## മലബന്ധവും കാളൻ'സ് ദ്രാക്ഷാഘൃതവും

മലബന്ധവും മററു രോഗങ്ങളും തമ്മിലുള്ള ബന്ധം മേൽവിവരിച്ചപ്രകാരമാണെന്നുള്ളതിൻെറ ദൃഷ്ടാന്തമാണു് മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളേയും (ഓജസ്സിനേയും), ജാഠരാഗ്നിയേയും വർദ്ധിപ്പിക്കുന്നതിനും, രക്തത്തെ ശുദ്ധീകരിക്കുന്നതിനും, തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം ആർത്തവരക്തം മുതലായവകളെ യഥാക്രമം പ്രവൃത്തിപ്പിക്കുന്നതിനും കഴിവുള്ളതൊരൗഷധമാകുന്ന ദ്രാക്ഷാഘൃതം ഉപയോഗിക്കുമ്പോൾ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങൾക്കും, ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, പനി, ക്ഷയം മുതലായ നാനാവിധ രോഗങ്ങൾക്കും ശമനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നതു്. ഈ ഔഷധം പ്രത്യേക പത്ഥ്യം കൂടാതെ ഉപയോഗിക്കാവുന്നതാണെങ്കിലും കൂടുതൽ ഫലസിദ്ധിക്കുവേണ്ടി പയറു്, കടല, മോരു്, മുളകു് മുതലായ രൂക്ഷദ്രവ്യങ്ങളെ സാധിക്കുന്നേടത്തോളം ഉപേക്ഷിക്കുന്നതു് വളരെ ഉത്തമമാണു്

ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ കുപ്പി 1ക്കു് 4–0–0

6ക. മുതൽ അയക്കുന്നവക്കു് റജിസ്റ്റേർഡു പാർസലായി (പോസ്റ്റുകൂലിസഹിതം) അയച്ചുകൊടുക്കുന്നതാണു്

N. B. ഈ ഔഷധം കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, പാലക്കാടു്, കോയമ്പത്തൂർ, തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 180-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

## കാളൻ, നെല്ലായി.


---

# ചാത്തനുണ്ട്, മാത്തനില്ല

(തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. ടി.)

അതാണു് നമ്മുടെ നാട്ടിലെ നീതി. ഒരക്ഷരത്തിനു മാററം വന്നപ്പോൾ അനുഭവങ്ങളിലുള്ള മാററം വളരെയാണു്. എള്ളിടമാറിയാൽ വില്ലിട മാറുമെന്നല്ലെ പഴമക്കാർ പറയുന്നതു്? പഴഞ്ചൊല്ലിൽ പിഴവന്നാൽ പഴഞ്ചോറിൽ കൈവേകുമെന്നും.

ചാത്തനും മാത്തനും ഒരപ്പൻെറ മക്കളാണു്. ഒരേ വർഗ്ഗം, ഒരേ സാമ്പത്തികസ്ഥിതി, ഒരേ മനസ്ഥിതി, ഒരേ സംസ്കാരം. ഒരു മാററംമാത്രം, "ചാ"യ്ക്കുപകരം "മാ". പക്ഷെ ഒരു വ്യത്യാസം കൂടെ. ചാത്തൻെറ "ച്ഛ"യ്ക്കു പകരം മാത്തൻെറ "സ്ഥ" ഒരു വ്യത്യാസമായി തണിക്കുമായിരിക്കും. പക്ഷെ ഇതു വേണ്ടുവോളം മതി മതേതരരാഷ്ട്രമായ തിരുകൊച്ചിക്കു ചാത്തൻെറ പെററമ്മയാകാനും മാത്തൻെറ ചിററമ്മയാകാനും.

ചാത്തനു പഠിക്കാൻ പുസ്തകവും ഉടുക്കാൻ വസ്ത്രവും തോററാലും തുടന്നുപഠിക്കാൻ ഫീസ്സുംകിട്ടും. മാത്തനു മുണ്ടും പുസ്തകവുമില്ല. തോററാൽ സ്വന്തം ചെലവിൽ പഠിച്ചുകൊള്ളുകയും വേണം. അതാണു് നിയമം.

ജനങ്ങളെ ജനങ്ങൾതന്നെ ഭരിക്കുന്ന രാജ്യങ്ങളിൽ നിയമം മനുഷ്യനുവേണ്ടിയാണു്. ഇവിടെ മനുഷ്യൻ നിയമത്തിനുവേണ്ടിയും. ഇവിടെ മാത്രമല്ല, റഷ്യയിലും അങ്ങനെയാണെന്നു കേട്ടിട്ടുണ്ടു്. സ്വേച്ഛാധിപത്യരാജ്യങ്ങളിൽ അങ്ങനെയാണല്ലോ.

ചാത്തനെ രക്ഷിക്കാൻ നിയമമുണ്ടു്. മാത്തനെ രക്ഷിക്കാൻ നിയമമില്ല. പിന്നെന്തുചെയ്യും. ഒരപ്പൻമക്കളാണെന്നു പറഞ്ഞിട്ടെന്തു ഫലം? കാബിനററിനും നിയമസഭയ്ക്കും ഒന്നും ചെയ്യാൻ നിവ്വാഹമില്ല. കാരണം? നിയമമില്ല.

റഷ്യയിൽ പാർട്ടിക്കുവേണ്ടി എല്ലാം നിലകൊള്ളുന്നു. ന്യൂനപക്ഷമായ പാർട്ടിക്കുവേണ്ടി ഭൂരിപക്ഷം ബലിയാടുകളായിത്തീരുന്നു. നമ്മുടെ മതേതരരാഷ്ട്രത്തിലോ? മതത്തിനുവേണ്ടി ചിലതെല്ലാം നിലകൊള്ളുന്നു. ഭൂരിപക്ഷത്തിൻെറ ബലിയാടുകളായിത്തീരുന്നു ന്യൂനപക്ഷങ്ങൾ. ഭൂരിപക്ഷമായ പാർട്ടിയെ ബലഹീനമാക്കാൻ അണിയറയിൽ ക്ഷുദ്ര

# ക്രിസ്തു ഇന്ത്യയിൽ വന്നെന്നോ?

(മാത്യു ഉലകംതറ ബി. എ.)

(മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിൽ കണ്ട അടിസ്ഥാനരഹിതമായ ചില അഭ്യൂഹങ്ങളെ ചൂണ്ടിക്കാണിക്കുന്ന ഈ ലേഖനം മാതൃഭൂമിയിൽ പ്രസിദ്ധീകരണത്തിനയച്ചു കൊടുത്തതാണു്. ഈ ലേഖനം കാരണം വ്യക്തമാക്കാതെയും, അടക്കം ചെയ്തിരുന്ന സ്റ്റാമ്പുപോലും ഒട്ടിക്കാതെയും മടക്കി അയക്കുകയാണുണ്ടായതു്. ലേഖകൻ)

സെപ്റ്റംബർ 4-ാംനു- ലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ "കേരളത്തിലെ ബൗദ്ധക്രൈസ്തവബന്ധം" എന്നൊരു ലേഖനം ശ്രീ എം. സി. ജോസഫ് എഴുതിയിരുന്നുവല്ലോ. കേരളത്തിലെ പീഡിതമായ ബൗദ്ധസമുദായം ക്രൈസ്തവമിഷനറിമാരുടെ പ്രസംഗം കേട്ടപ്പോൾ അവർ ബുദ്ധമതമാണു പ്രസംഗിക്കുന്നതെന്നു തെററിദ്ധരിച്ചു ക്രിസ്തുമതം സ്വീകരിച്ചുവെന്നു സ്ഥാപിക്കാനാണദ്ദേഹം ശ്രമിച്ചിരിക്കുന്നതു്. തന്റെ വാദഗതിക്കു ഉപോദ്ബലകമായി ക്രൈസ്തവബൗദ്ധമതതത്വങ്ങൾക്കു തമ്മിൽ സാമ്യമുണ്ടെന്നും ക്രിസ്തു പന്ത്രണ്ടും മുപ്പതും വയസ്സുകൾക്കിടയ്ക്കു് ഇൻഡ്യയിൽ വന്നു് ബുദ്ധമതം പഠിച്ചശേഷം സ്വദേശത്തേക്കു മടങ്ങിപ്പോയി തത്വോപദേശം ചെയ്തിരിക്കാമെന്നുംകൂടി അദ്ദേഹം "ഊഹി"ച്ചു കാണുന്നു. കേവലം ചരിത്രപരമായ ആദ്യത്തെ അഭിപ്രായം തൽക്കാലം വിട്ടുകൊണ്ടു ക്രിസ്ത്യാനികളുടെ വിശ്വാസത്തെയും ക്രിസ്തുവിനെയും വിശുദ്ധ ബൈബിളിനേയും സ്പർശിക്കുന്ന രണ്ടാമത്തെ ഊഹത്തെ സംബന്ധിച്ചു ചിലതു പറയാമെന്നേ പ്രകൃതത്തിൻ ഉദ്ദേശ്യമുള്ളൂ.

ക്രിസ്തുവിന്റെ ജീവചരിത്രസംബന്ധമായ വസ്തുതകൾക്കു് പ്രധാനമായി നാമാശ്രയിക്കുന്നതു ബൈബിളിലെ സുവിശേഷങ്ങളെയും ശ്ലീഹന്മാരുടെ ലേഖനങ്ങളെയുമാണു്. ശ്രീ ജോസഫ് തന്നെ അദ്ദേഹത്തിന്റെ ഊഹത്തിനു ഉന്നയിക്കുന്ന പ്രകടമായ കാരണം "ക്രിസ്തുവിന്റെ 12 വയസ്സുമുതൽ മുപ്പതു വയസ്സുവരെ അദ്ദേഹം എവിടെയായിരുന്നുവെന്നു് (സുവിശേഷകന്മാർ) ആരും ഒരിടത്തും പറഞ്ഞു കാണുന്നില്ല" എന്ന വസ്തുതയാണല്ലോ. ഈ വസ്തുതയെ ആസ്പദമാക്കിത്തന്നെ ക്രിസ്തു ആ കാലഘട്ടത്തിൽ വിദേശസഞ്ചാരം ചെയ്തുവെന്നും ഹിന്ദുമതവും മററും പഠിച്ചുവെന്നും ഒടുവിൽ ബുദ്ധമതാവലംബിയായി സ്വദേശത്തേക്കു മടങ്ങിപ്പോയെന്നും ഇതിനുമുമ്പേ വേറെയും ചിലർ അഭ്യൂഹങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. അവയ്ക്കു യഥാകാലം പ്രത്യാഖ്യാനങ്ങളുമുണ്ടായിട്ടുണ്ടു്. ബൈബിൾ ശ്രദ്ധാപൂർവ്വം വായിക്കുന്ന ഒരുവനു് ഈ അഭ്യൂഹത്തിനനുകൂലമായൊന്നും അതിൽ കാണാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല പ്രതികൂലമായി പലതും കാണാൻ കഴിയുകയും ചെയ്യും.

## സ്വദേശികളുടെ സാക്ഷ്യം

ക്രിസ്തു തന്റെ പ്രസംഗജീവിതം ആരംഭിച്ചതിനുശേഷം ഒരിക്കൽ യൂഡിയായിലെ പല സ്ഥലങ്ങളിലും സഞ്ചരിച്ചിട്ടു സ്വദേശമായ നസറത്തിൽ മടങ്ങിയെത്തി. പതിവനുസരിച്ചു് അവിടുന്നു് അവിടെയുള്ള സിനഗോഗിൽ (പ്രാർത്ഥനാലയം) പ്രവേശിച്ചു പ്രസംഗിക്കുവാനാരംഭിച്ചു. "അവിടുത്തെ അധരങ്ങളിൽനിന്നു പുറപ്പെട്ട അനുഗ്രഹീതവചസ്സുകൾ കേട്ടു് എല്ലാവരും ആശ്ചര്യഭരിതരായി. ഈ ജ്ഞാനവും അത്ഭുതപ്രവർത്തനശക്തിയുംഇയാൾക്കു് എങ്ങനെ ലഭിച്ചു. ഇയാൾക്കു നൽകപ്പെട്ടിരിക്കുന്ന ജ്ഞാനവും ശക്തിയും എത്ര വലുതു്! ഇയാൾ മറിയത്തിന്റെ പുത്രനായ തച്ചനല്ലയോ? ഇയാൾ തച്ചനായ ഔസേപ്പിന്റെ മകനല്ലയോ?......" എന്നിങ്ങനെ അവർ സാശ്ചര്യം ചോദിച്ചിരുന്നതായി സുവിശേഷകന്മാർ ഏകകണ്ഠമായി പ്രസ്താവിക്കുന്നു (ലൂക്കാസ് IV 16-22; മാത്യൂ XIII 54-58; മർക്കോസ് VI 2-3) ക്രിസ്തുവിന്റെ സ്വദേശികളാണു് അദ്ദേഹം പ്രകടിപ്പിച്ച ജ്ഞാനത്തിലും ശക്തിയിലും ആശ്ചര്യഭരിതരായിരിക്കുന്നതു്. ഈ ആശ്ചര്യത്തിനു കാരണം അവർക്കു ക്രിസ്തുവിനെപ്പററി നേരത്തെയുള്ള അറിവാണു്. തങ്ങളുടെയിടയിൽ ആശാരിപ്പണി ചെയ്തു ജീവിച്ചുപോന്നിരുന്ന സാമാന്യമനുഷ്യനായ ക്രിസ്തുവിനെയും അവിടുത്തെ മാതാപിതാക്കളേയും ബന്ധുക്കളേയും അവർക്കു നല്ല പരിചയമുണ്ടു്. കേവലം സാമാന്യമനുഷ്യനെന്നു അവർക്കു നിശ്ചയമുള്ള ക്രിസ്തു പൊടുന്നനവേ ഇത്ര വലിയ ജ്ഞാനവും ശക്തിയും പ്രകടിപ്പിച്ചുകണ്ടതാണു് അവരുടെ ആശ്ചര്യത്തിനു കാരണം. എന്നാൽ അദ്ദേഹം വിദേശസഞ്ചാരം ചെയ്തു ഉപരിജ്ഞാനം സമ്പാദിച്ചു മടങ്ങിവന്ന ആളാണെന്നു അറിഞ്ഞിരുന്നെങ്കിൽ അവർ അങ്ങനെ ആശ്ചര്യപ്പെടുകയില്ലായിരുന്നു. ആ പര്യടനവും ഉപരിപഠനവുമാണു് ക്രിസ്തു പ്രകടിപ്പിച്ച ജ്ഞാനത്തിന്റെയും ശക്തിയുടെയും നിദാനമെന്നു അവരിലാരെങ്കിലും പറയുമായിരുന്നു. പറയാത്തതുകൊണ്ടു് അവരതറിഞ്ഞിട്ടില്ലെന്നു സ്പഷ്ടമാകുന്നു. അവരതു് അറിഞ്ഞിട്ടില്ലെങ്കിൽ അങ്ങനെയൊന്നുമുണ്ടായിട്ടില്ലെന്നു് അതിലുമധികം സ്പഷ്ടമാകുന്നു. നസറത്തു് എന്ന ഒരു ചെറിയ ഗ്രാമത്തിൽ ജീവിച്ചിരുന്ന ഒരു യുവാവു് വിദേശപര്യടനവും ഉപരിപഠനവും കഴിഞ്ഞു വന്നയാളാണെങ്കിൽ ആ ഗ്രാമത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കു് അതറിയാൻ കഴിഞ്ഞില്ലെന്നു വരുന്നതു് ഏററവും അസംഭാവ്യമാണു്. എന്നു മാത്രമല്ല "ഇയാൾക്കു നൽകപ്പെട്ടിരിക്കുന്ന ഈ ജ്ഞാനവും ശക്തിയും എത്രയോ വലുതു്" എന്നാണു് ആ സ്വദേശികൾ അവിടുത്തെപ്പററി പറയുക. ക്രിസ്തു ദൂരയാത്രകൊണ്ടോ മററോ ജ്ഞാനം സമ്പാദിച്ചതാണെന്നല്ല, അത്ഭുതകരമായ ഏതോ വിധത്തിൽ ദൈവത്താൽതന്നെ നൽകപ്പെട്ടതാണെന്നാണവരുടെ ആശയം. ആ ആശയമാണു് ശരിയായിട്ടുള്ളതെന്നു ക്രിസ്തുതന്നെ പല അവസരങ്ങളിൽ പരസ്യമായി പ്രഖ്യാപനം ചെയ്തിട്ടുമുണ്ടു്.

## ക്രിസ്തുവിന്റെ സാക്ഷ്യം

ഒരിക്കൽ ജറുസലം ദേവാലയത്തിൽവച്ചു—നസറത്തിലെപ്പോലെയുള്ള ഗ്രാമീണരല്ല, തലസ്ഥാനനഗരിയിലെ പണ്ഡിതന്മാരും പ്രമുഖന്മാരുമായ യഹൂദന്മാർ—ഇതേ ചോദ്യം തന്നെ ആവർത്തിച്ചു. "ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഈ മനുഷ്യനു് അക്ഷരജ്ഞാനം ലഭിച്ചതെങ്ങനെ?" ഈ ചോദ്യത്തിനു ക്രിസ്തുതന്നെ മറുപടി പറഞ്ഞു: "ഞാൻ നൽകുന്ന തത്വോപദേശങ്ങൾ എന്റെ സ്വന്തമല്ല, എന്നെ അയച്ചിരിക്കുന്ന ആളിൽനിന്നു വരുന്നതാകുന്നു." (ജോൺ VIII 14-16) തന്റെ പിതാവായ ദൈവമാണു തന്നെ ലോകത്തിലേക്കയച്ചിരിക്കുന്നതെന്നും ആ പിതാവിൽനിന്നു പഠിച്ചിട്ടുള്ളവയാണു് അല്ലാതെ മനുഷ്യരിൽനിന്നു പഠിച്ചിട്ടുള്ളവയല്ല താൻ മററുള്ളവരെ പഠിപ്പിക്കുന്നതെന്നു മാണല്ലോ ഈ മറുപടിയുടെ അർത്ഥം. ഈ വസ്തുതയ്ക്കു് കേവലംബാലനായിരിക്കുമ്പോൾ അവിടുന്നു പ്രകടിപ്പിച്ച അത്ഭുതാവഹമായ ജ്ഞാനം സാക്ഷ്യം നൽകുന്നുണ്ടു്.

ശ്രീ ജോസഫ് സൂചിപ്പിക്കുന്ന പന്ത്രണ്ടു വയസ്സിലെ ആ "ചരിത്രം" എന്താണു്? വിവാദവിഷയമായ വിദേശയാത്രയ്ക്കു മുമ്പുള്ള ചരിത്രം? പന്ത്രണ്ടാം വയസ്സിൽ ദേവാലയത്തിലേക്കു പോയ ക്രിസ്തു മാതാപിതാക്കന്മാരോടുകൂടി വീട്ടിലേക്കു മടങ്ങാതെ ദേവാലയത്തിനുള്ളിൽതന്നെ രണ്ടു ദിവസം താമസിച്ചു് "പണ്ഡിതന്മാരുടെ മദ്ധ്യേ ഇരുന്നു് അവരെ ശ്രവിക്കുകയും അവരോടു ചോദ്യങ്ങൾ ചെയ്കയും ചെയ്തു. അദ്ദേഹത്തെ ശ്രവിച്ചിരുന്ന സകലരും അദ്ദേഹത്തിന്റെ ജ്ഞാനത്തിലും ചോദ്യങ്ങളിലും ആശ്ചര്യപ്പെട്ടിരുന്നു." (ലൂ: II 41-47) ഈ സംഭവം ക്രിസ്തുവിന്റെ ജ്ഞാനം ദൈവദത്തമാണെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവത്തേയും സ്വദേശികളുടെയും മററും ബോദ്ധ്യത്തെയും ശരിവയ്ക്കുകയാണു ചെയ്യുന്നതു്.

## 12-വയസ്സു കഴിഞ്ഞു്

12-ാമത്തെ വയസ്സുമുതൽ30-ാമത്തെ വയസ്സുവരെയുള്ള ജീവിതത്തെപ്പററിയും "ആരും ഒന്നും" പറയാതിരിക്കുന്നില്ല. ലൂക്കാ സുവിശേഷകൻ പറയുന്നതു നോക്കുക: "അവിടുന്നു് അവർ (മാതാപിതാക്കൾ) ഒരുമിച്ചു മടങ്ങി നസറത്തിൽ വന്നു് അവിടെ അവർക്കു വിധേയനായി ജീവിച്ചു. ഏവം വിധം പ്രായത്തോടുകൂടിത്തന്നെ യേശു ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രസാദത്തിലും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു." (ലൂ: II 51-52) ഈ വാക്കുകളുടെ സ്വാഭാവികമായ അർത്ഥമെന്താണു്? മററു ബാലന്മാരെപ്പോലെ ക്രിസ്തുവും കായികമായും മാനസികമായും വളർച്ച പ്രാപിച്ചുവെന്നും, ജനസമ്മതനും ഈശ്വരനു പ്രിയങ്കരനുമായി അവിടെത്തന്നെ കഴിച്ചുകൂട്ടിയെന്നുമല്ലയോ? തങ്ങളുടെ ഏകപുത്രൻ വിദേശപര്യടനത്തിനൊരുങ്ങിയാൽതന്നെ മാതാപിതാക്കന്മാർ അതു സമ്മതിക്കുമായിരുന്നില്ലെന്നു തീർച്ചയാണു്. അവർക്കു "വിധേയനായി ജീവിച്ചു" ക്രിസ്തു അവർക്കു അഹിതകരമായ അത്തരമൊരു സാഹസത്തിനു മുതിർന്നിരിക്കയില്ലെന്നുംകൂടി അനുമാനിക്കാൻ പഴുതില്ലയോ?

ചുരുക്കമിതാണു്. ക്രിസ്തുവിന്റെ ദേശാന്തരഗമനത്തെ ബൈബിൾ പ്രത്യക്ഷമായി അനുകൂലിക്കുന്നില്ലെന്നുമാത്രമല്ല പരോക്ഷമായി നിഷേധിക്കുന്നുമുണ്ടു്.

## ബുദ്ധമതം പ്രസംഗിച്ചു?

"ക്രിസ്തു അവിടെ (ഇന്ത്യയിൽ) നിന്നു് ആദർശപരമായ ഏതാനും ബൗദ്ധതത്വങ്ങൾ ഗ്രഹിച്ചു് സ്വന്തം നാട്ടിൽ മടങ്ങിയെത്തി തത്വോപദേശം ചെയ്തു"വെന്നുള്ള ശ്രീ എം. സി. ജോസഫിന്റെ ഊഹത്തെപ്പററിയാണു് ഇനി നമുക്കു പരിചിന്തിക്കാനുള്ളതു്.

ഈ ഊഹവും അടിസ്ഥാനരഹിതമാണെന്നു ക്രിസ്തുവിന്റെ തത്വോപദേശങ്ങളടങ്ങിയ സുവിശേഷങ്ങളിലോ, അവയെ വിശദീകരിച്ചെഴുതിയിട്ടുള്ള അപ്പസ്തോലന്മാരുടെ ലേഖനങ്ങളിലോ ഒന്നു കണ്ണോടിക്കയെങ്കിലും ചെയ്തിട്ടുള്ളവർ സമ്മതിക്കാതിരിക്കയില്ല. ക്രിസ്തുവിന്റെ തത്വോപദേശങ്ങളിൽ, ദൈവം, മനുഷ്യാത്മാവു്, അനന്തരജീവിതം, പുണ്യപാപങ്ങൾ മുതലായി മതത്തിന്റെ ഏററവും മൗലികങ്ങളായ ഘടകങ്ങളെക്കുറിച്ചു് മനുഷ്യർക്കു സ്വയം കണ്ടുപിടിക്കാവുന്ന പ്രകൃത്യനുസൃതതത്വങ്ങളും, ക്രിസ്തു നേരിട്ടു വെളിപ്പെടുത്തിയിട്ടുള്ള പ്രകൃത്യതീതതത്വങ്ങളും ഉൾപ്പെടുന്നുണ്ടു്. ഇവയിൽ പ്രകൃത്യതീതതത്വങ്ങളൊന്നുംതന്നെ ബുദ്ധമതത്തിൽ കാണാനില്ല. പ്രകൃത്യനുസൃതതത്വങ്ങളിൽതന്നെ പലതും ബുദ്ധമതസിദ്ധാന്തങ്ങൾക്കു കടകവിരുദ്ധവുമാണു്.

## വൈപരീത്യങ്ങൾ

ഉദാഹരണമായി പുരുഷാത്മകനായ ദൈവ (Personal God)ത്തിലാണു ക്രിസ്തു വിശ്വസിച്ചിരുന്നതു്. ബുദ്ധമതത്തിനു് ദൈവത്തിന്റെ പുരുഷാത്മകത്വത്തിലെന്നല്ല ദൈവത്തിൽതന്നെ വിശ്വാസമില്ല.

ക്രിസ്തുവിശ്വസിക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുള്ള മനുഷ്യാത്മാവു് ശൂന്യതയിൽനിന്നു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണു്. ബുദ്ധമതമാകട്ടെ അമർത്യമായ ഒരു മനുഷ്യാത്മാവിൽ വിശ്വസിക്കുന്നില്ല.

ഇനി പ്രകൃത്യതീതതത്വങ്ങളെടുക്കാം. അവയിൽ പ്രധാനമായതു ക്രിസ്തുവിനെപ്പററിത്തന്നെയുള്ളതാണു്. ക്രിസ്തു ഏകവും അദ്വിതീയവുമായ അവതാരമാണെന്നും സകല മനുഷ്യരേയും പാപത്തിൽനിന്നു സമുദ്ധരിച്ചു് അവർക്കു നിത്യസൗഭാഗ്യം നൽകുന്ന ഏകരക്ഷകനാണെന്നും അവിടുന്നുതന്നെ പഠിപ്പിച്ചിട്ടുണ്ടു്. ഈ തത്വോപദേശങ്ങളോടു് ബുദ്ധമതസിദ്ധാന്തങ്ങൾക്കു എന്തു സാധർമ്മ്യമാണുള്ളതു്? ക്രിസ്തുമതം ഏകാവതാരത്തിലും ഹിന്ദുമതം ദശാവതാരത്തിലും വിശ്വസിക്കുമ്പോൾ ബുദ്ധമതം ഒരവതാരത്തിലും വിശ്വസിക്കുന്നില്ല

ക്രിസ്തു തന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പു് ശിഷ്യന്മാർക്കു നൽകിയ ഗൗരവാവഹമായ സന്ദേശത്തിൽ താൻ സ്ഥാപിച്ചിട്ടുള്ള മതം നിത്യരക്ഷയ്ക്കുള്ള ഏകമാർഗ്ഗമാണെന്നുറപ്പിച്ചുപറയുമ്പോൾ, മതാനുഷ്ഠാനങ്ങളെ ആശ്രയിച്ചല്ല തൃഷ്ണാരാഹിത്യത്തെ ആശ്രയിച്ചാണു മുക്തി ലഭിക്കുന്നതെന്നു ബുദ്ധമതം സിദ്ധാന്തിക്കുന്നു.

## തൃഷ്ണാരാഹിത്യം

ബുദ്ധമതത്തിലെ തത്വോപദേശങ്ങളിൽ സർവ്വപ്രധാനം മുൻപറഞ്ഞ തൃഷ്ണാരാഹിത്യമാണു്. ജീവിതദുരിതങ്ങളുടെ കാരണം മനുഷ്യൻ സഹജമായ തൃഷ്ണയാണെന്നും അതിനാൽ തൃഷ്ണാരാഹിത്യമാണു മുക്തിക്കുള്ള മാർഗ്ഗമെന്നുമായിരുന്നു ബുദ്ധോപദേശത്തിന്റെ സാരം. സകല തൃഷ്ണയും കൊള്ളാത്തതാണെന്നു വിധിയെഴുതുകയും അവയൊക്കെയും വേരോടെ പിഴുതുകളയേണ്ടതാണെന്നുപദേശിക്കുകയുംചെയ്തു ബുദ്ധൻ. ക്രിസ്തുവിന്റെ ദൃഷ്ടിയിലാകട്ടെ മനുഷ്യരുടെ തൃഷ്ണമുഴുവൻ സ്വതവേ കൊള്ളാത്തതല്ല. അവയ്ക്കു വിഷയീഭൂതമാകുന്ന വസ്തുക്കളുടെ ഗുണദോഷമനുസരിച്ചു് അവ ത്യാജ്യങ്ങ

---

ജീവികൾ കയറിപ്പററിയിട്ടുമുണ്ടു്. ലോകദൃഷ്ടിയിൽ നമ്മുടെ ഭരണം അവഹേളനാപാത്രമായാലെ ഭരിക്കുന്നപാർട്ടിയെ ബലഹീനപ്പെടുത്താൻ സാധിക്കൂ. അതിനവർ അണിയറയിൽ ഉററു ശ്രമിക്കുകയാണു്.

ഈ നാട്ടിൽ ഒരു വർഗ്ഗത്തേയും ഒരു ജാതിയേയും ഒരു മതത്തേയും നികുതിയിൽനിന്നു ഒഴിവാക്കിയിട്ടില്ല. സ്റ്റേററുബഡ്ജററിൽ കാണുന്ന തുക മുഴുവൻ ജാതിമതഭേദമെന്യേ സകലമാനപേരുടേയും രക്തം വിയർപ്പാക്കിയ ഇനങ്ങളിൽപ്പെട്ടതാണു്. അതിൽനിന്നെടുത്തു ഒരു മതത്തെ പുലർത്തുന്നതിനോ ഒരു പാർട്ടിയെ പോഷിപ്പിക്കുന്നതിനോ ചെലവാക്കാൻ പാടില്ലാത്തതാണു്. അതിനു നിയമത്തിന്റെ ആവശ്യമില്ല. ഭരിക്കുന്നവർക്കു ധാർമ്മികബോധമുണ്ടായിരുന്നാൽമതി. പട്ടികജാതിഹിന്ദുക്കൾക്കുമാത്രം വല്ല ആനുകൂല്യവും റിസർവുചെയ്യുന്നുണ്ടെങ്കിൽ അതു കൊടുക്കേണ്ടതു ഹൈന്ദവക്ഷേത്രങ്ങളിൽനിന്നോ ഹൈന്ദവസമുദായഫണ്ടിൽനിന്നോ ആയിരിക്കണം. പട്ടികജാതിക്കാർക്കോ വർഗ്ഗത്തിനോ വല്ല ആനുകൂല്യവും റിസർവുചെയ്തിട്ടുണ്ടെങ്കിൽ മതത്തിന്റെ പേരിൽ അതാർക്കും തടയപ്പെടാനും പാടില്ല.

പക്ഷെ ഇവിടെ ചാത്തനുണ്ടു്, മാത്തനില്ല; കോമനുണ്ടു്, തോമനില്ല; കാർത്തിക്കുണ്ടു്, കത്തറിക്കില്ല. ഇതാണു് നമ്മുടെ ജനകീയഭരണത്തിന്റെ നീതിനടത്തൽ. ഇതിനൊരറുതി വരികയില്ലേ?

---


## കേരള മരിയതീർത്ഥങ്ങൾ

(ഗ്രന്ഥകർത്താ: ററി. കെ. വക്കി, ചേർത്തല)

പരി: കന്യകാമറിയത്തിന്റെ നാമത്തിൽ അത്ഭുതാനുഗ്രഹസിദ്ധികളോടുകൂടിയ കേരളത്തിലെ സുപ്രസിദ്ധ മരിയതീർത്ഥദേവാലയങ്ങളുടെ അത്യാകർഷകവും ഹൃദയാവർജ്ജകവും ആയ ഒരു ചരിത്രവിവരണം. കഴിഞ്ഞകൊല്ലം "കർമ്മെലകുസുമം" മാസികയിലെ മരിയദേവാലയപംക്തിയിൽ തുടരെ പ്രസിദ്ധപ്പെടുത്തിയിരുന്ന ദേവാലയലഘുവിവരണങ്ങളുടെ ഒരു വികസിതരൂപം. മുട്ടം, കടുത്തുരുത്തി, പള്ളുരുത്തി (അത്ഭുതമാതാവു്), കുറവിലങ്ങാടു്, വെച്ചൂർ, വല്ലാർപാടം, കുടമാളൂർ, കൊരട്ടി, കൊടുങ്ങല്ലൂർ പള്ളിപ്പുറം, ചങ്ങനാശ്ശേരി (പാറയിൽ), ഭരണങ്ങാനം, കോഴിക്കോടു്, കല്ലൂക്കാടു്, വെട്ടികാടു് (തിരുവനന്തപുരം), തൃശ്ശൂർ, ആലപ്പുഴ (മൗണ്ടു് കാർമ്മെൽ), നാഗപ്പുഴ (തൊടുപുഴ) പള്ളികളുടെ വിവരണങ്ങൾ, അഭിവന്ദ്യവൈദികമേലദ്ധ്യക്ഷന്മാരുടെയും ഡോക്ടർ പി. ജെ. തോമസ് തുടങ്ങിയ ചരിത്രപണ്ഡിതന്മാരുടെയും പ്രശംസനീയമായ അഭിപ്രായങ്ങൾസഹിതം ഡെമ്മിസൈസിൽ 400-ൽപരം പേജുകളും എഴുപതോളം ബ്ലോക്കുകളും ഉള്ളതുമായ ഈ ഗ്രന്ഥത്തിന്റെ മുദ്രണം പൂർത്തിയായിരിക്കുന്നു. വില 2ക. 4ണ. മാത്രം.

പ്രസാധകർ

സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം

ളായോ ഗ്രാഹ്യങ്ങളായോ ഇരിക്കും. അതിനാൽ തൃഷ്ണയെ പിഴുതുകളയുകയല്ല പ്രത്യുത സദ്‌വിഷയങ്ങളിലേക്കു തിരിക്കുകയാണു വേണ്ടതെന്നു ക്രിസ്തു പഠിപ്പിച്ചു. അങ്ങനെ അനുരൂപപ്പെടുന്ന എല്ലാ തൃഷ്ണയും നല്ലതാണെന്നായിരുന്നു അവിടുന്നുപദേശിച്ചതു്. സ്വർഗ്ഗപ്രാപ്തിക്കായുള്ള തൃഷ്ണയെ അദ്ദേഹം തന്റെ ശിഷ്യന്മാരിൽ ഉത്തേജിപ്പിച്ചു. ക്രിസ്തു വരിച്ച പരമമായ ത്യാഗനിഷ്ഠതന്നെ ബുദ്ധമതവിധിപോലെ തൃഷ്ണാരഹിതമായിരുന്നില്ല. ആ ത്യാഗംമൂലം തന്റെ പിതാവായ ദൈവത്തിനു മഹത്വമുണ്ടാകണമെന്നും, തന്റെ സഹോദരരായ മനുഷ്യർക്കു നിത്യരക്ഷ ലഭിക്കണമെന്നും അവിടുത്തേക്കു തൃഷ്ണയുണ്ടായിരുന്നു. ഇതു തെളിയിക്കുന്ന ബൈബിൾ വാക്യങ്ങൾ വിസ്തരഭയത്താൽ ഉദ്ധരിക്കുന്നില്ല. ബുദ്ധന്റെ തൃഷ്ണാനിരാസമെവിടെ, ക്രിസ്തുവിന്റെ തൃഷ്ണാവിവേചനമെവിടെ?

മേല്പറഞ്ഞ കാരണങ്ങളാൽ ക്രിസ്തു വിദേശസഞ്ചാരം ചെയ്തു് ജ്ഞാനസമ്പാദനം നടത്തിയെന്നുള്ള ഊഹത്തെപ്പോലെതന്നെ അദ്ദേഹം ബുദ്ധമതതത്വങ്ങൾ സ്വന്തം നാട്ടിൽചെന്നു പ്രസംഗിച്ചെന്നുള്ള ഊഹവും നിശ്ശേഷം അടിസ്ഥാനരഹിതമാണെന്നു സുവിശേഷങ്ങൾ പരോക്ഷമായിട്ടെങ്കിലും നിസ്തർക്കമായി തെളിയിക്കുന്നുണ്ടു്. അതോടൊപ്പംതന്നെ, ക്രിസ്തുമതോപദേശങ്ങൾക്കു ബുദ്ധമതോപദേശങ്ങളോടുള്ള സാധർമ്മ്യംകണ്ടു് രണ്ടുമൊന്നാണെന്നു തെറ്റിദ്ധരിച്ചതിന്റെ ഫലമായി ക്രിസ്തുമതമവലംബിച്ച ബൗദ്ധരാണു് കേരളക്രൈസ്തവരെന്നുള്ള ഊഹത്തിനും നില്ക്കക്കള്ളിയില്ലാതെവരുന്നു. കേരളത്തിലെ അക്രൈസ്തവർ ക്രിസ്തുമതം സ്വീകരിച്ചതു് ഏതെങ്കിലും "തെറ്റായ ധാരണ"യുടെ ഫലമായിട്ടാണെന്നൂഹിക്കുന്നതിലും യുക്തിയുക്തമായിരിക്കുന്നതു് ക്രിസ്തുമതതത്വങ്ങളുടെ നവ്യതയിലും സത്യവത്വത്തിലും ആകൃഷ്ടരായി അതാണു നല്ലതെന്നുള്ള "നേരായ ധാരണ"യുടെ ഫലമായിട്ടാണെന്നു വിശ്വസിക്കുന്നതത്രേ.

ക്രൈസ്തവബൗദ്ധമതതത്വങ്ങളെ താരതമ്യംചെയ്തു പഠിക്കുന്നതിൽതന്നെ ആയുസ്സിന്റെ നല്ല ഭാഗം വിനിയോഗിച്ച മതപണ്ഡിതന്മാരും ചരിത്രകാരന്മാരുമുണ്ടു്. മേല്ക്കാണിച്ച വസ്തുതകളോടു് യോജിക്കുന്നവയായി അവരുടെ കൃതികളിൽനിന്നു ധാരാളം ഉദ്ധരിക്കാം. സ്ഥലപരിമിതിയെ പരിഗണിച്ചു് മാക്സ്മുള്ളരുടെ ഒരു വാക്യംമാത്രം ഇവിടെ പകർത്തിക്കൊള്ളുന്നു: "I have been looking in the whole of my life for historical channels through which Buddhism influenced early Christianity, but hitherto I have found none."

മൗലികമായ വ്യത്യാസങ്ങളേയും അടിസ്ഥാനപരമായ തെളിവുകളേയും അവഗണിച്ചു് ജാതിഭേദമില്ലായ്മ തുടങ്ങിയ ചില സാധർമ്മ്യങ്ങൾ രണ്ടുമതങ്ങളിലും കാണുന്നതിനെമാത്രം ആസ്പദമാക്കി അഭ്യൂഹങ്ങൾ കെട്ടിപ്പടുക്കുന്നതു് സാക്ഷാൽ യുക്തിവാദികൾക്കു ചേർന്നതാണോ?


തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

(തിരു-കൊച്ചി ഗവമ്മെണ്ടിൽനിന്നും സിദ്ധിച്ച D. Dis 8290/55-ാം നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്ന)

പുതിയ മാസക്കുറി

നറുക്കു് 1ക്കു് 100ക. 111 തവണ. 11100ക. സല.

മാസംതോറും 6-ാംനു-കളിൽ കുറിത്തവണകൾ

ഒന്നാമത്തെ നറുക്കെടുപ്പ്:— 1955 ഡിസംബർ 6-ാംനു-

കുറിയിൽ കുറഞ്ഞതു് 32-ൽ ഒരാൾ (3ക. 2ണ. യുടെ വീതം) വരെ ചേരാം.

അപേക്ഷാഫോറത്തിനും, കൂടുതൽ വിവരങ്ങൾക്കും എഴുതുക:—

TRICHUR, 21-9-1955 ) VICAR & TRUSTEE ) THE LOURDES CHURCH KURI OFFICE


ഒരു ഭാവന

# ഞാൻ നരകത്തിൽ

(ടി. എം. കരിയാക്കോസ് ബി. എ.)

അരിറേഷൻ നിന്നിട്ടു് നാൾ കുറെയായി. എന്നാലും ഇപ്പോഴും റേഷൻ നിലവിലുണ്ടു്—പണത്തിനു റേഷൻ—പണിക്കുപോലും റേഷനാണു്. പണിയുടെ അഭാവത്താലുള്ള പണത്തിന്റെ "വലിവു്"മൂലം വളരെ നാളായിരുന്നു സമൃദ്ധിയായ ഒരു ഊണു കഴിച്ചിട്ടു്. ഉള്ളതു പറഞ്ഞാൽ അങ്ങേതിലെ മാത്തുച്ചേട്ടന്റെ ശ്രാദ്ധം കഴിഞ്ഞതിൽപിന്നെ ഇന്നു് ഞങ്ങളുടെ തെക്കേതിലെ അവിരാച്ചന്റെ കല്യാണത്തിനാണു് മനസ്സമാധാനത്തോടുകൂടി വല്ലതും കഴിച്ചതു്. ഒരാഴ്ച മുമ്പേതന്നെ എന്നെ ക്ഷണിച്ചു "കുടുംബസഹിതം ചെന്നു് അനേ്വഷിച്ചു കൂടണമെന്നു്." അടുത്ത അയൽക്കാരല്ലേ. ക്ഷണിച്ചാൽ പോകാതിരിക്കാമോ, മര്യാദകേടല്ലേ. ഒരു മൂന്നുദിവസം മുമ്പേ വീടുപൂട്ടി താക്കോലരയിലും തിരുകി നമ്മുടെ ധർമ്മദാരങ്ങളേയും "ചില്ലാകളേയും"കൂട്ടി തെക്കേതിലെത്തി. ചില ചേടത്തിമാരു് ഞങ്ങളെ നോക്കി ഹാസ്യമായി ചിരിക്കുന്നതു കണ്ടു. അതുകൊണ്ടു വല്ലോം നമ്മള വിടുമോ; മൂന്നു നാലുദിവസത്തെ കൂടിയനേ്വഷണം കാര്യമായങ്ങു നടത്തി. തിങ്കളാഴ്ച ഉച്ചകഴിഞ്ഞു് സങ്കടത്തോടുകൂടിയാണെങ്കിലും സ്വല്പം സംതൃപ്തിയോടെ വീട്ടിലെത്തി. എന്റെ പ്രിയപ്പെട്ട പിതാവിന്റേതന്നെ പ്രായംവരുന്ന "ഈസിചെയർ" സബഹുമാനം വലിച്ചിട്ടു് അതിൽ ചാരിക്കിടന്നു. പണ്ടൊരു ദിവസം കടയിൽനിന്നും പരിപ്പു പൊതിഞ്ഞു കൊണ്ടുവന്ന ഒരു പത്രം കിടന്നതെടുത്തു വിടുത്തുപിടിച്ചു പാരായണം തുടങ്ങി. എന്റെ ശ്രദ്ധയെ ആകർഷിച്ചതു് "ചരമങ്ങൾ" എന്ന തലക്കെട്ടാണു്. ഒരാൾ ഹൃദയസ്തംഭനംനിമിത്തം, മറ്റൊരാൾ അപസ്മാരംമൂലം, അപരൻ ഹൃദ്രോഗം ഹേതുവായിട്ടു്. എല്ലാവരും സുബോധത്തോടുകൂടി അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു് ബന്ധുമിത്രാദികളുടെ പ്രാർത്ഥനാമദ്ധ്യേ കർത്താവിൽ നിദ്രപ്രാപിക്കുന്നതിനിടയായതിൽ ദൈവത്തിനു സ്തുതിയായിരിക്കട്ടെ. മരണവാർത്ത വായിച്ചിട്ടായിരിക്കാം എന്റെ ചിന്താമണ്ഡലത്തിൽ മോക്ഷവും നരകവുമെല്ലാം നിഴലുകൾ വിരിക്കുവാനാരംഭിച്ചു. സംതൃപ്തിയുടെ സന്താനമായ സുഷുപ്തി എന്നെയും ഗ്രസിച്ചുകളഞ്ഞു അധികതാമസമെന്യേ.

വിപ്ലവവാർഷികാഘോഷങ്ങളിൽ സംബന്ധിക്കുവാൻ ലൂസിഫറിൽനിന്നും ഒരു ക്ഷണക്കത്തു എനിക്കു കിട്ടി. എന്നെ ബഹുമാന്യാതിഥികളുടെ ഗണത്തിൽപ്പെടുത്തിയിരുന്നതിനാൽ നരകമഹാരാജ്യത്തിലെ "സ്റ്റേററു കോച്ചു"തന്നെ നിശ്ചിതദിവസം എന്റെ വീടിന്റെ പടിക്കൽ എത്തി. അംഗരക്ഷകന്മാരുടെ അകമ്പടിയോടുകൂടി ഏതെല്ലാമോ, വിചിത്രലോകങ്ങളും, പാതകളും തരണംചെയ്തു രാജ്യാതിർത്തിയിലെത്തി. നരകരാജ്യത്തിന്റെ പടിവാതുക്കൽ (Gateway of Hell) വച്ചു് സർവ്വാധിപതിയായ പ്രസിഡന്റിന്റെ മിലിട്ടറി സിക്രട്ടറി ഹസ്തദാനംചെയ്തു മാലയിട്ടു് എന്നെ സ്വീകരിച്ചു. എന്റെ ദൃഷ്ടിപഥത്തിൽ ആദ്യമായിട്ടുതന്നെ എത്തപ്പെട്ട പ്രത്യേകത സകല ചരാചരങ്ങളുടേയും നിറത്തിലുള്ള ഏകത്വമായിരുന്നു. എല്ലാം അരുണവർണ്ണമായിരുന്നു. ഞങ്ങൾ നേരെ പ്രസിഡന്റിന്റെ ഔദ്യോഗികവസതിയിലേക്കാണു തിരിച്ചതു്. കൊട്ടാരവാതുക്കൽതന്നെ പ്രസിഡന്റു് എന്നെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. അഭിവാദ്യപ്രത്യഭിവാദ്യങ്ങൾക്കു ശേഷം സമയം അതിക്രമിച്ചിരുന്നതിനാൽ ഞങ്ങൾ നേരെ വ-

For favours received



Mrs. Teresa Mathews
Addis Ababa.

ന്നശാലയിലേക്കാണു പോയതു്. മററതിഥികളെല്ലാം വന്നുചേന്നിരുന്നു നേരത്തെതന്നെ. എനിക്കു പ്രസിഡന്റിന്റെ അടുത്ത സീററുതന്നെ ലഭിച്ചു. പ്രസിഡന്റുതന്നെയാണു് പ്രാർത്ഥനാപ്രസംഗത്തിനായി എണീററതു്. സ്വായമേയുള്ള ഘനമായ സ്വരത്തെ കൂടുതൽ ഗംഭീരമാക്കിക്കൊണ്ടു് തന്റെ സമാധാനശ്രമങ്ങളെ ആദ്യമായി ഉയർത്തിക്കാണിച്ചു. ക്രിസ്തുപാർശ്വവാദികളുടെ യുദ്ധക്കൊതിയേയും സമരസംരംഭത്തേയും അങ്ങേയററം അപലപിക്കുകയുംചെയ്തു. രണ്ടു ചേരികളും തമ്മിലുളവാകാവുന്ന യുദ്ധത്തേയും, നാശത്തേയും ഇത്രയെങ്കിലും തള്ളിമാററിക്കൊണ്ടു പോകുവാൻ സാധിച്ചതു് "എന്നെ"പ്പോലുള്ള സമാധാനപ്രേമികളുടെ നിഷ്പക്ഷതാനയംമൂലമാണെന്നും സമർത്ഥിച്ചു. "മതനിഷ്പക്ഷതയേയും നന്മയേയും തിന്മയേയും സമചിത്തതയോടുകൂടി വീക്ഷിക്കുവാനുള്ള വിശാലഹൃദയത്വം ലോകരിൽ വർദ്ധമാനമായി വളരുവാനുള്ള ഞങ്ങളുടെ പരിശ്രമത്തിൽ താങ്കളെപ്പോലെയുള്ള ധീമാന്മാരുടെ പിന്തുണ പ്രത്യാശിക്കുന്നതോടൊപ്പം താങ്കൾക്കും താങ്കളുടെ രാജ്യത്തിനും മംഗളമാശംസിക്കുകയും ചെയ്യുന്നു" എന്നുപസംഹരിച്ചു. പിന്നെയും നീണ്ട നെടുങ്കൻപ്രസംഗങ്ങൾ പലതുണ്ടായിരുന്നു. മറുപടിപ്രസംഗത്തിനുള്ള അവസരമായി. ഞാൻ ഒരുതരത്തിൽ പ്രസംഗമാരംഭിച്ചു. "ക്രിസ്തുവിന്റെ സാമ്രാജ്യത്തെ മതനിഷ്പക്ഷതയും, കമ്മ്യൂണിസവും കടന്നാക്രമിക്കുന്നുണ്ടെന്നും, ജഡികാസക്തി അനിയന്ത്രിതമാംവിധം നാടുനീളെ നടമാടുന്നുണ്ടെന്നും. അങ്ങയുടെ അന്തർരാജ്യം ക്രിസ്തുവിന്റെ സാമ്രാജ്യത്തെ കീഴ്പെടുത്തിയേക്കുമോ എന്നുപോലും തോന്നത്തക്കവിധത്തിൽ അത്ര ശക്തമാണെന്നും" തട്ടിമൂളിച്ചപ്പോൾ അന്തരീക്ഷം ഭേദിക്കുമാറു കൈയടികളും ആർപ്പുവിളികളും കേൾക്കപ്പെട്ടു. അനന്തരം പ്രസിഡന്റിനും രാജ്യത്തിനും ജനങ്ങൾക്കും വിജയമാശംസിച്ചു. എന്റെ നിലപാടു് നിഷ്പക്ഷമാണെന്നറിയിച്ചുകൊണ്ടും ലൂസിഫറിന്റേയും കൂട്ടരുടേയും സമാധാനപരിശ്രമങ്ങൾക്കു് സകലവിധ പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ടും ഞാൻ ഉപസംഹരിച്ചു. ഏകദേശം അഞ്ചുമണിക്കൂർ ദീർഘിച്ച വിരുന്നിനുശേഷം രാജ്യം കാണുവാൻ മാർഗ്ഗദർശകരോടൊത്തു പുറപ്പെട്ടു.

എവിടെയും കൊടുംയാതന നടമാടിയിരുന്നു. ദാരിദ്ര്യം സാമാന്യജനങ്ങളിൽ നിരാശ നിഴലിപ്പിച്ചിരുന്നു. എവിടെ നോക്കിയാലും എല്ലുന്തി, കവിളൊട്ടി, കണ്ണുകുണ്ടിലാണ്ട പ്രാകൃതജീവികൾ. ജനങ്ങളെയെല്ലാം പല ഗ്രൂപ്പുകളായി തിരിച്ചിരുന്നു. ഓരോ ഗ്രൂപ്പിനും പ്രത്യേകം കാവൽക്കാരുമുണ്ടായിരുന്നു. കമ്പിവേലികൾ ഓരോ വിഭാഗത്തിനുമിടയിലുറപ്പിച്ചിരുന്നു. എല്ലാ സ്ഥലത്തും ചുററിനടന്നു കണ്ടു ഞാൻ. എന്റെ ശ്രദ്ധയെ ഏററവും ആകർഷിച്ച ഗ്രൂപ്പു് നാരകീയ ജനപദങ്ങളുടെ ഏകദേശം എൺപതു ശതമാനം വരുന്ന വമ്പിച്ച ഒന്നായിരുന്നു. ആ ഗ്രൂപ്പിൽ പട്ടാടയുടുത്തു കണ്ണഞ്ചിക്കുന്ന കനകാഭരണങ്ങൾ അണിഞ്ഞ യുവസുന്ദരിമാരുണ്ടായിരുന്നു. നമ്മുടെ കോളേജു കുമാരന്മാരുടെ തനിമോഡലിൽ ഗാംഭീര്യമുള്ള മീശയാലലംകൃതരായ സുമുഖന്മാരെകണ്ടു. ലോകായതികത്വത്തിൽനിന്നും വിമുക്തി നേടിയെന്നഭിമാനിച്ചിരുന്ന സന്യാസികളേയും അവിടെ കാണാതിരുന്നില്ല. ഇത്രയും സമ്മിശ്രമായ മറെറാരു ഗ്രൂപ്പു് അവിടെ കണ്ടില്ല. ധനവാന്മാർ മാത്രമല്ല, ദാരിദ്ര്യക്ലേശമനുഭവിച്ചിരുന്നവരും അവിടെയുണ്ടായിരുന്നു. "പണ്ടു പള്ളി കുത്തുവാൻ വന്നപ്പോൾ പോലും പള്ളിക്കൂടത്തിന്റെ വരാന്തയിൽ കയറാതെ ചായക്കടയിൽ ചാടിക്കയറി" രക്ഷപെട്ട ആ നിരക്ഷരകുക്ഷി മുതൽ ലോകത്തിലുള്ള സർവ്വകലാശാലകളിലെ സകല ബിരുദങ്ങളും നേടിയിട്ടുണ്ടായിരുന്ന പണ്ഡിതപ്രവീരന്മാരും അവിടെ സന്നിഹിതരായിരുന്നു. കർഷകനേയും, കച്ചവടക്കാരനേയും കനകാഭരണശാലക്കാരനേയും, കൂലിപ്പണിക്കാരനേയും, കൺട്രാക്ടറേയും, സബ് കൺട്രാക്ടറേയും, എൻജിനീയറേയും, മേസ്തിരിയേയും, കുഞ്ഞിനേയും, കിഴവനേയും, കിഴവിയേയും, കോൺഗ്രസ്സുകാരനേയും, കമ്മ്യൂണിസ്റ്റുകാരനേയും, പി. എസ്. പി. തുടങ്ങിയ മറ്റെല്ലാ എസ്. പി. ക്കാരേയും ദർശിക്കുവാൻ സാധിച്ചു ആ വലയത്തിനുള്ളിൽ. ഞങ്ങൾ വീണ്ടും ചുററിനടക്കുന്നതിനിടയിൽ ഒരു ജിജ്ഞാസു തള്ളിക്കയറിവന്നു് എന്നോടു ചോദിക്കുകയാണു്: "പനമ്പള്ളി മന്ത്രിസഭ മാറിയോ? മന്ത്രിസഭ പൊട്ടിയാൽ പിന്നെ എന്തുഭരണം നിലവിൽ വരുമെന്നാണു അങ്ങയുടെ അഭിപ്രായം?" ഇത്രയും ചോദിച്ചപ്പോഴേക്കും എന്റെ മാർഗ്ഗദർശി കൈയിലുണ്ടായിരുന്ന കുന്തം കൊണ്ടു കുത്തി പിമ്പിലേക്കു തള്ളിനീക്കി ആ വിദ്വാനെ. അദ്ദേഹം ഒരു പത്രപ്രവർത്തകനായിരുന്നു ജീവിതകാലത്തു് എന്നൂഹിക്കുവാൻ അധികസമയം വേണ്ടിവന്നില്ല എനിക്കു്. ഇഹത്തിൽനിന്നു എങ്ങിനെയോ കടത്തിക്കൊണ്ടുപോയ "സ്റ്റെതസ്കോപ്പു്" കഴുത്തിൽ തൂങ്ങിയ ഒരു സൂത്രശാലിയും അവരുടെയിടയിലുണ്ടായിരുന്നു. ഇത്രവൈവിധ്യമുള്ള ബൃഹത്തായ ഗ്രൂപ്പു ഏതാണു എന്നു് അറിയുവാനുള്ള ഉൽക്കണ്ഠയോടുകൂടി കണ്ടാൽ സൗമ്യനായ ഒരു സുന്ദരനെ സമീപിച്ചു ഞാനാരാഞ്ഞു: "എങ്ങിനെ ഈ പാരാവിൽ വന്നുപററിസ്സ്നേഹിതാ?" അതിനുത്തരമെന്നോണം അദ്ദേഹം അടുത്തുനിന്ന ഒരു കോമളാംഗിയെ നോക്കി പല്ലിറുമ്മുകയാണു ചെയ്തതു്. ആവായും ഷോളും ധരിച്ചു നല്ലൊരു നേതാവിന്റെ കലയുള്ള ഗംഭീരനായ ഒരു പുരുഷന്റെ അടുത്തു ചെന്നു് കുശലമാരാഞ്ഞു. അദ്ദേഹവും ഞങ്ങളെ എവിടെയോനോക്കി മുറുമ്മുകയാണു് ചെയ്തതു്. ഞാൻ വീണ്ടും അധികം അകലത്തല്ലാതെ, നിരാശയാൽ തല കുനിച്ചു് വെറുപ്പും വിദേ്വഷവും തിങ്ങി വിങ്ങിയ മുഖഭാവത്തോടുകൂടി നിന്നിരുന്ന ഒരു "തറവാടി"യായ കള്ളമൊഴിയാളെ സമീപിച്ചു് അധഃപതനകാരണം ആരാഞ്ഞു. ഓമലാൾ വദനം അല്പമൊന്നുയർത്തി പ്രത്യുത്തരിച്ചു: "കോളജിലായിരുന്നപ്പോൾ സഹപാഠിയായ ഒരു മോഹനന്റെ നോക്കും, വാക്കും, ഭാവവുമെല്ലാം യഥാർത്ഥപ്രേമമായിക്കരുതിയ ഞാൻ ആ ദുഷ്ടന്റെ വഞ്ചനയിൽ അകപ്പെട്ടു പാപിനിയായി സുഖഭോഗങ്ങളിൽ മാത്രം മനസ്സുവച്ചു് കാലം കഴിച്ചുകൂട്ടിയതിന്റെ ഫലമായി ഞാൻ ഇവിടെ വന്നെത്തി."

"അയ്യോ, അങ്ങനെയോ?" എന്ന എന്റെ ചോദ്യം സ്വല്പം സ്വരത്തിലായിപ്പോയി. "ആണ്ടേ! അമ്മച്ചീ, അപ്പച്ചൻ പിച്ചുംപേയും പറയുന്നേ" എന്നു് വിളിച്ചു കൂവിക്കൊണ്ടുള്ള കുഞ്ഞോമനകളുടെ കിലുകിലെയുള്ള ചിരി എന്നെ നരകത്തിൽനിന്നും വീണ്ടും ഭൂമിയിലാക്കി.

## പ്രശസ്തവിജയം



റവ. സിസ്റ്റർ ലിസിയാ

സ്തുത്യർഹമായി ആതുരസേവനം നിർവ്വഹിച്ചുവരുന്ന ചുണങ്ങംവേലിയിലെ അഗതികളുടെ സഹോദരിമാരുടെ സഭയിലെ ഒരംഗമായ ഈ സഹോദരി എറണാകുളം ഗവർമ്മെന്റു നേഴ്സിങ്ങ് സ്കൂളിൽ 4 കൊല്ലത്തെ പരിശീലനാനന്തരം നേഴ്സിങ്ങ് പരീക്ഷയിൽ പ്രശസ്തവിജയം വരിച്ചു ഗോൾഡ് മെഡൽ കരസ്ഥമാക്കിയിരിക്കുന്നു.

# വിവിധവൃത്താന്തങ്ങൾ

## പരിശുദ്ധപിതാവിനു പാക്കിസ്ഥാൻെറ നന്ദിപ്രകടനം

പാക്കിസ്ഥാനിൽ ഈയിടെയുണ്ടായ വെള്ളപ്പൊക്കംമൂലം കഷ്ടപ്പെടുന്ന ജനവിഭാഗത്തിൻെറ സഹായത്തിനായി പരിശുദ്ധമാർപ്പാപ്പ 50,000ക അയച്ചുകൊടുത്തിരിക്കുന്നു. പ്രസ്തുത ജനങ്ങൾക്കവേണ്ടി കഴിഞ്ഞ മൂന്നുകൊല്ലത്തിനിടയിൽ ഇതു മൂന്നാമത്തെ സംഭാവനയാണു്. സംഭാവനയെ കൃതജ്ഞതാപൂർവ്വം സ്വീകരിച്ചുകൊണ്ടു് പാക്കിസ്ഥാൻ ഗവണ്ണർ ജനറൽ മേജർജനറൽ സിക്കന്തർ മിർസാ ഇപ്രകാരം പരിശുദ്ധപിതാവിനെഴുതി:- "അങ്ങെ കരുണാപൂർവ്വകമായ സഹതാപപ്രകടനസന്ദേശം അത്യധികമായി എൻെറ ഹൃദയത്തെ സ്പർശിച്ചിരിക്കുന്നു......പാക്കിസ്ഥാൻ ഗവമ്മേണ്ടും ജനതയും ഒത്തുചേർന്നു അങ്ങേ കരുണാപൂർവ്വകമായ പ്രാർത്ഥനകൾക്കു ഹൃദയംഗമമായ കൃതജ്ഞതപ്രകടമാക്കിക്കൊള്ളട്ടെ."

## പേപ്പൽ നൺഷിയോ സാൻബ്ളാസ് ദ്വീപുകളിൽ

പനാമാ കടലിടുക്കിൽ തീരപ്രദേശത്തോടടുത്തു സ്ഥിതിചെയ്യുന്ന സാൻബ്ളാസ് ദ്വീപസമൂഹം ക്കുനാസ് എന്ന ഒരു വർഗ്ഗക്കാർ അധിവസിക്കുന്ന സ്ഥലമാണു്. അവർ മദ്ധ്യഅമേരിക്കയിലെ ആദ്യനിവാസികളായ മയാസ് വർഗ്ഗക്കാരുടെ സന്താനങ്ങളാണു്. ഈ ദ്വീപസമൂഹത്തിൽ 400-ൽപരം ദ്വീപുകളുണ്ടെങ്കിലും 45 എണ്ണത്തിൽ മാത്രമേ ജനവാസമുള്ളു. ക്കുനാസ് വർഗ്ഗത്തിൽപെട്ട 20,000ത്തോളം ആളുകളുണ്ടു് അവിടെ. 17-ാംനൂററാണ്ടിലാണു് ജെസ്വീററു് മിഷണറിമാർ അവിടെ ക്രിസ്തുമതം പ്രസംഗിച്ചതു്. ഇവിടെയുള്ള പ്രധാനപ്പെട്ട ദ്വീപുകളെ ഈയിടെയാണു് ഇദംപ്രഥമമായി മാർപ്പാപ്പായുടെ ഒരു പ്രതിനിധി സന്ദർശിച്ചതു്. കോസ്റ്റാറിക്കായുടേയും പനാമയുടേയും പേപ്പൽ നൺഷിയോയായ ആർച്ചുബിഷപ്പ് ബർണീയെയാണു് മാർപ്പാപ്പായുടെ പ്രതിനിധിയായി ഈ സന്ദർശനം നിർവ്വഹിച്ചതു്. സീപ്ലെയിനിൽ തിരുമേനി ആ ദ്വീപുകളിലേക്കു പോയി.

## പാദ്രെ പിയോ ആതുരാലയം പണിയുന്നു

"പഞ്ചക്ഷത"ക്കാരനായ വിശ്വവിഖ്യാതകപ്പൂച്ചിൻ വൈദികനാണല്ലോ പാദ്രെ പിയോ. അദ്ദേഹത്തിനു ഇപ്പോൾ 68 വയസ്സു കഴിഞ്ഞു. ഇററലിയിൽ ഫൊഗ്ഗായ്ക്കടുത്തു സാൻ ജിയോവാന്നി റോത്തോൻഡോയിലാണു് അദ്ദേഹം താമസിക്കുന്നതു്. അനുവർഷം ഈ അത്ഭുതമനുഷ്യനെ കാണുവാൻ സന്ദർശകർ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ആ പുണ്യപുരുഷൻ ഇപ്പോൾ ആതുരക്കാലംബം നൽകുന്നതിനുള്ള ഒരു ആശുപത്രിപണിയിൽ ഏർപ്പെട്ടിരിക്കുകയാണു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിനയച്ചുകൊടുക്കുന്ന ധാരാളമായ ധനസഹായങ്ങൾകൊണ്ടു് നിരവധി കെട്ടിടങ്ങൾ പണുയർത്തപ്പെടുന്നു. പണികഴിയുമ്പോൾ യൂറോപ്പിലെ ഒരു ഒന്നാംകിട ആശുപത്രിയായിരിക്കും അതെന്നു പറയപ്പെടുന്നു.

## ആംഗ്ലേയവൈദികർ കത്തോലിക്കാ സഭയിലേക്കു്

ആംഗ്ലേയസഭയുടെ അടുത്തകാലത്തെ ഒരു തീരുമാനംമൂലം ആ സഭയിൽ തുടരുവാൻ മാനസികമായ വിഷമം അനുഭവിക്കുന്ന രണ്ടായിരത്തോളം പ്രോട്ടസ്റ്റൻറു വൈദികരോടു് കത്തോലിക്കാസഭയിൽ ചേരുവാൻ, ഗ്രിഗോരിയൻ സർവ്വകലാശാലാ ഡീൻ ആയ റവ. ഫാദർ ചാൾസ് ബയർ എസ്. ജെ. ആഹ്വാനം ചെയ്തിരിക്കുന്നു. യൂനിത്താസ് എന്ന മാസികയിലാണു് ഈ ആഹ്വാനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്.

ദക്ഷിണേൻഡ്യയിലെ പ്രോട്ടസ്റ്റൻറു് സഭകളുടെ ഐക്യത്തെ അനുകൂലിക്കുകയും ആ ഐക്യസഭയിലെ ബിഷപ്പന്മാരേയും വൈദികരേയും അംഗീകരിക്കുകയും ചെയ്യുന്നതായി ആംഗ്ലേയസഭ നിശ്ചയംചെയ്തതിനെ ആംഗ്ലേയസഭയിലെ വൈദികർ പ്രതികൂലിക്കുകയാണു ചെയ്തിരിക്കുന്നതു്. ക്രിസ്തുമസ്സിനുമുൻപു് ഇവരിൽ പലരും കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതാണെന്നു് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

## പാപ്പുവൻ ആശുപത്രിയിൽ ആയിരം ശിശുക്കൾ ജനിച്ചു

നാലു കൊല്ലങ്ങൾക്കു മുമ്പാണു് പോർട്ടു മോറസ്ബിക്കടുത്തു് കോക്കി എന്ന സ്ഥലത്തു സെൻറു് മരിയെ തെരേസാ ആശുപത്രി ആരംഭിച്ചതു്. അപരിഷ്കൃതരായ പാപ്പുവാജനതയ്ക്കു പ്രസവശുശ്രൂഷയും ശിശുസംരക്ഷണവും വലിയ ഒരു വിഷമപ്രശ്നമായിരുന്നു. ഒരു പ്രസവത്തിൽ ഒന്നിലധികം കുട്ടികൾ ഉണ്ടായാൽ അവയുടെ ഗതി മിക്കവാറും മരണംതന്നെയായിരുന്നു. ദുർബ്ബലരായ ശിശുക്കളെ ശുശ്രൂഷിക്കുന്നതിനു അറിവില്ലാതിരുന്നതുകൊണ്ടു് ഒന്നിലധികം കുട്ടികളെ പ്രസവിക്കുകയാണെങ്കിൽ അവയെ ഉപേക്ഷിച്ചുകളയുകയായിരുന്നു പതിവു്. ഇന്നാകട്ടെ ഇരട്ടയും മുച്ചയും കുട്ടികളെ പ്രസവിക്കുന്ന മാതാക്കളുടെ സംഖ്യയിൽ ഈ ആശുപത്രി ഒന്നാംകിടയിൽ നില്ക്കുന്ന ഒരു സ്ഥാപനമായിത്തീർന്നിരിക്കുന്നു. 1000-ാമത്തെ ശിശു അവിടെ ഈയിടെ ജനിച്ചു. വൃത്തിയായ വാർഡുകളിൽ നീലച്ചായമിട്ട ഭിത്തികളിൽ പുഷ്പലതാദികൾ പ്രതിഫലിക്കുന്നതിനിടയിൽ കുട്ടിക്കട്ടിലുകളിൽ കൊതുവലകളിൽ ഉണ്ണികൾ കിടന്നുല്ലസിക്കുന്നതു കണ്ടു പാപ്പുവൻ മാതാക്കളുടെ ഹൃദയങ്ങൾ കോരിത്തരിക്കുകയാണു്. ഓസ്ട്രേലിയായിൽനിന്നു യുദ്ധസാഹചര്യങ്ങളിൽ സഹോദരികൾ രക്ഷാസങ്കേതങ്ങളിലേക്കു നീക്കംചെയ്യപ്പെട്ടപ്പോൾ സിസ്റ്റർ അന്നററാ ഇവിടെ സൂതികർമ്മിണികളെ പരിശീലിപ്പിക്കുന്നതിനു തുടങ്ങി. ആ പ്രാരംഭത്തിൻെറ വികസനമാണു് ബൃഹത്തായ ഈ ആശുപത്രി. ഇവിടെ ഇപ്പോൾ പാപ്പുവൻ യുവതികൾക്കു നഴ്സിങ്ങ് പരിശീലനം നൽകിപ്പോരുന്നുണ്ടു്.

## കർദ്ദിനാൾ മിൻസെന്തിയുടെ വാസസ്ഥലം

കഴിഞ്ഞ ജൂലൈമാസത്തിൽ സ്വതന്ത്രനാക്കപ്പെട്ടു എന്നു പ്രഖ്യാപിക്കപ്പെട്ട കർദ്ദിനാൾ മിൻസെന്തി ഇപ്പോഴും യഥാർത്ഥത്തിൽ സ്വതന്ത്രനല്ല. മുമ്പു വെസ്പ്രം രൂപതവകയായിരുന്നതും 1946-ൽ കമ്മ്യൂണിസ്റ്റുകൾ കണ്ടുകെട്ടി അപഹരിച്ചതുമായ "പസ് പൊക്ലൊൻറു് ലാസ്ലോ" വിനടുത്തുള്ള ഒരു ചെറുഭവനത്തിലാണു് അദ്ദേഹം താമസിപ്പിക്കപ്പെട്ടിരിക്കുന്നതു്. അതു റെയിൽവേസ്റ്റേഷനിൽനിന്നും വളരെ ദൂരത്തിലാണു് സ്ഥിതിചെയ്യുന്നതു്. ടെലഫോൺ ബന്ധമില്ല. തന്മൂലം മററു ജനവിഭാഗത്തിൽനിന്നു ഒററപ്പെട്ടു് വാസ്തവത്തിൽ ഒരു ബന്ധനസ്ഥനെപ്പോലെയാണു് തിരുമേനി കഴിഞ്ഞുകൂടുന്നതു്.

## 13 ഇററാലിയൻ തടവുകാർ മോചിതരായി

കമ്മ്യൂണിസ്റ്റു് അൽബേനിയായിൽനിന്നു മോചിതരായ 13 ഇററാലിയൻ തടവുകാർ ബ്രിണ്ടിസിയത്തിൽ എത്തിയിരിക്കുന്നു. അവരിൽ ഒരാളാണു് 50 വയസ്സു പ്രായമുള്ള ജിയാക്കോമോ ഗാർഡിൻ എന്ന ജെസ്യൂട്ടു് വൈദികൻ. അദ്ദേഹം കത്തോലിക്കാ യുവാക്കന്മാരെ സംഘടിപ്പിച്ചു എന്ന കാരണം ചുമത്തി ഖനികളിൽ നിർബ്ബന്ധിതജോലിക്കു് 6 കൊല്ലത്തേക്കു വിധിക്കപ്പെട്ടിരിക്കുകയായിരുന്നു.

## ഫാത്തിമാ ബസിലിക്കായിൽ ഇംഗ്ലീഷുകാരുടെ അൾത്താര

ഫാത്തിമാബസലിക്കായിൽ, മാതാവിൻെറ ദർശനഭാഗ്യം സിദ്ധിച്ച ജസിന്തായുടെ മൃതദേഹം സംസ്കരിച്ചിട്ടുള്ള "മംഗലവാർത്ത"യുടെ കപ്പേളയിൽ ബ്രിട്ടീഷുകാരുടെ വകയായി ഒരൾത്താര പണികഴിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഇംഗ്ലണ്ടിലേയും വെയ്ൽസിലേയും മെത്രാന്മാർ ചേർന്നു അതിൻെറ ചിലവിലേക്കു വേണ്ട സംഖ്യ സംഭാവന ചെയ്യുന്നതിനു ഒരഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുകയാണു്. അൾത്താര ഇംഗ്ലീഷ്ജനതയ്ക്കു് ഫാത്തിമാനാഥയോടുള്ള ഭക്തിയുടെ മാത്രമല്ല കഴിഞ്ഞ ലോകമഹായുദ്ധം വിജയപൂർവ്വം പര്യവസാനിച്ചതിൽ അവർക്കു ഫാത്തിമാനാഥയോടുള്ള കൃതജ്ഞതയുടേയും ഒരു സ്മാരകമായിരിക്കുന്നതാണു്. ഡങ്കിർക്കിലെ വിപൽക്കരമായ സമരഘട്ടത്തിൽ പോർത്തുഗലിലെ ബ്രിട്ടീഷ് കോളനിയിൽനിന്നും പരിശുദ്ധ കന്യകയുടെ സഹായം രാജ്യത്തിനുണ്ടാകുന്നതിനും നീതിപൂർവ്വകവും സുസ്ഥിരവുമായ ഒരു സമാധാനം ലഭിക്കുന്നതിനും ഫാത്തിമായിലേക്കു ഒരു തീർത്ഥാടനം നടത്തുകയുണ്ടായതും സ്മരണീയമാണു്.

—o—





## മേലാർകോടുപള്ളി തൃശ്ശൂർരൂപതയെ ഏല്പിച്ചു

അതിർത്തിനിബന്ധനകൾമൂലം കോയമ്പത്തൂർ രൂപതയുടെ ഭരണത്തിൻകീഴിൽ 58 കൊല്ലത്തോളം കഴിഞ്ഞുകൂടിയ മേലാർകോടു് സിറിയൻക്രിസ്ത്യാനികളുടെ ഇടവകപ്പള്ളി പുതിയ ഡിക്രിയനുസരിച്ചു് തൃശ്ശിവപേരൂർ രൂപതാദ്ധ്യക്ഷനെ ഏല്പിക്കുന്ന ചടങ്ങുകൾ സാഘോഷം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. തൃശ്ശിവപേരൂർ, കോയമ്പത്തൂർ എന്നി രൂപതകളിലെ വന്ദ്യ തിരുമേനിമാർ ഒക്ടോബർ 23-ാംനു ഞായറാഴ്ച വൈകുന്നേരം 4 മണിക്കു് സ്ഥലത്തെത്തിച്ചേർന്നു. ഇടവകജനങ്ങളും സ്ഥലവാസികളുംചേർന്നു വന്ദ്യ തിരുമേനിമാരെ ആഡംബരപൂർവ്വം സ്വീകരിച്ചു. അനന്തരം തൃശ്ശൂർമെത്രാൻ ഔദ്യോഗികവിസിത്താ പരിപാടികൾ നടത്തി. പരിശുദ്ധ കർബാനയുടെ വാഴ്വു്, കുട്ടികൾക്കുള്ള മുമ്പിലത്തെ ഒപ്രുശുമ എന്നി തിരുകർമ്മങ്ങൾക്കുശേഷം ഇടവകസിമിത്തേരി വെഞ്ചരിച്ചു. അതിനുശേഷം കുററിക്കാടൻ ശ്രീ ലോനപ്പൻ അന്തോണി സ്വന്തചിലവിൽ പള്ളിക്കുവേണ്ടി പണിചെയ്യിച്ചിട്ടുള്ള മണിമാളിക മൊററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു് വെഞ്ചരിച്ചു.

അഭിവന്ദ്യതിരുമേനിമാരെ അനുമോദിക്കുന്നതിനുള്ള വമ്പിച്ച പൊതുയോഗമാണു് പിന്നീടു നടന്നതു്. മൊററു് റവ. ഡോക്ടർ ആലപ്പാട്ടു് തിരുമേനി അദ്ധ്യക്ഷതവഹിച്ചു. മൊററു് റവ. മോൺ: സെബാസ്റ്റ്യൻ ജെ. ഡി. യു. മുതലായ അനവധി പ്രശസ്തവൈദികരും ഷെവ: ജോസഫ് പെട്ട, ഷെവ: അഗസ്റ്റിൻ അക്കര എന്നി മാടമ്പികളും പ്രത്യേകസ്ഥാനങ്ങളിൽ ഇരുന്നിരുന്നു. പ്രാർത്ഥനാനന്തരം മേലാർകോട്ടു് ഇടവകവികാരി എ. പെ. ബ. ഫാദർ സഖറിയാസ് വാഴപ്പിള്ളി ഡി. ഡി. (Charge de affairs) സ്വാഗതപ്രസംഗംചെയ്തു. സി. ടി. കൊച്ചൗസേപ്പു്, കെ. ഡി. മാത്യു ബി. എ., എന്നിവർ യഥാക്രമം മലയാളം, ഇംഗ്ലീഷ് എന്നി ഭാഷകളിൽ ഓരോ മംഗളപത്രം വായിച്ചു തിരുമേനിമാർക്കു സമർപ്പിച്ചു. കോയമ്പത്തൂർ രൂപതാദ്ധ്യക്ഷൻ മംഗളപത്രത്തിനു മറുപടി പറയുകയും ഇടവകയെ തൃശ്ശിവപേരൂർ രൂപതാദ്ധ്യക്ഷനെ ഏല്പിച്ചിരിക്കുന്നതായി പ്രഖ്യാപിക്കുകയുംചെയ്തു. ഷെവ: ജോസഫ് പെട്ട അവർകൾ സന്ദർഭോചിതമായ ഒരു പ്രസംഗംചെയ്തു. കെ. ഡി. മാത്തപ്പൻ (തഹസിൽദാർ) നന്ദിപറഞ്ഞു. യോഗാനന്തരം വി. റപ്പായേൽ മാലാഖായുടെ തിരുനാൾകർമ്മങ്ങൾ സാഘോഷം നടത്തപ്പെട്ടു.

—o—



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, NOVEMBER 2 || No. 13

## സ്കൂൾമാനേജരന്മാരുടെ അവകാശസംരക്ഷണം

പ്രൈവററ് സ്കൂൾ മാനേജരന്മാരുടെ അവകാശാധികാരങ്ങൾ ആദരിക്കപ്പെടുന്നില്ല എന്നുള്ള മുറവിളി ഇന്ത്യയിലെവിടെയും പ്രത്യേകിച്ചു നമ്മുടെ സംസ്ഥാനങ്ങളിലും മുഴങ്ങുവാൻ തുടങ്ങിയിട്ട കാലം കുറെയായിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിന്റേയും അദ്ധ്യാപകവൃന്ദത്തിന്റേയും ഇടയിൽ അവരുടെ കർത്തവ്യനിർവ്വഹണത്തെ സൗകര്യപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ അഭിവൃദ്ധിയെ ലക്ഷ്യമാക്കി നിസ്വാർത്ഥസേവനമനുഷ്ഠിക്കുന്നതിനും ബദ്ധകങ്കണരായ ഇക്കൂട്ടർ സാമാന്യേന അവരുടെ പ്രവർത്തനരംഗത്തിൽ നിരാധാരരായ മട്ടിലാണ് പല കാരണങ്ങളാലും കഴിഞ്ഞുകൂടേണ്ടി വന്നിരിക്കുന്നതു്. അധികാരപ്രമത്തരായ ചില ചെറുകിട ഉദ്യോഗസ്ഥന്മാർ അവരുടെമേൽ കുതിരകയറുന്ന ദാരുണസംഭവങ്ങൾ വിരളമല്ല. ഡിപ്പാർട്ടുമെൻറും മാനേജുമെൻറും അദ്ധ്യാപകവൃന്ദവും ഒത്തൊരുമിച്ചു ശ്രമിച്ചാൽതന്നെയും ഫലപ്രദമായ വിദ്യാദാനം നിർവ്വഹിക്കുവാൻ നൂറുകൂട്ടം പ്രതിബന്ധങ്ങൾ അടിക്കടി വന്നുചേർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു അവർ തമ്മിൽ അധികാരവടംവലിക്കും സ്വേച്ഛാപ്രമത്തതയ്ക്കുംവേണ്ടി തന്ത്രങ്ങളും ഉപജാപങ്ങളും ഉണ്ടാക്കുന്നതിനു മുതിരുകയാണെങ്കിൽ അതു വിദ്യാഭ്യാസത്തിന്റെ ഭാവിയെ സാരമായി ഉലയ്ക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കാതെ നിവൃത്തിയില്ല. മാനേജുമെൻറിന്റെ അധികാരാവകാശങ്ങളെ ആദരിക്കേണ്ടതിന്റെ ന്യായാന്യായതകൾ വിശദീകരിച്ചു മദ്രാസ് ഹൈക്കോടതി ഈയിടെ പ്രഖ്യാപിച്ചിട്ടുള്ള ഒരു വിധിത്തീർപ്പ് എല്ലാവർക്കും മാർഗ്ഗദർശകമായിരിക്കുന്നുണ്ട്. അതു സംബന്ധിച്ചു മദ്രാസിലെ ന്യൂലീഡർ പത്രം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിശദമായ ഒരു മുഖപ്രസംഗം ശ്രദ്ധാർഹമാണ്. അതിപ്രകാരമാണ്:-

"ഈയിടെമാത്രം ഞങ്ങളുടെ ശ്രദ്ധയ്ക്കു വിഷയമാക്കപ്പെട്ടതും ഞങ്ങൾ അന്യത്ര പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ മദ്രാസ് ഹൈക്കോടതിയുടെ അതിപ്രധാനമായ ഒരു വിധിതീർപ്പ്, നമ്മുടെ സ്റ്റേററിലുള്ള എല്ലാ പ്രൈവററുസ്കൂൾമാനേജുമെൻറുകൾക്കും പ്രത്യാശയും സമാശ്വാസവും നൽകുന്നതിനു പോരുന്നതത്രെ. സ്വേച്ഛാപ്രമത്തവും ജനകീയവിരുദ്ധവുമായ ഒരു ഗവർമ്മേണ്ടുത്തരവിന്റെ ഫലങ്ങളെ അതു റദ്ദു ചെയ്യുകയാണ്. ഈ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ വളരെ നിരുത്തരവാദപരമായ കല്പനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തന്മൂലം അവർക്കറിവിൽപെട്ടിട്ടുള്ള വിധത്തിൽ മദ്രാസ് വിദ്യാഭ്യാസനിയമങ്ങൾ അനുസരിക്കുകയും നീതിപൂർവ്വകമായ തത്വങ്ങൾ അനുഷ്ഠിക്കുകയും ചെയ്തുപോന്ന മാനേജരന്മാർക്കു അനാവശ്യമായ വിഷമതകൾ മാത്രമല്ല വളരെ പണച്ചിലവും ഒഴിയാത്ത തലവേദനയും ഉളവാക്കിയിട്ടുണ്ട്.

"പ്രകൃതത്തിലെ കേസ്", നല്ല അടിസ്ഥാനമുള്ളതും നീതിപൂർവ്വകവും ഗൗരവവുമായ കാരണങ്ങളാൽ ഒരദ്ധ്യാപകനെ ജോലിയിൽനിന്നു പിരിച്ചുവിട്ട ഒരു എയ്ഡഡ്സ്കൂൾ മാനേജരെ സംബന്ധിച്ചുള്ളതാണ്. കമ്മ്യൂണിസ്റ്റു പാർട്ടിയിലെ അംഗമായിരുന്ന് അദ്ധ്യാപകനെ മൂന്നുമാസത്തെ മുൻകൂട്ടിയുള്ള നോട്ടീസിനുശേഷം അദ്ദേഹം പിരിച്ചുവിട്ടു. ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ അദ്ധ്യാപകനെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കണമെന്നു മാനേജർക്കു നിർദ്ദേശംനൽകി. ഈ ഉത്തരവു മാനേജർ സ്വീകരിക്കാതിരുന്നതുകൊണ്ട് സ്കൂളിന്റെ അംഗീകാരം പിൻവലിച്ചു. ഇതു സംബന്ധിച്ചാണ് ഇപ്പോൾ ഹൈക്കോർട്ടുവിധിയുണ്ടായിരിക്കുന്നതു്. എലമെൻട്രി എഡ്യൂക്കേഷൻ ആക്ടനുസരിച്ച് ഒരു സ്കൂൾമാനേജരുടെ അധികാരങ്ങൾ ദുർബലപ്പെടുത്തുന്നതിനു ഒരു ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഉദ്യോഗസ്ഥനു അധികാരമില്ലെന്നും, ഇതിനുവേണ്ട അധികാരം ഒരു ഗവർമ്മെൻറ് ഓർഡർകൊണ്ടുമാത്രം ആ ഉദ്യോഗസ്ഥനു ലഭിക്കുന്നതല്ലെന്നുമാണ് വിധിച്ചിരിക്കുന്നതു്. ഒരാക്ററുമൂലം അനുവദിക്കപ്പെട്ടിട്ടില്ലാത്ത അധികാരങ്ങൾ ഗവർമ്മെൻറ് ഓർഡർമൂലം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്കു ലഭിക്കുകയില്ലെന്നു ഇതുമൂലം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

"ഈ ഹൈക്കോർട്ടുവിധിയുടെ ഓരോ പകർപ്പു എല്ലാ രൂപതാമാനേജ്മെൻറുകളും സ്കൂൾഇൻസ്പെക്ടർമാരും വാങ്ങി സൂക്ഷിക്കണമെന്നു ഞങ്ങൾ നിർദ്ദേശിച്ചുകൊള്ളുന്നു. ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഉദ്യോഗസ്ഥന്മാർ ഗവർമ്മെൻറ് ഓർഡറുകളെ, എല്ലാം വ്യക്തികളും അനുസരിക്കേണ്ട ഒരു പരമാധികാരപാർലമെൻറിന്റെ പാവനമായ ആക്ററുകളായി കണക്കാക്കി പ്രവർത്തിക്കുന്ന ഈദൃശ അനുഭവങ്ങൾ അവർക്കു നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഒരു ഗവർമ്മെൻറു ഓർഡർ അതിന്റെ അധികാരപരിധിക്കുള്ളിൽ മാത്രമേ പ്രസക്തമാവുകയുള്ളു. സമഭാവനയുടേയും നീതിയുടേയും അവകാശങ്ങളെ അതിലംഘിക്കുവാൻ അതിനു കഴിവില്ല. ഹൈക്കോർട്ടുവിധികൾ പരസ്യംചെയ്യുന്ന മദ്രാസ് ലാ ജേർണൽ വക്കീലന്മാരുടെ അടുത്തുകിട്ടും. അതിൽനിന്നു ഈ വിധിയുടെ ഒരു കോപ്പി എടുത്തു സൂക്ഷിക്കുക. അവജ്ഞാപൂർവ്വം ഭീഷണിപ്പെടുത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യാവുന്ന ഒരുഗണം ആളുകളാണ് പ്രൈവററ്സ്കൂൾ മാനേജർമാരെന്നു വിചാരമുള്ള വിദ്യാഭ്യാസോദ്യോഗസ്ഥന്മാരെ നേരിടുന്നതിനു അതുപകരിക്കുന്നതാണ്."

പ്രഗത്ഭവും പ്രശാന്തവുമായ വിധത്തിൽ വസ്തുതകളെ വിശകലനംചെയ്തു സുവ്യക്തവും സുദൃഢവുമായി അവയെ ചർച്ചചെയ്യുന്നതിൽ വിശ്രുതമായ ഈ മാന്യസഹജീവിയുടെ അഭിപ്രായത്തെ പകർത്തുന്നതിൽ കൂടുതലായി ഇത്തരുണത്തിൽ ഒന്നും പ്രതിപാദിക്കണമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. വിദൂരവ്യാപകവും ഗൗരവാവഹവുമായ പ്രത്യാഘാതങ്ങൾ ഉള്ളടക്കിയിട്ടുള്ള ഈ പ്രശ്നത്തെ എല്ലാവരും നീതിബോധത്തോടും പരസ്പരാദരവോടുംകൂടി സമീപിക്കുകയാണെങ്കിൽ അതു രാജ്യശ്രേയസ്സിനു വലിയൊരു സംഭാവനയായിരിക്കും. അല്ലാത്തപക്ഷം അതു നിരന്തരമായ പരസ്പരവിദ്വേഷത്തിനും നിസ്സഹകരണത്തിനും നിദാനമാവുകയും, സാമൂഹികവും പൗരപരവുമായ ഐക്യത്തെ ഭഞ്ജിക്കുകയും, അനാവശ്യങ്ങളും അസുഖകരങ്ങളുമായ പ്രശ്നങ്ങളെ ഒന്നിനുമേൽ ഒന്നായി ജനിപ്പിച്ച് സമാധാനജീവിതത്തെ നശിപ്പിക്കുകയും ചെയ്യുന്നതാണ്. ഭാവിതലമുറയുടെ ശ്രേയോന്മുഖമായ സംസ്കരണം ഈദൃശമായ ഒരന്തരീക്ഷത്തിൽ സുസാദ്ധ്യമല്ലെന്നു പറയേണ്ട ആവശ്യമില്ലല്ലോ.

## പ്രസംഗക്കുറിപ്പുകൾ

### അവശക്രിസ്ത്യാനികൾക്കും അവകാശമുണ്ട്

ഇന്ത്യാഗവർമ്മേണ്ടിന്റെ വിദ്യാഭ്യാസവകുപ്പിൽപ്പെട്ട പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും മററു അവശവിഭാഗങ്ങളുടേയും സ്കോളർഷിപ്പ് ബോർഡിന്റെ സിക്രട്ടറിയായ ബ്രാംപ്രകാശ് ന്യൂഡൽഹിയിൽനിന്നും 1955 ഒക്ടോബർ 14-ാംനു തൂത്തുക്കുടി പരവൻവെൽഫയർ അസോസിയേഷന്റെ ഓണററി സിക്രട്ടറിക്കയച്ച ഒരുത്തരവിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:-

"മേൽപ്രസ്താവിച്ച വിഷയത്തെ സംബന്ധിച്ച് 15-9-55ൽ No. F. 3-2/55 s-4 ആയി ഈ മിനിസ്ട്രിയിൽനിന്നും അയച്ച കത്തിനെ തുടർന്നു, അറിയിക്കുന്നതിനു ഞാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്തെന്നാൽ:- മദ്രാസ് സംസ്ഥാനത്തുള്ള പട്ടികജാതികളിൽനിന്നു ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ള എല്ലാവരും— അവർ ക്രിസ്തുമതം സ്വീകരിച്ച കാലത്തിന്റെ പരിഗണനകൂടാതെ—1955-56ലെ അവർക്കായുള്ള ഇന്ത്യാഗവർമ്മേണ്ടിന്റെ സ്കോളർഷിപ്പുകളുടെ കാര്യത്തിൽ മററു പിന്നോക്കസമുദായാംഗങ്ങളെപ്പോലെ കണക്കാക്കപ്പെടേണ്ടതാണെന്നു തീരുമാനിക്കപ്പെട്ടിരിക്കുന്നു."

അവശക്രിസ്ത്യൻവിഭാഗത്തെ ആനുകൂല്യങ്ങളിൽനിന്നകററിനിർത്തുന്നതിനു ഇന്ത്യയിലെല്ലായിടത്തും തന്നെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന വിവേചനാപരമായ പ്രവർത്തനങ്ങൾ ഭരണഘടനയുടെ ലക്ഷ്യത്തിനും കേന്ദ്രഗവർമ്മേണ്ടിന്റെ ഉദ്ദേശ്യങ്ങൾക്കും വിരുദ്ധമായിട്ടുള്ളതാണെന്നു തെളിയിക്കുന്ന ഒരു രേഖയാണിതു്. പിന്നോക്കസമുദായങ്ങളെ ഉദ്ധരിക്കുന്നതിനു മതേതരമായ ഒരു രാഷ്ട്രം ചെയ്യുന്ന ആനുകൂല്യങ്ങൾ മതവിശ്വാസത്തിന്റെ പേരിൽ, തുല്യാവശതകൾക്കു വിധേയരായിരിക്കുന്ന ഒരു വിഭാഗത്തിനു കൊടുക്കുകയില്ല എന്നു പറയുന്നതു് എത്ര കടുത്ത ഒരനീതിയും അവഗണനയുമാണെന്നു ഇനിയെങ്കിലും അവയെ കൈകാര്യം ചെയ്യുന്ന ഗവർമ്മേണ്ടുകളും അധികാരികളും മനസ്സിലാക്കുവാൻ ഈ ഉത്തരവു അവസരമാകുമെങ്കിൽ അതു രാജ്യത്തിനു പൊതുവേയും അവശവിഭാഗങ്ങൾക്കു പ്രത്യേകിച്ചും വലിയൊരനുഗ്രഹമായിരിക്കും.

* * *

### ദക്ഷിണവിയററ്നാമിൽ അധികാരവടംവലി അവസാനിച്ചു

ദക്ഷിണവിയററ്നാമിൽ ഭരണത്തലവൻ ബാവോദായ് ചക്രവർത്തിയായിരിക്കണമോ, അതോ പ്രധാനമന്ത്രി ദിയോഡിൻ ഡെയിം ആയിരിക്കണമോ എന്നുള്ള പ്രശ്നം ഒരു ജനഹിതപരിശോധനമൂലം സമാപിച്ചിരിക്കുന്നു. വോട്ടെടുപ്പിൽ പ്രധാനമന്ത്രിക്കു വമ്പിച്ച ഭൂരിപക്ഷം ലഭിച്ചു. അതനുസരിച്ചു ഇപ്പോഴത്തെ ക്യാബിനററു രാജി സമർപ്പിക്കുന്നതും ഡിൻഡെയിം ഒരു പുതിയ മന്ത്രിസഭ രൂപവൽക്കരിച്ചു ഭരണം തുടരുന്നതുമാണ്. വിയററ്നാമിൽ ഉണ്ടായ കുഴപ്പങ്ങളെ തുടർന്നു ബാവോദായ് ചക്രവർത്തി കഴിഞ്ഞ 18 മാസക്കാലമായി ഫ്രാൻസിൽ താമസമാക്കി. കുഴപ്പങ്ങളെല്ലാം സമാധാനത്തിലായപ്പോൾ ഭരണത്തലവനായിരുന്ന ചക്രവർത്തി അധികാരം വീണ്ടെടുക്കുന്നതിനുള്ള ശ്രമമായി. ജനഹിതത്തിനെതിരായ ഈ ഉദ്യമത്തിൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നു എതിർപ്പുണ്ടായി. ഒരാഴ്ചമുമ്പു ചക്രവർത്തി പ്രധാനമന്ത്രി ഡിൻഡെയിമിനെ ഡിസ്മിസ് ചെയ്തു. പക്ഷെ അദ്ദേഹം അതു അവഗണിക്കുകയാണുണ്ടായതു്. ഈ അധികാരവടംവലി ജനഹിതമനുസരിച്ചു നിർണ്ണയിക്കുന്നതിനാണ് ഒരു പൊതുവോട്ടിങ്ങ് നടന്നതു്. വോട്ടിങ്ങിൽ ഭൂരിപക്ഷത്തിന്റെ ആനുകൂല്യം നേടിയ ദിയോ ഡിൻഡെയിം മേലിൽ ദക്ഷിണവിയററ്നാമിന്റെ ന്യായമായ ഭരണാധികാരിയായി തുടരുന്നതാണ്. ഫ്രാൻസും അമേരിക്കയും ഈ തീരുമാനത്തെ അംഗീകരിക്കുകയും ചെയ്തു. പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലും പൊതുജനാനുകൂല്യം ലഭിക്കത്തക്കവണ്ണം രാജ്യത്തിന്റെ ഭാവുകങ്ങളെ നിയന്ത്രിച്ചുകൊണ്ടിരുന്ന പ്രധാനമന്ത്രി ഡിൻഡെയിം ദക്ഷിണവിയററ്നാമിന്റേയും വിയററ്നാമിന്റെ മുഴുവനും പുരോഗതിക്കു പററിയ പദ്ധതികളിലൂടെ രാജ്യത്തെ നയിക്കുമെന്നു ഉറപ്പായി വിശ്വസിക്കുന്നതിനു ന്യായമുണ്ട്.

വാരാന്ത്യവീക്ഷണം

## ഈജിപ്തും സിറിയയും

[സി. ഐ. ജോൺ, തലയോലപ്പറമ്പു]

സോവ്യററുയൂണിയൻ ഭാഗത്തുനിന്നും ഈജിപ്ത്, സിറിയ മുതലായ രാജ്യങ്ങൾക്കു് ആയുധം കൊടുക്കുവാനുള്ള ഒരു സംരംഭം ആരംഭിച്ചിരിക്കുകയാണ്. എന്തിനുവേണ്ടി പ്രസ്തുത രാജ്യങ്ങളെ സോവ്യററുയൂണിയൻ ആയുധമണിയിക്കുന്നുവെന്നുള്ള സംഗതി ചിന്താവിഷയമാക്കേണ്ടതാണ്. യാതൊരു കാരണവശാലും ഒരു രാജ്യത്തിനു ആയുധം കൊടുത്തുകൊണ്ട് (സമാധാനകാലത്ത്) അവിടെ യുദ്ധപരിതസ്ഥിതി വളർത്തുന്നതിനു് സോവ്യററുയൂണിയൻ എന്നും എതിരായിരിക്കുമെന്നാണ് പാക്ക്-അമേരിക്കൻ സൈനികസഖ്യത്തെപ്പററിയുള്ള റിപ്പോർട്ടു വായിച്ചതിന്റെശേഷം സോവ്യററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാംസെക്രട്ടറിയായ ക്രൂഷേവ് ടാസ് ഏജൻസിയോടു പറഞ്ഞതു്. പശ്ചിമജർമ്മനിയെ പുനരായുധീകരിക്കുവാനുള്ള പാരീസ് ഉടമ്പടികളേയും സോവ്യററുയൂണിയൻ സമാധാനത്തിന്റെപേരിൽ അങ്ങേയററം അധിക്ഷേപിക്കുകയുണ്ടായി. എന്നാൽ അന്നു് സോവ്യററുയൂണിയന്റെ വക്കാലത്തുപിടിച്ചിരുന്ന രാജ്യങ്ങളിൽ ഒരൊററയെണ്ണമെങ്കിലും ഇന്നത്തെ ഈജിപ്ത്, സിറിയാ മുതലായ രാജ്യങ്ങളെ ആയുധമണിയിക്കാനുള്ള റഷ്യയുടെ സംരംഭത്തെപ്പററി ഒരക്ഷരം ശബ്ദിക്കുന്നില്ലെന്നുള്ളതു് ദയനീയമായി തോന്നുന്ന ഒരു സംഗതിയാണ്. ഈജിപ്ഷ്യൻ പ്രധാനമന്ത്രിയായ കേണൽ നാസർ പാക്ക്-അമേരിക്കൻ സൈനികസഖ്യത്തെപ്പററി വളരെയേറെ ആക്ഷേപിച്ചുസംസാരിച്ചിട്ടുള്ള സ്ഥിതിക്കു് താൻ സ്വീകരിക്കുന്ന ഇപ്പോഴത്തെ നിലപാടിനെ എങ്ങനെ സാധൂകരിക്കുവാൻ പോകുന്നുവെന്നു് കാണിക്കേണ്ട ഒന്നാണ്. ഒരു രാജ്യം യുദ്ധത്തിന്റെ ഭയങ്കരമായ കെടുതിയിൽപ്പെട്ടു് അതിന്റെ ഓജസ്സും ഉന്മേഷവും നശിച്ച് പല ശക്തികളുടെ കൈയിലായി ചിന്നിച്ചിതറിയിരിക്കുന്ന ഒരു കാലഘട്ടത്തിൽ ആ രാജ്യത്തെ യോജിപ്പിച്ചുകൊണ്ടു് പ്രസ്തുത രാജ്യത്തിന്റെ ചുററും അതിനെ വെട്ടിവിഴുങ്ങുവാൻ അവസരംപാർത്തുകൊണ്ടുനില്ക്കുന്ന കൊളോണിയൽ ശക്തികളുടെ കൈയിൽനിന്നും അതിനെ രക്ഷിക്കുവാൻ സാധാരണഗതിയിൽ ജനാധിപത്യരാജ്യങ്ങൾ മുതിരാറുണ്ട്. അങ്ങനെ മുതിർന്നതിന്റെ പ്രത്യക്ഷലക്ഷണമാണ് പശ്ചിമജർമ്മനിയെ സംബന്ധിച്ചുള്ള പാരീസ് ഉടമ്പടികളും ജർമ്മൻ ഏകീകരണത്തിനുവേണ്ടി ചെയ്യുന്ന ഇന്നത്തെ പരിശ്രമങ്ങളും.

എന്നാൽ യൂറോപ്പിൽ ജർമ്മനിക്കുണ്ടായിരുന്നതുപോലുള്ള യാതൊരു സാഹചര്യവും ഏഷ്യയിൽ ഈജിപ്തിനോ സിറിയായ്ക്കോ ഇന്നില്ലായെന്നതു് ഒരു വസ്തുത മാത്രമാണ്. പിന്നെ എന്തിനു് പ്രസ്തുത രാജ്യങ്ങളെ ആയുധമണിയിക്കുന്നു? സോവ്യററുയൂണിയനു് ഏഷ്യൻരാജ്യങ്ങളുടെമേലുള്ള പിടി മുറുക്കുവാനും പ്രസ്തുത രാജ്യങ്ങളിൽ സൈനികത്താവളങ്ങൾ നിർമ്മിക്കുവാനും അങ്ങനെ ബ്രിട്ടീഷ്-ഫ്രഞ്ച് കൊളോണിയലിസത്തിന്റെ പിടിയിൽനിന്നും ഏതാണ്ടു് മോചനംനേടിയ ഏഷ്യൻജനതയെ സോവ്യററ് കൊളോണിയലിസത്തിൽ വീണ്ടും കുടുക്കുവാനുമുള്ള ഒരു സംരംഭമായി മാത്രമേ ജനാധിപത്യവാദികൾക്കു് ഇതു മനസ്സിലാക്കുവാൻ കഴിയൂ. ഈജിപ്തും ഇസ്രായേലും തമ്മിലുള്ള സംഘട്ടനങ്ങളെ കഴിയുമെങ്കിൽ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ പടിവാതിൽവരെ എത്തിക്കുവാൻ, അങ്ങനെ ഏഷ്യയിൽ സമാധാനലംഘനമുണ്ടാക്കുവാൻ സോവ്യററുറഷ്യ ആഗ്രഹിക്കുന്നുവെന്നതിനു് വേറേയും തെളിവുകളുണ്ട്. ഈജിപ്തിനും സിറിയായ്ക്കും കൊടുക്കുന്നതുപോലെയുള്ള സമരതന്ത്രപരമായ സഹായങ്ങൾ ഇൻഡ്യയോടു് ബന്ധപ്പെട്ടുകിടക്കുന്ന ചില രാജ്യങ്ങൾക്കും താമസംവിനാ റഷ്യയിൽനിന്നും കൊടുക്കാനിടയുണ്ട്. സമരതന്ത്രപരമായ ചില സാധനങ്ങൾ കൈമാററം ചെയ്യാനായി കച്ചവടക്കരാറിന്റെ രൂപത്തിൽ ചില കരാറുകൾ നിർമ്മിക്കുവാനുള്ള ഒരു സംരംഭത്തിനു് ഇൻഡോനേഷ്യയും സോവ്യററുയൂണിയനുമായി ഇന്നു അണിയറയിൽ കരുനീക്കം ആരംഭിച്ചിട്ടുണ്ടെന്നു ചില രാഷ്ട്രീ

യനിരീക്ഷകന്മാർക്ക അഭിപ്രായമുണ്ട്. ഏതായാലും 1956-ൻെറ അവസാനത്തോടുകൂടി ഏഷ്യയിൽ എവിടെയെല്ലാം സോവ്യററുയൂണിയൻ തൻെറ വലവിരിക്കമെന്നു പ്രത്യക്ഷത്തിൽ കാണാവുന്നതാണ്.

അമേരിക്കയിൽനിന്നു ഇസ്രായേലിനു് ആയുധങ്ങൾ കൊടുക്കുന്നുണ്ടെന്നും അതിൻെറ ചില രഹസ്യരേഖകൾ തൻെറ കൈവശമുണ്ടെന്നും ഈജിപ്ഷ്യൻ പ്രധാനമന്ത്രി ഈയിടെ പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം അമേരിക്കയെ മാത്രമല്ല ബ്രിട്ടനേയും ഇക്കാര്യത്തിൽ കുററപ്പെടുത്തീട്ടുണ്ട്. അദ്ദേഹം പറഞ്ഞതിൽ കൂടുതൽ തെളിവൊന്നും പ്രസ്തുത സംഗതിക്കില്ലെന്നുള്ളതു് ഒരു സത്യംമാത്രമാണ്. ഒരുപക്ഷെ തൻെറ നിലയെ സാധൂകരിക്കവാൻവേണ്ടി മാത്രമായിരിക്കും അദ്ദേഹം അങ്ങനെ പറഞ്ഞതു്. ഏതായാലും ഒരു ജനാധിപത്യവാദിയെന്നു് ഏഷ്യയിലേയും ആഫ്റിക്കയിലേയും പല ഉന്നതന്മാരായ നേതാക്കന്മാരിൽനിന്നും സാക്ഷിപത്രം കിട്ടിയിട്ടുള്ള കേണൽ നാസർ തൻെറ നില ഇത്രമാത്രം അധഃപതിപ്പിക്കവാൻ ഒരുങ്ങുന്നതു് സങ്കടകരമാണ്. അദ്ദേഹം ചരിത്രത്തിൻെറ പശ്ചാത്തലത്തിൽ താൻ ചെയ്യുന്നതെന്താണെന്നു പരിചിന്തിക്കേണ്ടതാണ്.

റോയിട്ടർ ഡമാസ്കസിൽനിന്നും ഒക്ടോബർ 21-ാംനു ചെയ്യുന്ന റിപ്പോർട്ടനുസരിച്ചു് ഈജിപ്തും സിറിയായുംചേന്നു് ഒരു സൈനികസഖ്യത്തിൽ ഒപ്പുവച്ചിരിക്കുന്നു. ഇസ്രായേലിൽനിന്നും ഒരാക്രമണം ഉണ്ടാകുന്നപക്ഷം പ്രസ്തുത രാജ്യങ്ങൾ പരസ്പരം സഹായിക്കണമെന്നാണ് വ്യവസ്ഥ. ഒരു ഏകീകൃതകമാൻഡു് രൂപീകരിക്കുന്നതിനുവേണ്ടിയും പ്രസ്തുത കരാറിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. സോവ്യററുയൂണിയൻ പ്രസ്തുത രാജ്യങ്ങൾക്ക ചെയ്തുകൊടുക്കുന്ന ആയുധസഹായങ്ങളെ സംബന്ധിച്ചു് പാശ്ചാത്യശക്തികൾ വളരെവേഗം ആലോചന നടത്തിക്കൊണ്ടിരിക്കുകയുമാണ്.

## അടുത്തയാഴ്ചയിൽ

നവംബർ

3 വ്യാ: വി. മലാഖി

4 വെ: വി. കാർളോസ്

5 ശ: വി. സ്കറിയാ

6 ഞാ: പന്ത: 23-ാംഞായർ

7 തി: വി. റൂഫസ്

8 ചൊ: വി. ബ്രിജീത്താ

9 ബു: വി. തെയഡോർ

(10-ാംപേജ് തുടർച്ച)

കരണങ്ങളുടെ കാര്യത്തിൽ ചെയ്തിട്ടുള്ള സേവനങ്ങൾ ആക്കം എക്കാലത്തും പ്രചോദനംനൽകുന്നവയാണ്. മതപാഷണ്ഡതയ്ക്കെതിരായ ഒരു തൂലികാസമരത്തിലാണ് അദ്ദേഹം ഏർപ്പെട്ടിരുന്നതു്. ആക്കം മനോവേദന ഉളവാക്കാത്തരീതിയിൽ ആശയങ്ങളെ ലളിതമായും വിശദമായും ധീരതയോടുകൂടിയും പ്രതിപാദിക്കുന്നതിനു അദ്ദേഹത്തിനു പ്രത്യേകവൈഭവം ഉണ്ടായിരുന്നു. അദ്ദേഹം തികച്ചും ഒരു മാന്യനായിരുന്നു. തിരുസഭയുടെ ഏററവും വലിയ വിരോധികളിൽപോലും മാനസികപരിവർത്തനം വരുത്തുന്നതിനു അദ്ദേഹത്തിൻെറ വിദഗ്ധമായ തൂലികയ്ക്കു സാധിച്ചിരുന്നുവെന്നതു പ്രസ്താവ്യമാണ്. സെൻറു് ഫ്റാൻസിസിൻെറ മാതൃകവഴി കത്തോലിക്കാപത്രപ്രവർത്തനത്തിനു ലോകത്തിൻെറ നാനാഭാഗത്തും ഉണ്ടായിട്ടുള്ള പുരോഗതി എത്രയെന്നു നിർണ്ണയിക്കാവതല്ല.

കത്തോലിക്കാ മതതത്വങ്ങളെപ്പററി വിശുദ്ധനു അവഗാഢമായ അറിവുണ്ടായിരുന്നു. ആ വിജ്ഞാനമാണ് അദ്ദേഹത്തിൻെറ കൃതികളെ അനശ്വരങ്ങളാക്കിതീർത്തിരിക്കുന്നതു്. ജനീവാരൂപതയുടെ മെത്രാനായിത്തീന്ന ഉടനെ അദ്ദേഹം ആദ്യമായി ചെയ്തതു് "ക്രൈസ്തവമതതത്വങ്ങൾ കായുള്ള ഭക്തസംഘടന" സ്ഥാപിക്കുക എന്നതായിരുന്നു. മതതത്വങ്ങളെപ്പററി ശരിയായ അറിവു സമ്പാദിച്ചവർ എളുപ്പത്തിൽ തെററിപ്പോകയില്ലെന്നാണ് അദ്ദേഹം പറയുന്നതു്.

സെൻറു ഫ്റാൻസിസ് സാലെസ് ജീവിച്ചിരുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്നതിലും രൂക്ഷമായ എതിർപ്പുകളാണ് ഇന്നു തിരുസഭയ്ക്കു നേരിടേണ്ടിവരുന്നതു്. കത്തോലിക്കാദർശങ്ങളെ ശരിയായ രീതിയിൽ മനസ്സിലാക്കിക്കൊടുക്കുന്നതിനു കത്തോലിക്കാപത്രപ്രവർത്തകർക്ക ബൃഹത്തായ ഉത്തരവാദിത്വമുണ്ട്. കത്തോലിക്കാശയാദർശങ്ങളെവസ്തുനിഷ്ഠമായും നിർഭയമായും ലളിതമായും ആകർഷകമായരീതിയിലും ആക്കം വിഷമം വരുത്താത്ത വിധത്തിലും പ്രതിപാദിക്കുന്ന കാര്യത്തിൽ ഇന്നത്തെ കത്തോലിക്കാപത്രപ്രവർത്തകർക്ക ഈ വിശുദ്ധൻെറ സേവനസമ്പന്നമായ ജീവിതകഥ പ്രചോദനം നൽകുകതന്നെ ചെയ്യും.

# ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസറുടെ അധികാരം സംബന്ധിച്ച മദ്രാസ് ഹൈക്കോടതിയുടെ വിധി

മലബാറിൽ ഏറനാടു താലൂക്കിൽ ചെങ്ങോട്ടൂർ വില്ലേജിൽപെട്ട ഒരു എയിഡഡ് എലിമെൻററി സ്കൂളിൻെറ മാനേജരായ ശ്രീ കെ. കോയിമർ, മദ്രാസ് ഹൈക്കോടതിയിൽ കൊടുത്തിരുന്ന ഒരു റിട്ട് ഓഫ് സെർഷ്യറാറി അപേക്ഷ അനുവദിച്ചുകൊണ്ടു ഹൈക്കോടതിജസ്റ്റിസ് മി. ജസ്റ്റിസ് രാജഗോപാലൻ സെൻട്രൽ മലബാർ ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസറുടെ ഉത്തരവിനെ അസ്ഥിരപ്പെടുത്തിയിരിക്കുന്നു. ഈ റിട്ട്ഹർജിക്ക കാരണമായ സംഭവഗതികൾ താഴെ പറയുന്നതാണ്.

കമ്മ്യൂണിസ്റ്റ് മനസ്ഥിതിയോടുകൂടിയ അദ്ധ്യാപകന്മാരെ സ്കൂളിൽവെച്ചുകൊണ്ടിരിക്കരുതെന്നു കാണിച്ചു് 1948-ൽ മദ്രാസ്സംസ്ഥാനത്തെ വിദ്യാഭ്യാസാധികൃതർ സ്കൂളുകൾക്ക് ഒരു സർക്കുലർ അയച്ചിരുന്നു. ശ്രീ കോയിമർ ചെങ്ങോട്ടൂർവില്ലേജിലെ ഒരു എയിഡഡ് മാപ്പിള എലിമെൻററി സ്കൂളിൻെറ മാനേജരാണ്. അദ്ദേഹത്തിൻെറ സ്കൂളിൽ ഒരു അസിസ്റ്റൻറു് അദ്ധ്യാപകനായിരുന്ന മി. പി. ഗോപാലൻനായർ കമ്മ്യൂണിസ്റ്റനുഭാവിയാണെന്നു ബോദ്ധ്യമാകുകയാൽ 1952 ജനുവരി 1-ാംനു മാനേജർ, അദ്ധ്യാപകനെ മൂന്നുമാസത്തെ അവധി വെച്ചു്, പിരിച്ചുവിടുന്നതാണെന്നു കാണിച്ചു നോട്ടീസുകൊടുത്തു. അദ്ധ്യാപകൻെറ പേരിലുള്ള ചാർജ്ജുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു ജനുവരി 6-ാംനു മറെറാരു നോട്ടീസും കൊടുത്തു.

ഏപ്രിൽ 4-ാംനു ഹർജിക്കാരൻ ശ്രീ ഗോപാലൻനായരെ സർവ്വീസിൽനിന്നു പിരിച്ചുവിട്ടു. നിയമമനുസരിച്ചു ഗോപാലൻനായർക്ക അപ്പീൽ കൊടുക്കാമായിരുന്നെങ്കിലും ടിയാൻ യാതൊരു അപ്പീലും കൊടുക്കുക ഉണ്ടായില്ല. എന്നാൽ ഗോപാലൻനായരെ തിരിച്ചെടുത്തുകൊള്ളണമെന്നു കാണിച്ചു 1952 മേയ് 13 ാംനു ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ മാനേജർക്കു ഒരുത്തരവു നൽകി. ഈ ഉത്തരവു ഉടനെ നടപ്പിൽവരുത്താത്തപക്ഷം സ്കൂളിൻെറ അംഗീകാരം പിൻവലിക്കുന്നതാണെന്നു് ഒരു താക്കീതും ഉത്തരവോടുകൂടി നൽകിയിരുന്നു. മാനേജർ ഗോപാലൻനായരെ സർവ്വീസിൽ തിരിച്ചെടുക്കുവാൻ വിസമ്മതിച്ചു. ഗോപാലൻനായരെ തിരിച്ചെടുക്കണമെന്നുള്ള ഡിപ്പാർട്ടുമെൻറൽഓർഡർ മാനേജർ ലംഘിച്ചിരിക്കുന്നുവെന്ന കാരണംപറഞ്ഞു 1952 ഒക്ടോബർ 18-ാംനു എഡ്യൂക്കേഷനൽ ഓഫീസർ സ്കൂളിൻെറ അംഗീകാരം പിൻവലിച്ചു.

അതേത്തുടർന്നാണ് മാനേജർ ഈ റിട്ട്ഹർജി മദ്രാസ് ഹൈക്കോടതിയിൽ സമപ്പിച്ചതു്. ബ. ജസ്റ്റിസുടെ ഉത്തരവിൻെറ ചുരുക്കംഇങ്ങനെയാണ്: ഗോപാലൻനായരെ തിരിച്ചെടുക്കണമെന്നുള്ള തൻെറ ഉത്തരവു ഹർജിക്കാരൻ അനുസരിച്ചില്ലെന്നു പറഞ്ഞാണ് എഡ്യൂക്കേഷനൽ ഓഫീസർ സ്കൂളിൻെറ അംഗീകാരം പിൻവലിച്ചതു്. ഇങ്ങനെയൊരു ഉത്തരവു പുറപ്പെടുവിക്കുവാൻ എഡ്യൂക്കേഷനൽ ഓഫീസർക്ക് അധികാരമില്ലെങ്കിൽ ആ ഉത്തരവിൻെറ ലംഘനംമൂലം അംഗീകാരം പിൻവലിക്കുവാനുള്ള ഒരു അധികാരം എഡ്യൂക്കേഷനൽ ഓഫീസർക്ക ലഭിക്കുന്നതല്ല. ഇതുപോലെയുള്ള ഒരു പരിതസ്ഥിതിയിൽ ഒരു അദ്ധ്യാപകനെ തിരിച്ചെടുത്തുകൊള്ളണമെന്നു ആജ്ഞാപിക്കുവാൻ എഡ്യൂക്കേഷനൽ ഓഫീസറെ അധികാരപ്പെടുത്തുന്ന യാതൊന്നും എലിമെൻററി എഡ്യൂക്കേഷൻ ആക്ട്പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽനിന്നെടുത്തു കാണിക്കുവാൻ ഗവമ്മെൻറു പ്ലീഡർക്കുപോലും കഴിഞ്ഞിട്ടില്ല. പിരിച്ചുവിടപ്പെടുന്ന അദ്ധ്യാപകന്മാർക്ക അപ്പീൽകൊടുക്കുന്നതിനും, അപ്പീലുള്ളപക്ഷം ആ ഇടക്കാലത്തേക്ക എഡ്യൂക്കേഷനൽ ഓഫീസർക്ക ഉത്തരവു പുറപ്പെടുവിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥകളുണ്ട്. എന്നാൽ ഇവിടെ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകൻ അപ്പീൽ കൊടുക്കുകയുണ്ടായിട്ടില്ല.

അച്ചടക്കരാഹിത്യം(?), വ്യയന്യൂനീകരണം, കായികമായ അവശതകൾ, അതുപോലെയുള്ള മററു നല്ല കാരണങ്ങൾ, ഇവയെ മുൻനിർത്തി മൂന്നുമാസത്തെ നോട്ടീസോ, അല്ലെങ്കിൽ മൂന്നുമാസത്തെ ശമ്പളമോ കൊടുത്തു അദ്ധ്യാപകന്മാരുടെ സേവനം അവസാനിപ്പിക്കുന്നതിനു ചട്ടപ്രകാരം മാനേജ്മെൻറിനു് അധികാരമുണ്ട്. ആ വ്യവസ്ഥയനുസരിച്ചു് മാനേജ്മെൻറു ഗോപാലൻനായർക്ക മൂന്നുമാസത്തെ നോട്ടീസുകൊടുത്തു. അയാൾക്ക തൻെറ ഭാഗം വാദിക്കുന്നതിനുള്ള ധാരാളം സൗകര്യങ്ങളുണ്ടായിരുന്നു. ഗോപാലൻനായർക്ക 5 കൊല്ലത്തെ സർവ്വീസ് ആയിട്ടില്ലാത്തതിനാൽ, അയാളെ പിരിച്ചുവിടുന്നതിനു ഡെപ്യൂട്ടി സ്കൂൾ ഇൻസ്പെക്ടരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ട ആവശ്യവുമില്ല.

ഗോപാലൻനായരെ തിരിച്ചെടുക്കണമെന്നു കാണിച്ചു എഡ്യൂക്കേഷനൽ ഓഫീസർ പുറപ്പെടുവിച്ചതുപോലെയുള്ള ഉത്തരവു പുറപ്പെടുവിക്കുന്നതിനു് അധികാരം ചട്ടങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇത്തരമൊരു ഉത്തരവിനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ കാണുന്നില്ല. വിവാദ ഉത്തരവു പുറപ്പെടുവിച്ചതിൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ ചട്ടവിരോധമായിട്ടാണ് പ്രവത്തിച്ചിരിക്കുന്നതു്.

ആകയാൽ ബ. ജസ്റ്റിസ് ഹർജി സ്വീകരിക്കുകയും, എഡ്യൂക്കേഷനൽ ഓഫീസറുടെ ഉത്തരവു് അസ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിറ്റഡ്
എറണാകുളം, തൃശ്ശൂർ,
മട്ടാഞ്ചേരി, ചാലക്കുടി,
വില്ലിംഗ്ഡൺ ദ്വീപ്

## പുസ്തകാഭിപ്രായം

### ഭാരത് സേവക്

(വിവർത്തകൻ: എം. പി. പരമേശ്വരൻപിള്ള ബി. എ. ബി. എൽ. പ്രകാശകന്മാർ: ബുക്ക് എ മന്ത് ക്ലബ്, എറണാകുളം)

ജി. വാട്രിൻ എന്ന വിഖ്യാത ലേഖകൻെറ "You too can serve India" എന്ന പ്രസിദ്ധ ഗ്രന്ഥത്തിൻെറ പ്രൗഢസുന്ദരമായ മലയാളപരിഭാഷയാണ് ഭാരത് സേവക്. ഒരു സാമൂഹ്യജീവി, രാഷ്ട്രത്തിലെ പൗരൻ, സർവ്വോപരി മനുഷ്യൻ എന്നി നിലകളിൽ ഒരു വ്യക്തി അവശ്യം നിറവേററേണ്ട ചുമതലകളെപ്പററിയും, അനുദിനജീവിതത്തിൽ അവൻ പ്രായോഗികമാക്കേണ്ട തത്വങ്ങളെപ്പററിയും, പ്രസ്തുത ഗ്രന്ഥം സമത്ഥമായും സമീചീനമായും പ്രതിപാദിക്കുന്നു. മനുഷ്യസമുദായത്തിൻെറ നിലനില്പിനും പുരോഗതിക്കും ആലംബം മൗലികങ്ങളായ ചില ധാർമ്മികമൂല്യങ്ങളാണെന്നും, ആ ധാർമ്മികമൂല്യങ്ങളുടെ അടിസ്ഥാനം ഈശ്വരനിലുള്ള അചഞ്ചലമായ വിശ്വാസമാണെന്നും ഏതൊരു പരിഷ്കൃതജനതയും അംഗീകരിക്കുന്ന ഒരു പരമാത്ഥമാണ്. എന്നാൽ ആധുനികയുഗത്തിൽ ത്വരിതപ്രയാണകാംക്ഷികളും, ഉല്പതിഷ്ണുക്കളുമായ ഒരുസംഘമാളുകൾ ധാതാവിൽനിന്നും വിശ്വത്തെ വിഘടിപ്പിച്ചു് അജ്ഞാതമായ ഏതോ ഒരു ലക്ഷ്യത്തിലേക്ക മനുഷ്യരാശിയെ ബലാല്ക്കാരമായി കൊണ്ടുചെന്നെത്തിക്കുവാൻ അശ്രാന്തം യത്നിക്കുന്നു. നാസ്തികന്മാരുടെ വിധ്വംസകരങ്ങളായ സംരംഭങ്ങളിൽനിന്നും ഭാരതത്തേയും, ലോകത്തേയും സംരക്ഷിക്കുവാൻ ഭാരത് സേവക് ആസ്തിക്യബോധമുള്ളവരെ ആഹ്വാനംചെയ്യുന്നു.

അന്ധകാരത്തെ അപലപിക്കുകയല്ല പ്രകാശം പരത്തുവാൻ പരിശ്രമിക്കുകയാണ് വേണ്ടതെന്നു വാട്രിൻ അതിശക്തിയായി പ്രബോധിപ്പിക്കുന്നു. ശാന്തമായും, കാര്യക്ഷമമായും, ആത്മാത്ഥതയോടും, വിശ്വാസദാർഢ്യത്തോടുംകൂടി എല്ലാ മതവിശ്വാസികളും— ഹിന്ദുവായാലും, ക്രിസ്ത്യാനിയായാലും, മഹമ്മദീയനായാലും— ഈശ്വരമഹത്വത്തിനായും, മാനവപുരോഗതിക്കായും, ഏതൊരു പ്രവത്തനരംഗത്തിലും പ്രവൃദ്ധമായ ഊർജ്ജസ്വലതയോടെ പ്രയത്നിക്കണമെന്നു് അദ്ദേഹം അഭ്യത്ഥിക്കുന്നു. വിദ്യാഭ്യാസരംഗത്തിലും, ഭരണകാര്യങ്ങളിലും, തൊഴിലാളിമുതലാളി ബന്ധങ്ങളിലും, ലേഖനവൃത്തിയിലും, പ്രസംഗം തുടങ്ങിയ പ്രചരണോപാധികൾ സ്വീകരിക്കുമ്പോഴും, എല്ലാ സാമൂഹ്യപ്രവത്തനങ്ങളിലും, ഒരു ഈശ്വരവാദി ഏതെല്ലാം തത്വങ്ങൾ പ്രായോഗികമാക്കണമെന്നു് അദ്ദേഹം അനുക്രമമായി വിവരിക്കുന്നു. ഈശ്വരൻെറ അസ്തിത്വം, ഓരോ മനുഷ്യഹൃദയത്തിലും ലീനമായ ധർമ്മബോധം, വ്യക്തിയുടെ പരിപാവനത, ആജീവനാന്തം നിലനില്ക്കുന്ന ദാമ്പത്യബന്ധത്തിൻെറ പവിത്രത, മനുഷ്യവംശത്തിൻെറ മൂലാംശമായ ഗൃഹത്തിൻെറ പരിശുദ്ധി, രാഷ്ട്രത്തിൽനിന്നല്ലാതെ ഈശ്വ



രനിൽനിന്നും ലഭിച്ചിട്ടുള്ള മനുഷ്യാവകാശങ്ങൾ, സമുദായത്തോടുള്ള ആധമണ്ണ്യത്തോട വിധേയമായി സ്വകാര്യസ്വത്തുക്കൾ വച്ചുകൊണ്ടിരിക്കുന്നതിനു് മനുഷ്യപ്രകൃതിയെ ആധാരമാക്കിയുള്ള, ഗാർഹികവും മതപരവും ഭരണപരവുമായ അധികാരത്തെ സ്വീകരിക്കുക, എന്നിങ്ങനെ മഹാത്മജിയും, ഇന്ത്യയിലെ മതാധിപന്മാരും, സ്വീകരിച്ചിട്ടുള്ള മഹൽതത്വങ്ങളെയാണു് അദ്ദേഹം ഉയർത്തിക്കാണിക്കുന്നതു്. ഒടുക്കം ഓരോ ഈശ്വരവിശ്വാസിയും, സ്വന്ത ആദർശങ്ങൾ പ്രാവർത്തികമാക്കാൻ മുതിരുമ്പോൾ, ഈശ്വരശക്തിയിൽ ആശ്രയിക്കുകയും, സത്യം എവരേയും ധരിപ്പിക്കുകയും, സാർവ്വലൗകികമായ വീക്ഷണഗതിയോടുകൂടി സേവനനിരതരായി, ജനതാമദ്ധ്യത്തിൽക്കൂടി സമചിത്തതയോടുകൂടി സധീരം മുന്നോട്ടുനീങ്ങുകയും, ഉന്മേഷവാനായും, ശുഭാപ്തിവിശ്വാസിയായും, സവിനയം സ്വന്ത ആശയങ്ങളെ ജനസമക്ഷം സമർപ്പിക്കുകയും, ശാന്തനും വിശാലഹൃദയനുമായി സഹനസന്നദ്ധതയോടെ സഹോദരനെ രക്ഷിക്കുവാൻ തെരുവീഥിയിലേക്കിറങ്ങുകയും ചെയ്യണമെന്നു് അദ്ദേഹം നിർദ്ദേശിക്കുന്നു. ഭാരത് സേവക് വായിച്ചുകഴിയുമ്പോൾ ഏതൊരു അനുവാചകനും, തനിക്കും നാനാവിധത്തിൽ മാതൃഭൂമിയെ സേവിക്കുകയും, തൻെറ ആദർശസംഹിതകൾ മൂലം അന്യരെ സമുദ്ധരിക്കുകയും, കൂടുതൽ ഫലപ്രദവും, ഉന്മേഷഭരിതവുമായ ഒരു ജീവിതം നയിക്കുകയും ചെയ്യാമെന്നു് ബോദ്ധ്യംവരുമെന്നു് നിസ്സംശയം പ്രസ്താവിക്കാം.

ഹിന്ദുവിനും മുസ്ലീമിനും, ഉദ്യോഗസ്ഥനും കർഷകനും, തൊഴിലാളിക്കും മുതലാളിക്കും, യുവാക്കൾക്കും വൃദ്ധജനങ്ങൾക്കും, എന്നുവേണ്ട ഏതൊരു വ്യക്തിക്കും നിത്യജീവിതത്തിൽ പ്രായോഗികമാക്കേണ്ട സംഗതികൾ വിശകലനംചെയ്തു വിവരിച്ചിരിക്കുന്ന ഈ ഗ്രന്ഥം മലയാളത്തിലേക്കു വിവർത്തനം ചെയ്യാൻ നിശ്ചയിച്ച ബുക്കു്-എ-മന്തു് ക്ലബിൻെറ ഔചിത്യബോധത്തെ പ്രശംസിക്കാതെ തരമില്ല. വിധിവിലാസം, ഉജ്ജ്വലതാരങ്ങൾ, മഹാത്മാഗാന്ധി തുടങ്ങിയ ഉൽകൃഷ്ട ഗ്രന്ഥങ്ങൾ വിരചിച്ചു് സാഹിത്യലോകത്തിൽ പ്രശസ്തിസമ്പാദിച്ച ശ്രീ എം. പി. പരമേശ്വരൻപിള്ള മൂലഗ്രന്ഥത്തിലെ ആശയങ്ങൾ, അണുപോലും വികലതവരുത്താതെ മലയാളത്തിലേക്കു പകർത്തിയിരിക്കുന്നു. ഓജസ്സും ഗാംഭീര്യവും സമ്മേളിച്ച അദ്ദേഹത്തിൻെറ ഗദ്യശൈലി പ്രതിപാദ്യവസ്തുവിനെ പ്രൗഢസുന്ദരമാക്കിത്തീർത്തിരിക്കുന്നു. കഴമ്പും കാമ്പുമില്ലാത്ത ക്ഷുദ്രഗ്രന്ഥങ്ങൾ സൂകരപോതങ്ങളെപ്പോലെ ജന്മം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു്, ഭാരത് സേവകിൻെറ മൂല്യം അപ്രമേയമാണെന്നു പറയുന്നതിൽ അതിശയോക്തി ഒട്ടുംതന്നെയില്ല. സാമൂഹ്യബോധവും, സ്വരാജ്യഭക്തിയും, മനുഷ്യസ്നേഹവുമുള്ള ഏതൊരു ഭാരതീയനും അവശ്യം വായിച്ചിരിക്കേണ്ട ഒരു മഹൽഗ്രന്ഥമാണു് ഭാരത് സേവക്.

(കെ. എം. തരകൻ)

## ജപാപ്പസ്തോലസഖ്യത്തിൻെറ നവംബർമാസത്തെ പൊതുനിയോഗം

"പ്രായശ്ചിത്തത്തിൻെറ ചൈതന്യം സംവർദ്ധമാകുന്നതിനു്."

## വേദപ്രചാരനിയോഗം

"തെക്കെ അമേരിക്കയിലെ നിഗ്രോകളുടേയും ഇന്ത്യരുടേയും ഇടയിലുള്ള മിഷ്യനുകൾക്കു്."

## വേദപ്രചാര ദിനാഘോഷം

**തോട്ടിക്കാട്ടു്:** സ്ഥലം ഇടവകയിൽ സ്ഥാപിച്ചിരിക്കുന്ന ലീജ്യൻെറയും മിഷ്യൻ ലീഗിൻെറയും സംയുക്തസമ്മേളനം പള്ളിവികാരിയുടെ അദ്ധ്യക്ഷതയിൽ 23-ാംനു- ഞായറാഴ്ച സമ്മേളിച്ചു. യോഗത്തിൽ ലോറൻസ് പി. പ്ലാമൂട്ടിൽ, വറുഗീസ് മുക്കാ, ആൻറണി കണിയംപ്ലാൻ എന്നിവർ പ്രസംഗിച്ചു. ബാലികമാരുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.



പ്രസിദ്ധ എല്ലായിനം വാച്ചുകൾക്കും ഞങ്ങളെ സമീപിക്കുക.

**കണിയാമ്പുറം ബ്രദേഴ്സ്, ബ്രോഡ്വെ**

ഫോൺ 501 എറണാകുളം

**മുളക്കുളം:** മിഷ്യൻസൺഡേ പ്രമാണിച്ചു സ്ഥലം ചെറുപുഷ്പ മിഷ്യൻലീഗിൻെറ ഒരു സാധാരണയോഗം മുളക്കുളം സെൻറു ആൻറണീസ് പ്രൈമറിസ്കൂളിൽ റവ. ഫാ. ജോസഫ് പാറാനി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും മി. പി. വി. വക്കി B. Sc ഒരു പ്രസംഗം ചെയ്യുകയും ചെയ്തു. ലീഗംഗങ്ങളുടെ പ്രഹസനവും കൗതുകലേലവും ഉണ്ടായിരുന്നു ലേലത്തിൽ ഒരു കോഴിമുട്ടയ്ക്കു് മൂന്നര രൂപ കിട്ടി എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്."

**നെട്ടൂർ:** സോഷ്യൽ സെർവീസ് ലീഗ്, മരിയസഖ്യം ചെറുപുഷ്പത്തിൻെറ "കുഞ്ഞുമിഷ്യനറിമാർ" എന്നി സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ മിഷ്യൻഞായർ ആഘോഷിക്കുകയുണ്ടായി. അന്നു വൈകുന്നേരം കൂടിയ പൊതുയോഗത്തിൽ റവ. ഫാ. ജോൺ വാരിയത്തു് അദ്ധ്യക്ഷത വഹിച്ചു. കുമാരി ജെമ്മാ പി. ജോസഫ്, ശ്രീ ടി. ജെ. ആൻഡ്രു എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.

**ചേപ്പുംപാറ:** ഇവിടത്തെ ചെറുപുഷ്പ മിഷ്യൻലീഗിൻെറയും സൊഡാലിററിയുടെയും ആഭിമുഖ്യത്തിൽ ഒക്ടോബർ 23-ാംനു- റവ. ഫാ. മാത്യുവെള്ളിയാംകണ്ടം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടുകയുണ്ടായി. തദവസരത്തിൽ ബ്ര. കെ. സി. ജോസഫ്, കുമാരി മേരി ജോസഫ് എന്നിവർ പ്രസംഗിച്ചു. രാവിലെ അംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും മിഷ്യൻ റാലിയും ഉണ്ടായിരുന്നു.

**കൂടല്ലൂർ:** ചെറുപുഷ്പ മിഷ്യൻലീഗിൻെറ ആഭിമുഖ്യത്തിൽ മിഷ്യൻഞായറാഴ്ച പ്രമാണിച്ചു് സ്ഥലം സ്കൂൾഹാളിൽവച്ചു കൂടിയ പൊതുയോഗത്തിൽ റവ. ഫാദർ കൊളംബസ് എം. എ. അവർകൾ അദ്ധ്യക്ഷതവഹിച്ചു. ശ്രീ എം. എ. ചെറിയാൻ ബി. എ. മുണ്ടക്കൽ അവർകൾ പ്രസംഗിച്ചു. ബാലികാബാലന്മാരുടെ കലാപ്രകടനങ്ങൾ സദസിനെ ആനന്ദിപ്പിച്ചു.

യോഗത്തോടു് അനുബന്ധിച്ചു നടന്ന ലേലത്തിൽ ഒരു കോഴിമുട്ടയ്ക്കു് ഒൻപതു രൂപായും ഒരു മഞ്ഞ റോസപ്പൂവിനു് ഒരു രൂപായും ലഭിച്ചു.

## ഇടവകവാർത്തകൾ

**പൊൻകുന്നം:** ഈ പ്രദേശത്തു് വിഷമിക്കുന്ന ഓരോ ആൾക്കും, കുടുംബത്തിനും അവരവരുടെ ആവശ്യങ്ങൾ തിരക്കിയറിഞ്ഞു് ഭക്ഷണം, വസ്ത്രം, ഭവനനിർമ്മാണം, ചികിത്സ, വിദ്യാഭ്യാസം, ശവസംസ്കാരം, വിവാഹം മുതലായ ജീവകാരുണ്യവേലകൾ (സഹായങ്ങൾ) കഴിവുപോലെ ചെയ്തുകൊണ്ടുള്ള പൊൻകുന്നത്തെ വിൻസെൻറു് ഡിപോൾ സൊസൈററിയുടെ പ്രവർത്തനം നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുവരുന്നു. 1954-55 ലെ മൊത്തംവരവു് 442 ക. 1 ണ 3 പൈയും മൊത്തം ചിലവു് 401 ക. 12 ണയും നീക്കിബാക്കി 40 ക. 5 ണ. 3 പൈയും ആണെന്നറിയുന്നു.

**ബസ്ലഹം:** ഇലഞ്ഞിക്കൽ ഷെവ: തയ്യിൽ കുഞ്ഞിത്തൊമ്മൻ അവർകളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി സ്ഥലം എം. പി. സ്കൂൾ ഹാളിൽവച്ചു് ഒക്ടോബർ 1-ാം തീയതി ഞായറാഴ്ച 8-30 നു് റവ. ഫാദർ യൗസേപ്പു് കൊച്ചുമുട്ടം അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം കത്തോലിക്കാ കോൺഗ്രസിൻെറ ആഭിമുഖ്യത്തിൽ ഒരു യോഗംകൂടി. യോഗത്തിൽ പല പ്രസംഗങ്ങളും അതേതുടർന്നു് അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയാവതരണവും ഉണ്ടായിരുന്നു.

**കുന്നോന്നി:** സ്ഥലം ക. കോൺഗ്രസിൻേറയും ചെ. പു. മിഷൻലീഗിൻേറയും ആഭിമുഖ്യത്തിൽ ഒരു പൊതുസമ്മേളനം ഒക്ടോബർ 23-ാംനു- രാവിലെ 11 മണിക്കു് ശ്രീ എ. ജെ. മാത്യു എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ഷെവ: തയ്യിൽ കുഞ്ഞിത്തൊമ്മൻ അവർകളുടെ നിര്യാണത്തിൽ അനുശോചനം പ്രകടിപ്പിക്കുകയും ബിഹാർ സംഭവത്തിൽ ഖേദം രേഖപ്പെടുത്തുകയുംചെയ്തു. മിഷൻസൺഡേയുടെ പ്രാധാന്യത്തെ അധികരിച്ചു് ശ്രീ എൻ. എം. വറുഗീസ് ബി. എ. ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

**ആവോലി:** ദി മോർണിംഗ് സ്റ്റാർ ക്ലബിൻെറ ഒരു പൊതുയോഗം ഒക്ടോബർ 23-ാംനു- ശ്രീ ടി. വി. മത്തായിയുടെ അദ്ധ്യക്ഷതയിൽ കൂടി. ഷെവ: തയ്യിൽ കുഞ്ഞിത്തൊമ്മൻെറ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയിരിക്കുന്നു.

**കിഴവള്ളൂർ:** ഒക്ടോബർ 23-ാംനു- മിഷൻഞായറാഴ്ച മലങ്കരയാക്കോബായസഭയിൽപ്പെട്ട 16 അംഗങ്ങൾ കിഴവള്ളൂർ കത്തോലിക്കാ പള്ളിയിൽവച്ചു് റവ. ഫാദർ വറുഗീസ് വടശ്ശേരി അവർകളുടെ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു് പുനരൈക്യപ്പെട്ടിരിക്കുന്നു.

20-ാംനു- ളാക്കൂർ ഇടവകയിൽ രണ്ടുപേർ പുനരൈക്യപ്പെട്ടുവെന്നതും പ്രസ്താവ്യമാണു്.

## ചരമവാർത്തകൾ

**ചിലവന്നൂർ:** എറണാകുളം ഗവ: പ്രസ്സിലെ എക്സ്ഫോർമാനായ പള്ളിപ്പറമ്പിൽ വറുതുചാക്കോ അവർകൾ 67-ാമത്തെ വയസ്സിൽ ഒക്ടോ: 22-ാംനു- ശനിയാഴ്ച രാത്രി നിര്യാതനായി. ശവസംസ്കാരം ഞായറാഴ്ച വൈകുന്നേരം റവ. ഫാദർ ജോസഫ് ഇല്ലിപ്പറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും റവ. ഫാദർ മാർക് പള്ളൻ അവർകളുടെ സഹകാർമ്മികത്വത്തിലും ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും വരവുകാട്ടു് കുരിശുപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**വാഴക്കുളം:** ഈ പള്ളി ഇടവക കല്ലുങ്കൽ വക്കി വക്കി വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 22-ാംനു- ശനിയാഴ്ച 87-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം 3 മണിക്കു് പരേതൻെറ സഹോദരപുത്രൻ റവ. ഫാദർ മാത്യു കല്ലുങ്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല ബ: വൈദികരുടേയും സഹകരണത്തിലും സ്ഥലം പള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ ജോസഫ് വെള്ളാങ്കൽ ചരമപ്രസംഗം നടത്തി.

**മല്ലികശേരി:** വളരെനാളുകളായി രോഗശയ്യയിലായിരുന്ന ശ്രീ പൊന്നെടുത്തകല്ലേൽ വക്കി മത്തായി ഒക്ടോ: 22-ാംനു- കാലത്തു കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരകർമ്മം പിറേറന്നു പരേതൻെറ സഹോദരപുത്രനായ റവ. ഫാദർ ജോർജു് പൊന്നെടുത്തകല്ലേൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. റവ. ഫാദർ ജോൺ മററം എം. എ. അവർകൾ ചരമപ്രസംഗം നടത്തി. എലിക്കുളംപള്ളി സിമിത്തേരിയിൽ മൃതദേഹംസംസ്കരിക്കപ്പെട്ടു.

**ചിറയ്ക്കൽ:** ഈ ഇടവക തറയിൽ കുഞ്ഞുവറീതു് അന്തോണി അവർകൾ വാർദ്ധക്യസഹജമായ രോഗംനിമിത്തം അന്ത്യകൂദാശകൾ സ്വീകരിച്ചു് ഒക്ടോബർ 18-ാംനു- ബുധനാഴ്ച 73-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരചടങ്ങുകളിൽ ജാതിമതഭേദമെന്യേ വളരെ ജനങ്ങൾ പങ്കുകൊണ്ടു. മേ. ടി. എ. വക്കി ബി. എ. ബി. എൽ., ടി. എ. ആൻറണി ബി. എസ്സി. എന്നിവരുടെ പിതാവാണു പരേതൻ.

R. I. P.




# ന. പിതാവു് മാർ തോമ്മാശ്ലീഹായുടെ തിരുനാൾ മഹാമഹം

## കൊടുങ്ങല്ലൂർ

ഈ മാസം 21-ാംനു- തിങ്കളാഴ്ച ന. പി. മാർ തോമ്മാശ്ലീഹായുടെ തിരുനാൾ അത്യാഡംബരപൂർവം ഇവിടെ കൊണ്ടാടപ്പെടുന്നു. പാലാ മെത്രാൻ, മെററു് റവ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി പൊന്തിഫിക്കൽ പാട്ടുകുർബാന അർപ്പിക്കുന്നതും റവ. ഫാ. ജോൺ മററം എം എ പ്രസംഗിക്കുന്നതുമായിരിക്കും.

18, 19, 20 എന്നി തീയതികളിൽ പാട്ടുകുർബാന വാഴ്വു്, ധ്യാനപ്രസംഗം ലദിഞ്ഞു്, തിരുശേഷിപ്പുകൊണ്ടുള്ള ആശീർവാദം മുതലായവ ഉണ്ടായിരിക്കുന്നതാണു്.

### 21-ാംനു- തിരുനാൾദിനം:—

7-45നു് അഭിവന്ദ്യ തിരുമേനിയ്ക്കു മാർ തോമ്മാ നഗറിൽ സ്വീകരണം
8-നു് ആഘോഷമായ പൊന്തിഫിക്കൽ പാട്ടുകുർബാന
9-30നു് പ്രസംഗം
10-15നു് പ്രദക്ഷിണം, തിരുശേഷിപ്പുകൊണ്ടുള്ള ആശീർവാദം, തിരുശേഷിപ്പു ചുംബനം, ഉച്ചകഴിഞ്ഞു :—4നു് പ. കുർബാനയുടെ വാഴ്വ്.
4-30നു് പൊതുസമ്മേളനം
റവ. ഫാ. ചെമ്മണ്ണൂർ ബി. എ., ശ്രീ പി ഡി തൊമ്മൻ എം. എ., ബി. എൽ., ഷെവലിയർ ശ്രീ ജോസഫ് പെട്ട എം. എ. എന്നിവർ പ്രസംഗിക്കുന്നതായിരിക്കും.

തിരുനാൾ പ്രസേന്തി: ചെട്ടിക്കാട്ടിൽ പടമാട്ടുമ്മൽ തൊമ്മൻ ജോസഫ്

റെക്ടർ, പൊൻറിഫിക്കൽ ഷ്റയിൻ

ആത്മകഥാകഥനം

# കത്തോലിക്കരെ തോല്പിക്കുവാൻ

(പി. എസ്. അബ്രാഹം, അയിരൂർ)

കത്തോലിക്കർ മററുള്ളവരെ തങ്ങളുടെ സഭയിൽ ചേർക്കുവാൻ എവിടെയും എക്കാലത്തും ഉററു ശ്രമിക്കുന്നവരാണു്. അവരിലൊരുകൂട്ടർ—ഏതാനും കമ്മലീത്താ വൈദികന്മാർ—ഞങ്ങളുടെ ദേശത്തും വന്നുകയറി. പലരേയും അവർ തങ്ങളുടെ വലയിൽ കുടുക്കി അക്കൂട്ടത്തിൽ എന്റെ ജ്യേഷ്ഠനേയും. സഹോദരൻ യാക്കോബായസഭയിൽനിന്നു പോയതിൽ എനിക്കു വലിയ സങ്കടമുണ്ടായി. ഇതിനു കാരണക്കാരായ ആ കത്തോലിക്കാവൈദികരോടു് അതിയായ അമർഷവുംതോന്നി.

ജ്യേഷ്ഠൻ എല്ലാ ഞായറാഴ്ചയും പള്ളിയിൽപോകും. പോകുമ്പോഴും തിരിച്ചുവരുമ്പോഴും അദ്ദേഹം എന്റെ വീട്ടിൽ കയറി യാക്കോബായസഭയുടെ പോരായ്മകളേയും കത്തോലിക്കരുടെ മാഹാത്മ്യങ്ങളേയുംപററി സംസാരിച്ചുവന്നു. എന്റെ കുഞ്ഞുങ്ങളെ സൂത്രത്തിൽ കത്തോലിക്കാപ്പള്ളിയിൽ കൊണ്ടുപോകുവാൻ ജ്യേഷ്ഠൻ തക്കം നോക്കിയിരുന്നു. ഇവയൊക്കെ എനിക്കസഹ്യമായി. ഈ "കത്തോലിക്കനെ" ഒന്നു വാദിച്ചു തോല്പിച്ചിട്ടുതന്നെ കാര്യം, ഞാനാച്ചു. പക്ഷെ എന്തു വാദിക്കാനാണു്, എങ്ങനെ വാദിക്കാനാണു്? യാക്കോബായവിശ്വാസംപോലെ പരിശുദ്ധമായ ഒരു വിശ്വാസം ലോകത്തിലില്ലെന്നു ഞാൻ ദൃഢമായി വിശ്വസിച്ചിരുന്നെങ്കിലും യഥാർത്ഥയാക്കോബായവിശ്വാസമെന്തെന്നു എനിക്കറിഞ്ഞുകൂടായിരുന്നു. അതിനാൽ ആദ്യകാലങ്ങളിൽ, "ജ്യേഷ്ഠനെന്തറിയാം? വിദ്യാഭ്യാസമുള്ളവർ വല്ലവരും റോമാക്കാരുടെ പുറകെ പോകുമോ? റോമാക്കാരെല്ലാം "മരസ്സാ"മാരല്ലേ?" എന്നെല്ലാം ചില ചോദ്യങ്ങൾചോദിച്ചു് അദ്ദേഹത്തെ വാക്കുമുട്ടിക്കുവാൻ ശ്രമിച്ചിരുന്നു. പക്ഷെ ഇങ്ങനെ വെറും വാദത്തിനുവേണ്ടി വാദിക്കുന്നതിൽ എനിക്കത്ര സംതൃപ്തി തോന്നിയില്ല. സത്യത്തെ സത്യമായിത്തന്നെ അറിവാൻ, യാക്കോബായസഭയുടെ യഥാർത്ഥവിശ്വാസമെന്തെന്നു ഞാൻ പഠിക്കുവാൻതുടങ്ങി. ഗുരുഭൂതനായി ഞാൻ തിരഞ്ഞെടുത്തതു് എന്റെ ബന്ധത്തിൽപ്പെട്ട ഒരു വൈദികശ്രേഷ്ഠനെ (ഇന്നദ്ദേഹം യാക്കോബായസഭയിലെ ഒരു കോർഎപ്പിസ്ക്കോപ്പായാണു്) യാണു്. അദ്ദേഹത്തിൽനിന്നു് പല സംഗതികളും ഗ്രഹിച്ചെങ്കിലും ചില കാര്യങ്ങൾക്കു തൃപ്തികരമായ മറുപടി ലഭിച്ചില്ല. ഏതായാലും കിട്ടിയ അറിവു വച്ചുകൊണ്ടു് ആ കമ്മലീത്താച്ചന്മാരെ തോല്പിക്കുവാൻ അങ്ങോട്ടുപോയി. അവരുടെ പ്രത്യുത്തരങ്ങളെ മുൻവിധിയോടെ ഞാൻ തിരസ്കരിച്ചില്ല. അവർ പറഞ്ഞതിൽ വാസ്തവമെന്നു തോന്നിയവ ഞാൻ സമ്മതിച്ചുകൊടുത്തു. സത്യം അറിയണമെന്നു ആത്മാർത്ഥമായി ഞാനാഗ്രഹിച്ചിരുന്നതിനാലാണു് നിഷ്പക്ഷമായി രണ്ടിനേയുംപററി പരിചിന്തനം ചെയ്തതു്. ഒരു യാക്കോബായക്കാരനായതിനാൽ ഞാൻ പറഞ്ഞവയെല്ലാം ശരിയെന്നോ, ആ വൈദികന്മാർ കത്തോലിക്കരായതിനാൽ അവർ പറഞ്ഞവയെല്ലാം പരമാബദ്ധമെന്നോ ഞാൻ വിധിച്ചില്ല.

വർഷങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. എല്ലാററിനും ഉപരിയായി ഞാൻ സത്യാത്മപിയുടെ സഹായമപേക്ഷിക്കയുംചെയ്തു. ഇങ്ങനെ വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ പണ്ഡിതനായ മി. എം. ജി. കുര്യൻ എം. എ. ഞങ്ങളുടെ (യാക്കോബായ) പള്ളിയിൽവന്നു നടത്തിയ പ്രസംഗവും ഞാൻ ശ്രദ്ധിച്ചു. യാക്കോബായക്കാരുടെ "ഹൂദായകാനോൻ" എടുത്തു് അതിലെ "ലോകം നാലായി അറിയപ്പെടുന്നപ്രകാരം നാലു പാത്രിയർക്കീസന്മാരുണ്ടായിരിക്കണം അവരിൽ പ്രധാനതലവൻ റോമിലെ ദേഹമായിരിക്കണം" എന്ന ഭാഗം അദ്ദേഹം വിസ്തരിച്ചു കേട്ടപ്പോൾ, യാക്കോബായക്കാർ സാധാരണ പറയുമ്പോലെ വിശുദ്ധ പത്രോസിനു വെറും "മൂപ്പു"സ്ഥാനമല്ല, പരമാധികാരംതന്നെയുണ്ടെന്നാണു് എനിക്കു മനസ്സിലായതു്.

അപ്പോഴാണു മുളന്തുരുത്തി ബ. സഖറിയാസച്ചൻ കത്തോലിക്കർക്കെതിരായി പൊടിപൂരമായ പ്രസംഗങ്ങൾ നടത്തുന്നുവെന്നു കേട്ടതു്. അദ്ദേഹത്തിന്റെയും പ്രസംഗം ഞാൻ ശ്രവിച്ചു. കത്തോലിക്കരെ തോല്പിക്കുവാൻ വല്ല നൂതനാശയങ്ങളും ലഭിക്കുമെന്നു പ്രതീക്ഷിച്ചാണു് ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ പോയതു്. എന്നാൽ അനുഭവം പ്രതീക്ഷയ്ക്കെതിരായിരുന്നു. കത്തോലിക്കരെപ്പററി അല്പമെങ്കിലും ജ്ഞാനമോ പരിചയമോ ഉള്ള സുബുദ്ധികൾക്കു വിശ്വസിക്കാനാവാത്ത "ഗജമണ്ടത്തരങ്ങൾ" അദ്ദേഹം തട്ടിമൂളിച്ചു. ഇന്നും അദ്ദേഹമതു മറക്കാതെ ആവർത്തിക്കുന്നുണ്ടു്. ഉദാഹരണമായി ഒരു പെൺപാപ്പാ ഭരിച്ചെന്നും മററും. കത്തോലിക്കാസഭയിൽ ഒരാൾ പാപ്പായാകുന്നതിനുമുമ്പ് വൈദികൻ, മെത്രാൻ, കർദ്ദിനാൾ എന്നിങ്ങനെ പല പദവികൾ കടക്കേണ്ടിയിരിക്കുന്നു. അതും ഒരു ദീർഘകാലയളവുകൊണ്ടു്. സാമാന്യവിദ്യാഭ്യാസത്തിനുശേഷം ഇപ്രകാരമുള്ള പല പടികൾ കടക്കുന്നതിനുള്ളിൽ ഒരു വ്യക്തി സ്ത്രീയോ പുരുഷനോയെന്നു് തിരിച്ചറിവാൻ ശേഷിയില്ലാത്ത ഭോഷന്മാരായിരുന്നുവോ അന്നത്തെ ആളുകൾ? സ്ത്രീകൾക്കു യാക്കോബ്യരും പട്ടംകൊടുക്കയില്ലല്ലോ.

വേറൊരപവാദം അദ്ദേഹം പറഞ്ഞുപിടിപ്പിച്ചതു് മാർപ്പാപ്പാ റോമിൽ ഒരു അച്ചുകമ്പനി സ്ഥാപിച്ചു് കുർബാനയപ്പം ഉണ്ടാക്കി വിററു് പണം സമ്പാദിക്കുന്നെന്നാണു്. മാററാക്കും കുർബാനയപ്പം ഉണ്ടാക്കുവാൻ അനുവാദമില്ലപോലും. എന്നാൽ ഞങ്ങളുടെ സ്ഥലത്തെ കത്തോലിക്കാദൈവാലയത്തിൽ കുർബാനയപ്പം ഉണ്ടാക്കുന്നതായി അറിഞ്ഞിരുന്ന എനിക്കു് അദ്ദേഹത്തിന്റെ വ്യാജപ്രസ്താവനയിൽ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെ സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി പാപ്പാമാരെയെന്നല്ല ദൈവത്തെപ്പോലും കുററംപറയുന്നവർ ലോകാരംഭംമുതലുള്ളതാണു്. ദൈവപുത്രൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നുപറയുകയും അത്ഭുതങ്ങളാൽ സ്ഥിരീകരിക്കയും ചെയ്തവയെ വിശ്വസിക്കാതെ, പിശാചുബാധിതനാണെന്നും ദൈവദൂഷകനാണെന്നും മററും പറഞ്ഞു പരിഹസിച്ച പ്രീശന്മാരുടെയും സദുക്കായരുടേയും അനന്തരഗാമികൾ ഇന്നും ആ ക്രിസ്തുവിന്റെ സഭയേയും സഭാധികാരികളേയും ആക്ഷേപിക്കുന്നെങ്കിൽ അത്ഭുതപ്പെടാനില്ല.

ബ. മുളന്തുരുത്തി സഖറിയാസച്ചന്റെ പ്രസ്താവനകളിൽനിന്നും അനുമാനിക്കേണ്ടതു് "ഒന്നുകിൽ അദ്ദേഹത്തിനു കത്തോലിക്കരെപ്പററി യാതൊന്നുമറിഞ്ഞുകൂടാ. അല്ലെങ്കിൽ മനസ്സാക്ഷിക്കെതിരായി, കത്തോലിക്കരെ കുററം പറയാൻമാത്രം അദ്ദേഹം കുററം പറയുന്നു"വെന്നാണു്. ഈവക മായത്തരങ്ങൾ—അദ്ദേഹം പറഞ്ഞവ ബുദ്ധിപൂർവ്വകമാണോയെന്നു് വായനക്കാർ ചിന്തിക്കട്ടെ— അല്ലാതെ വിശ്വസിക്കുന്നവർ ഇന്നുമില്ലേ? സത്യത്തെ യഥാർത്ഥമായി സ്നേഹിക്കയും അന്വേഷിക്കയും ചെയ്യാത്തതുകൊണ്ടല്ലേ അവരിന്നും സത്യപ്രകാശം കാണാതിരിക്കുന്നതു്? സത്യത്തെ "അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും."

ക്രിസ്തീയജീവിതത്തിന്റെ പൂർണ്ണത അടങ്ങിയിരിക്കുന്നതു് കൂദാശപരമായ ജീവിതത്തിലാണെന്നു യാക്കോബായക്കാരും സമ്മതിക്കും. പക്ഷേ, അവർക്കു് ആത്മാവിന്റെ വിലയേറിയ ഭക്ഷണം— വി. കുർബാന—സ്വീകരിക്കുവാൻ പലപ്പോഴും "പെസഹാ"വരെ കാത്തിരിക്കണം. കൂദാശപരമായ ആ ഭാഗ്യജീവിതം നയിക്കുവാൻ—ഈ ലോകത്തിൽ മനസ്സമാധാനവും ആ ലോകത്തിൽ നിത്യാനന്ദവും അനുഭവിക്കുവാനുതകുന്ന ആ പരിശുദ്ധജീവിതം ജീവിക്കുവാൻ—ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഏതൊരുവനും കത്തോലിക്കാസഭയിൽ ചേർന്നെങ്കിലേ മതിയാവൂ എന്നെനിക്കു ബോധ്യമായി. ഇതാണു് കത്തോലിക്കനെ തോല്പിക്കുവാൻ ഞാൻ പരിശ്രമിച്ചതിന്റെ പരിണതഫലം.

എന്റെ ബോധ്യമനുസരിച്ചു് പ്രവർത്തിക്കുവാൻ പല വിഷമതകൾ നേരിട്ടു. പല ബന്ധുമിത്രാദികളുടേയും അതൃപ്തിക്കു് പാത്രീഭവിക്കണം, ചോദിക്കുന്നവരോടെല്ലാം സമാധാനം പറയണം, അങ്ങനെ പലതും. വിശ്വാസം മനസ്സിലാക്കിയിട്ടുള്ള പല അകത്തോലിക്കാസഹോദരങ്ങളും ഇന്നു് ഈവക പ്രശ്നങ്ങൾക്കു മുമ്പിൽ മിഴിച്ചുനിൽക്കയാണു്. എന്റെ കുടുംബത്തിൽപ്പെട്ട ചിലർ ചോദിക്കുന്നതു് "അയ്യോ നമ്മുടെ വീട്ടിലെ അച്ചനെ ഉപേക്ഷിച്ചു് എങ്ങനെ കത്തോലിക്കരോടു യോജിക്കും, അദ്ദേഹത്തിന്റെ കുർബ്ബാനചൊല്ലു് കേൾക്കാനെന്തൊരിമ്പം" എന്നിങ്ങനെയാണു്. എന്നാൽ ഇങ്ങനെ ചോദിക്കുന്നവരെക്കാൾ ബ. അച്ചനുമായി അടുത്ത ബന്ധമുള്ള എനിക്കു് കത്തോലിക്കനാകുവാൻ ധൈര്യം തന്നതു നമ്മുടെ നിത്യപുരോഹിതനെ— ക്രിസ്തുവിനെ— ഉപേക്ഷിച്ചു് എങ്ങിനെയാണു് "വീട്ടിലെ അച്ചനെ" പ്രീതിപ്പെടുത്തുന്നതു് എന്ന ചിന്തയാണു്. കൂടാതെ ദൈവത്തെ സ്നേഹിക്കുന്നതിൽ "നിന്റെ വലത്തുകൈ നിനക്കിടർച്ച വരുത്തുന്നെങ്കിൽ അതു വെട്ടി ദൂരെ എറിഞ്ഞുകളയുക...അംഗഭംഗത്തോടുകൂടി —ഇഷ്ടജനങ്ങളിൽനിന്നു വേർപെട്ടു്—നിത്യജീവനിൽ പ്രവേശിക്കുന്നതു് നിനക്കു നല്ലതാകുന്നു..." ഇത്യാദിദിവ്യവാക്യങ്ങളും എന്നെ ധൈര്യപ്പെടുത്തി. ഇന്നും ചിലർ (തങ്ങളുടെ ആത്മീയ അജ്ഞതമൂലം) തട്ടിവിടാറുണ്ടു് "എന്റെ വല്യപ്പച്ചനും വല്യമ്മച്ചിയുമൊക്കെ നരകത്തിലാണെങ്കിൽ ഞാനും അങ്ങോട്ടു പൊയ്ക്കൊള്ളാം" എന്നു്. ഇവർ ആത്മാവിന്റെ വിലയെപ്പററി എന്തറിയുന്നു. നരകത്തിന്റെ ഭീകരതയെപ്പററി എന്തു ഗ്രഹിക്കുന്നു? "എന്നെക്കാൾ അധികം അപ്പനേയോ അമ്മയേയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" എന്ന വാക്യം ഇവിടെയും ചിന്തനീയമല്ലേ?

ക്രിസ്തുനാഥന്റെ വാക്യം നിത്യസത്യമാകയാലും "കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭ കത്തോലിക്കാസഭ മാത്രമാണെന്നു്" എനിക്കു ദൃഢബോധ്യം വന്നതിനാലും ഞാൻ യാക്കോബായസഭയെ സധൈര്യം വിട്ടുപിരിഞ്ഞു. എന്റെ അറിവും സമ്മതവും കൂടാതെ കത്തോലിക്കാദൈവാലയത്തിൽ പോയ എന്റെ മകനെ ശിക്ഷിക്കുവാൻ ഉയർത്തിയ കരങ്ങൾതന്നെ അവനെ കത്തോലിക്കാസഭയിലേക്കാനയിച്ചു. ആ മകനിന്നു കത്തോലിക്ക വൈദികസെമിനാരിയിൽ പഠിക്കുന്നു. മൂത്തമകൾ കന്യാസ്ത്രീയായി ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിൽ വേല ചെയ്യുന്നു. ഇന്നു ഞാൻ മനസ്സമാധാനം അനുഭവിക്കുന്നതു് ഒരു കത്തോലിക്കനായതുകൊണ്ടു മാത്രമാണു്. എന്നോടു വിരോധം കാണിച്ച പലരും ഇന്നു് കത്തോലിക്കരാണു്. ഇനിയുള്ളവരും കർത്താവിന്റെ സ്നേഹമസൃണമായ ക്ഷണം കേട്ടു് ഏകതൊഴുത്തിലേക്കു് വരുമാറാകട്ടെ എന്നു ഞാൻ ഹൃദയം നൊന്തു പ്രാർത്ഥിക്കുന്നു.

# ക്രിസ്തുവിന്റെ കാരുണ്യാദർശം

[ഫാദർ തോമസ് മണക്കാട്ട്]

സ്നേഹനിർഭരമായ മനുഷ്യഹൃദയത്തിലെ തേനരുവിയാണു് കാരുണ്യം. അതു ദൈവികമായ ഒരു വികാരവിശേഷമത്രെ. ശിലാഹൃദയങ്ങളെപ്പോലും അതു അലിയിക്കയും ആനന്ദത്തിൽ ആറാടിക്കയും ചെയ്യുന്നു. ദോഷത്തെ അതു നിർമ്മാർജ്ജനം ചെയ്യുന്നു. കോപത്തെ ശാന്തമാക്കുന്നു. നന്മയെ നേരുന്നു. അസൂയയെ നാടുകടത്തുന്നു. വിപ്ലവത്തെ നശിപ്പിക്കുന്നു. ക്ലേശങ്ങളെ ദൂരീകരിക്കുന്നു. സൗഹാർദ്ദത്തിന്റെ തണ്ണീർപ്പന്തലുകളെ അതു നിർമ്മിക്കുന്നു. ഐക്യത്തിന്റെ ഐശ്വര്യരംഗം അതു സൃഷ്ടിക്കുന്നു. സമാധാനത്തിന്റെയും ശാന്തിയുടേയും വിജയപതാകയെ അതു നാട്ടുന്നു. ഹാ! കാരുണ്യം എത്ര സുമഗസുന്ദരമാണു്!

കാരുണ്യത്തിന്റെ ഈ വൈശിഷ്ട്യം ഗ്രഹിച്ചിട്ടത്രെ കരുണാകടലായ കന്യാസുതൻ—ക്രിസ്തുനാഥൻ—കാരുണ്യത്തെ വാനോളം പുകഴ്ത്തിയതു്. "കാരുണ്യമുള്ളവർ ഭാഗ്യവാന്മാർ, കാരണം അവർക്കു് കരുണ ലഭിക്കും." അതുകൊണ്ടത്രെ ലോകൈകനാഥനായ അവിടുന്നു് കാരുണ്യത്തിന്റെ പാരാവാരമായി ലോകജീവിതം കഴിച്ചതു്. ബെദ്ലേഹം മുതൽ കാൽവരിക്കുന്നുവരെ കാരുണ്യം വാരിവിതറിക്കൊണ്ടാണു് അവിടുന്നു് ജീവിച്ചതു്. ഒരിക്കൽ വിശന്നുവലഞ്ഞു തന്നെ അനുഗമിച്ച അയ്യായിരത്തിലധികം ആളുകൾക്കും മറെറാരിക്കൽ ഏഴായിരത്തിൽ ശിഷ്ടം ആളുകൾക്കും അത്ഭുതകരമായി അവിടുന്നു് അപ്പം വർദ്ധിപ്പിച്ചു് അവശതതീർത്തു. കുരുടനും ചെകിടനും മുടന്തനും കുഷ്ഠരോഗികളും എന്നുവേണ്ട തന്റെ അടുക്കൽ കാരുണ്യാർച്ചന ചെയ്ത എല്ലാവർക്കും അവരുടെ അഭീഷ്ടം സാധിച്ചുകൊടുത്തു. അവസാനം കുരിശിൽ പ്രാണൻ ബലിയർപ്പിച്ചു തന്റെ കാരുണ്യപ്രവാഹത്താൽ അധഃപതിച്ച മനുഷ്യവർഗ്ഗത്തെ മുഴുവൻ സമുദ്ധരിച്ചു. വാസ്തവത്തിൽ, അവിടുത്തെപ്പോലെ ലോകത്തിനു് കാരുണ്യാദർശം നൽകിയിട്ടുള്ളവരായി ആരുംതന്നെ ലോകത്തിൽ ആവിർഭവിച്ചിട്ടില്ല. അതെ, യഥാർത്ഥമായ കാരുണ്യാദർശത്തിനു് കനകമുടി ചാർത്തിയതു് കരുണാകടലായ ക്രിസ്തുതന്നെയാണു്.

സഹസ്രാബ്ദങ്ങൾക്കു മുമ്പു് പലസ്തീനായിൽനിന്നും ഉയർന്ന ആ കാരുണ്യസന്ദേശം ലോകഗതിയെ ഒന്നു മാററിവിട്ടു. ദുഷ്ടതയ്ക്കു ദുഷ്ടതയും, പ്രതികാരത്തിനു പ്രതികാരവും, വിദ്വേഷത്തിനു വിദ്വേഷവും കൊലയ്ക്കു കൊലയും നടമാടിക്കൊണ്ടിരുന്ന അന്നത്തെ ലോകത്തിനു് ഒരു നൂതനസന്ദേശമായിരുന്നു അതു്. അതിനാൽ ഭീകരമായ ഒരു എതിർപ്പു് ആ സന്ദേശത്തിന്റെ മുമ്പിൽ തലപൊക്കിനിന്നു. ഒരു പ്രത്യ

നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ചു് പുരോഗമിച്ചു ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ – അതിരമ്പുഴ – കോഴിക്കോട്
ചങ്ങനാശ്ശേരി – എടത്വാ – കോട്ടയം
തിരുവല്ല – തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

# കത്തോലിക്കരും കമ്മ്യൂണിററിപ്രൊജക്ടും

[ഗ്രാമസേവക് ഡി ജോസഫ, ചെങ്ങമനാട്]

കേരളത്തിൽ കത്തോലിക്കരുടെ സ്കൂളുകളും, ആതുരാലയങ്ങളും, ആശുപത്രികളും അതുപോലുള്ള മററു സാമൂഹികസ്ഥാപനങ്ങളും നമുക്ക് ധാരാളമായി കാണാം. അതുകൊണ്ടാണല്ലൊ കേന്ദ്രസോഷ്യൽ വെൽഫയർ ബോർഡ് അംഗമായ ശ്രീമതി സെരീനാ കരീംബായി അവരുടെ ഇവിടത്തെ പര്യടനവേളയിൽ തിരുക്കൊച്ചിയിലെ കത്തോലിക്കാസാമൂഹിക പ്രവത്തനങ്ങളെ വളരെയധികം അഭിനന്ദിച്ചു സംസാരിച്ചതു്. ഇന്നു ഭാരതം ഒരു പരിവത്തനത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. കമ്മ്യൂണിററിപ്രോജക്ററുകളും ദേശീയവികസനപദ്ധതികളുമാണ് അവയുടെ നട്ടെല്ലുകൾ. അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇവിടത്തെ ഈ ദ്വശപദ്ധതികൾ വിജയിച്ചെങ്കിൽ മാത്രമേ ഭാരതീയക്കെല്ലാവർക്കും അഭിമാനംകൊള്ളാവുന്ന ആ ക്ഷേമരാഷ്ട്രനിമ്മാണം പൂത്തിയാകൂ. ഇവിടത്തെ കത്തോലിക്കനും, യാക്കോബായക്കാരനും, കമ്മ്യൂണിസ്റ്റുകാരനും, കോൺഗ്രസ്സുകാരനും എന്നുവേണ്ട ഓരോ ഭാരതീയനും ഈ കാലയളവിൽ ഈ പദ്ധതിയനുസരിച്ചു പ്രവത്തിച്ചാൽ മാത്രമേ, ഗവമ്മെൻറുമായി സഹകരിച്ചാൽ മാത്രമേ, ആ ലക്ഷ്യത്തിലെത്തിച്ചേരുകയുള്ളു.

1952 ലാണ് നമ്മുടെ രാജ്യത്തു് കമ്മ്യൂണിററിപ്രോജക്ററ് ആരംഭിച്ചതു്. ഏതാനും ചില സ്ഥലങ്ങളിലുള്ള ആളുകൾക്കു ഇതേപ്പററി മനസ്സിലായിട്ടുണ്ടെന്നു വരാം. എന്നാൽ പലരും മനസ്സിലാക്കാതെയാണിരിക്കുന്നതു്. എന്താണ് ഈ കമ്മ്യൂണിററിപ്രോജക്ററ് അല്ലെങ്കിൽ ദേശീയവികസനപദ്ധതി? It is a programme to help the people to help themselves. ജനങ്ങൾ ഒരുമിച്ചു സഹകരിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടി ജനങ്ങളെ സഹായിക്കുന്ന ഒരു പദ്ധതി. ഓരോ വ്യക്തിയും നന്നാകാതെ ഈ പദ്ധതികൾ വിജയിക്കുകയില്ല. ജനങ്ങളുടെ സംഘടിതസഹകരണപ്രവത്തനംകൊണ്ടു്, അവരുടെ കഠിനപ്രയത്നവും, അദ്ധ്വാനവുംവഴി ഇവിടത്തെ പ്രശ്നങ്ങളെ നേരിടാമെന്നാണ് ഈ പദ്ധതി പഠിപ്പിക്കുന്നതു്. അല്ലാതെ ചിലർ മനസ്സിലാക്കുന്നതുപോലെ ഇതു് എല്ലാ കാര്യങ്ങൾക്കും പണം വാരിയെറിഞ്ഞു് എല്ലാവരേയും പ്രീണിപ്പിക്കുന്ന ഒന്നല്ല. സാമൂഹികവും, സാമ്പത്തികവും, സദാചാരപരവുമായ കാര്യങ്ങളിൽ നാം അഭിവൃദ്ധിപ്പെട്ടാലല്ലാതെ നമ്മുടെ ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതല്ല.

കത്തോലിക്കാസാമുദായികസംഘടനകളായ വിൻസെൻറു് ഡി പോൾ സൊസൈററി, ലീജിയൻ ഓഫ് മേരി തുടങ്ങിയ സംഘടനകൾക്ക് ഇവിടത്തെ സാമൂഹികസദാചാരകാര്യങ്ങളിൽ കുറെയെല്ലാം പ്രവത്തിക്കുവാൻ സാധിക്കും. ഈ സംഘടനകൾ മേല്പറഞ്ഞ ദേശീയവികസനപദ്ധതികളുമായി കഴിയാവുന്നിടത്തോളം യോജിച്ചുപ്രവത്തിക്കുകയാണെങ്കിൽ അതു് ഇന്നാട്ടിലെ പദ്ധതികളുടെ വിജയത്തിനു സഹായകമായേക്കും. സാമുദായികമായി മനുഷ്യൻ വളരേണ്ടതും ഉയരേണ്ടതും അത്യാവശ്യമാണ്. പക്ഷെ കമ്മ്യൂണിററിപ്രോജക്ററോ, എൻ. ഇ. എസ്. ബ്ളോക്കുകളോ സാമുദായികപരിഗണന ഒരു കാര്യത്തിലും നൽകുന്നതല്ലെന്നും, അതു് നമ്മുടെ ദേശീയഐക്യത്തിനും ഐശ്വര്യത്തിനും വിഘാതമായിത്തീരുമെന്നും മനസ്സിലാക്കുന്നവർ മേൽപ്രസ്താവിച്ച പ്രവത്തനപദ്ധതികളുമായി ചേരുമ്പോൾ സാമുദായികജാതീയ ചിന്തകളെ മാററിവച്ചു് ഒരു ഇൻഡ്യൻപൗരൻ എന്ന നിലയിൽമാത്രം വത്തിക്കേണ്ടതാണ്.

ഒത്തൊരുമിച്ചുള്ള സമൂഹപ്രവത്തനങ്ങളിൽക്കൂടി മാത്രമേ നമുക്കു മുന്നേറുവാൻ സാദ്ധ്യമാകൂ. അതുകൊണ്ടാണ് പരസ്പരസഹായസംഘങ്ങൾ, കർഷകസംഘങ്ങൾ, കൂട്ടുകൃഷികേന്ദ്രങ്ങൾ, റിക്രിയേഷൻ സെൻററുകൾ എന്നിവയ്ക്കു് കമ്മ്യൂണിററിപ്രോജക്ററ് വളരെ പ്രാധാന്യം നൽകുന്നതു്. കൃഷി, കൈത്തൊഴിൽ മുതലായ വിഷയങ്ങളിൽ സംഘടിതരൂപത്തിലുള്ള പ്രവത്തനംകൊണ്ടു മാത്രമേ പൂർണ്ണവിജയം വരിക്കുവാൻ സാദ്ധ്യമാകയുള്ളുവെന്നു്, പാലസ്റ്റൈൻ, ഡെൻമാർക്ക്, ജപ്പാൻ മുതലായ രാജ്യങ്ങളുടെ ചരിത്രം നോക്കിയാൽ മനസ്സിലാക്കാം. കൃഷിയെന്നല്ല ജീവിതത്തിൻെറ ഏതു തുറകളിലും ചെന്നെത്തി, അല്ലെങ്കിൽ മനുഷ്യൻെറ മാനസികവും, ശാരീരികവുമായ എല്ലാ കാര്യങ്ങളിലും ശ്രദ്ധചെലുത്തി, നാടിൻേറയും നാട്ടാരുടേയും ക്ഷേമത്തിനുവേണ്ട മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചുതരുന്ന ചൂണ്ടുപലകയാണ് ഈ ദേശീയവികസനപദ്ധതികൾ. അതു് ഇവിടത്തെ ജനങ്ങളുടെ, ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു പദ്ധതിയാണ്. ദിനപ്പത്രങ്ങൾ നോക്കിയാലറിയാം, നവീനരീതിയിലുള്ള കൃഷിസമ്പ്രദായങ്ങളും, വളമുല്പാദനരീതികളും, വിവിധരീതിയിലുള്ള സംഘങ്ങളും, സംഘടനകളും നാട്ടിനീളെ ജനങ്ങളുടെ സഹകരണവും ഉത്സാഹവുമുള്ളിടങ്ങളിലെല്ലാം വളന്നുവരുന്നതു്. ഓരോ വിഷയങ്ങളിലും പാണ്ഡിത്യവും പരിചയവുമുള്ള വിദഗ്ദ്ധന്മാർ ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി ഗവമ്മെൻറിൽനിന്നും നിയോഗിച്ചിട്ടുള്ളതു കൂടാതെ സാധാരണഗതിയിലുള്ള എല്ലാ വിഷയങ്ങളിലും കുറെയൊക്കെ പാടവം സിദ്ധിച്ചിട്ടുള്ള ഗ്രാമസേവകരും നിങ്ങളുടെകൂടെ, നിങ്ങളുടെ പഞ്ചായത്തുകൾതോറും (പ്രോജക്ററോ, എൻ. ഇ. എസ്. ബ്ളോക്കോ ആണെങ്കിൽ) ഉണ്ടു്. അവരുടെ നിദ്ദേശങ്ങൾ സ്വീകരിക്കുകയും, അവരുമായി സഹകരിക്കുകയും ചെയ്യേണ്ടതു് ഒരു നല്ല "നാളെ" യെ ആഗ്രഹിക്കുന്ന ഓരോ പൗരൻേറയും കടമയാണ്.

അതുകൊണ്ടു് നാം സാമുദായികമായി ഉയരുന്നതോടൊപ്പം അല്ലെങ്കിൽ സാമുദായികസംഘടനകളുമായി വളരുന്നതോടൊപ്പം, ഇന്നാട്ടിലെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി തുറന്നുവിട്ടിട്ടുള്ള കമ്മ്യൂണിററിപ്രോജക്ററ്, എൻ. ഇ. എസ്. മുതലായ പദ്ധതികളുമായി സഹകരിച്ചു പ്രവത്തിക്കേണ്ടതു് സ്വരാജ്യസ്നേഹികളായ, കത്തോലിക്കരായ നമ്മുടെ ഏവരുടേയും കടമയാണ്.

ക്ഷസമരം തന്നെ ആ നൂതനാദശത്തിനെതിരായി ആവിർഭവിച്ചു. അവസാനം കാരുണ്യവാനായ ക്രിസ്തുവും അവിടത്തെ അനുയായികളും വിജയം വരിച്ചു. ലോകപ്രസിദ്ധരും സിംഹതുല്യരുമായ റോമൻ സാമ്രാജ്യാധിപതികൾപോലും ചെമ്മരിയാട്ടുകളെപ്പോലെ പ്രശാന്തരായി പ്രശാന്തനായ ക്രിസ്തുവിൻെറ പാദങ്ങളിൽ പ്രണമിച്ചു. എങ്കിലും കാലചക്രത്തിരിവുകളിൽ വീണ്ടും വീണ്ടും പ്രസ്തുതാദശത്തിനെതിരായി സമരകാഹളങ്ങൾ മുഴങ്ങാതിരുന്നിട്ടില്ല. പക്ഷെ, ക്രിസ്തുവിൻെറ കാരുണ്യാദശം ഇന്നും വിജയിച്ചുവരികയാണ്. കുന്നിൻമുകളിൽ കൊളുത്തപ്പെട്ട ദീപംപോലെ ഇന്നും അവിടത്തെ കാരുണ്യാദർശം ലോകത്തിനു വഴി തെളിച്ചുകൊണ്ടിരിക്കുന്നു.

അവിടത്തെ കാരുണ്യാദർശത്തിൻെറ പ്രാധാന്യം സുവിശേഷത്തിൽ പ്രത്യേകിച്ചും വ്യക്തമാക്കിയിട്ടുണ്ടു്. ജീവകാരുണ്യപ്രവത്തനങ്ങളാണ് സ്വർഗ്ഗസൗഭാഗ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളായി അവിടുന്നു ചൂണ്ടിക്കാണിക്കുന്നതു്. അവ ശരിക്കു് അനുഷ്ഠിച്ചിട്ടുള്ളവക്കു സ്വർഗ്ഗഭാഗ്യം നൽകുമെന്നും അല്ലാത്തവക്കു നരകമായിരിക്കും ലഭിക്കുന്നതെന്നും അവിടുന്നു് പ്രസ്പഷ്ടം പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽ കവിഞ്ഞു് കാരുണ്യപ്രവത്തനത്തിൻെറ ആവശ്യകതയെ വ്യക്തമാക്കേണ്ടതില്ലല്ലോ. ക്രിസ്ത്യാനികളായ നാമെങ്കിലും ഈ കാര്യത്തിൽ ദത്തശ്രദ്ധരായിരിക്കേണ്ടതല്ലേ!

ആദ്ധ്യാത്മികവീഥി

## പശ്ചാത്താപം

(തുടർച്ച)

### പാപബോധം

ദൈവത്തിൻെറ വത്സലമക്കളേ,

ആധുനികലോകത്തിലെ ഏററവും വലിയ തിന്മ പാപബോധമില്ലായ്മയാണെന്നു പറയാം. പാപബോധം കൂടാതെ പശ്ചാത്താപത്തെക്കുറിച്ചു ചിന്തിക്കപോലും സാദ്ധ്യമല്ല. അതിനാൽ ആദ്യമായിതന്നെ പാപമെന്ന ഒന്നുണ്ടോയെന്നു നമുക്കു ചിന്തിക്കാം.

ആ ചോദ്യത്തിനു ശരിയായി ഉത്തരം പറയണമെങ്കിൽ ദൈവം എന്നൊരാൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽതന്നെ ആ ആൾക്കു നമ്മോടു കല്പിക്കാൻ എന്തെങ്കിലും അവകാശമുണ്ടോയെന്നും തീരുമാനിക്കേണ്ടതായിട്ടുണ്ടു്. പക്ഷെ അതു സമർത്ഥിക്കുന്നതിനുള്ള സ്ഥലം ഈ പംക്തിയല്ല. ഉത്തമ ദൈവവിശ്വാസികളെ ഉദ്ദേശിച്ചു മാത്രമാണല്ലൊ ഇതെഴുതുന്നതു്.

യഥാർത്ഥത്തിൽ ഇന്നു വളരെ പ്രചാരത്തിലിരിക്കുന്ന നിരീശ്വരതത്വത്തിൻേറയും ഭൗതികവാദത്തിൻേറയും പരിണതഫലമാണു പാപബോധമില്ലായ്മ. പാപം എന്നു പറയുന്നതു ദൈവകല്പനയുടെ ലംഘനമാണല്ലൊ. ദൈവം തന്നെയില്ലെങ്കിൽ പിന്നെ ആരു കല്പിക്കാനാണ്? കല്പനയില്ലെങ്കിൽ പിന്നെ അതിനു എങ്ങനെ ലംഘനമുണ്ടാകും? നിരീശ്വരന്മാർ എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ.

എന്നാൽ ഈശ്വരവിശ്വാസികളായ നമ്മുടെ കാര്യം അങ്ങനെയല്ല. ദൈവമുണ്ടെന്നു നാം വിശ്വസിക്കുന്നു. നാം ആയിരിക്കുന്നതും നമുക്കുള്ളതുമെല്ലാം അങ്ങേപ്പക്കൽനിന്നാണെന്നു നമുക്കറിയാം. നമ്മുടെമേൽ ദൈവത്തിനു സകല കർത്തൃത്വവുമുണ്ടെന്നു നമുക്കു ബോധമുണ്ടു്. അവിടത്തെ കല്പനകൾ അനുസരിക്കാൻ നാം കടപ്പെട്ടവരാണെന്നുള്ളതിൽ നമുക്കു യാതൊരു സംശയവുമില്ല. ഇതെല്ലാമായിട്ടും ഒരു കൂസലുമില്ലാതെ നാം പാപംചെയ്യുന്നു. നാം വേണ്ടത്ര ചിന്തിക്കുന്നില്ലെന്നുള്ളതാണ് അതിനു കാരണം.

ദൈവകല്പനയുടെ ലംഘനമാണ പാപമെന്നു ചെറുപ്പത്തിലേ നാം പഠിച്ചിട്ടുണ്ടു്. പക്ഷെ പാപം എങ്ങനെയാണു ദൈവത്തെ ഉപദ്രവിക്കുന്നതെന്നു നാം ചിന്തിച്ചിരിക്കയില്ല. ഒരുദാഹരണമെടുക്കാം. നാം ഒരാളെ ഒരുദിവസത്തെ വേലയ്ക്കായി വിളിക്കുന്നുവെന്നിരിക്കട്ടെ. രാവിലെ ഒരു തുമ്പാ കൊടുത്തിട്ടു് ആറടി അകലത്തിൽ ഒരടി ചതുരവും അത്രയും ആഴവുമായി കുഴി കുഴിക്കുന്നതിനു് അയാളോടു പറയുന്നു. ഉച്ചയ്ക്കു ചെന്നുനോക്കുമ്പോൾ മൂന്നടി അകലത്തിൽ അരയടി ചതുരത്തിൽ മൂന്നുനാലു കുഴി തീർത്തശേഷം അയാൾ ഒരു വൃക്ഷച്ചുവട്ടിൽ ചാരിയിരുന്നുറങ്ങുകയാണെങ്കിൽ നമുക്കെന്തുതോന്നും? നിശ്ചയമായും അയാളോടു നീരസംതോന്നും. വിളിച്ചെഴുന്നേല്പിച്ചു് അയാളെ കുറെ ശകാരിക്കാതിരിക്കയില്ല. അതുവരെയുള്ള സമയത്തേക്കു യാതൊരു കൂലിയും കൊടുക്കുകയില്ല.

റബ്ബർതോട്ടത്തിലെ കളവെട്ടാൻ പറഞ്ഞയച്ച വേലക്കാരൻ അശ്രദ്ധകൊണ്ടു് റബ്ബർത്തൈതന്നെ കിളച്ചുപറിച്ചു കളഞ്ഞതായി കാണുന്നപക്ഷം അയാളോടു കോപിക്കമാത്രമല്ല നഷ്ടപരിഹാരംകൂടി ആവശ്യപ്പെടും.

നമ്മുടെ തോട്ടത്തിൽ കയറി പൂ പറിക്കരുതെന്നും മാവിന്മേൽ എറിയരുതെന്നും പറഞ്ഞിട്ടു വകവയ്ക്കാത്ത കുട്ടികളും നമുക്കു വളരെ നീരസമുളവാക്കുന്നു. മേല്പറഞ്ഞവരെല്ലാം നമ്മുടെ ഇഷ്ടത്തിനു വിരോധമായി പ്രവത്തിക്കുമ്പോൾ നമ്മുടെ മനസ്സിനുണ്ടാകുന്ന വിഷമം യഥാർത്ഥത്തിൽ ഒരുപദ്രവമല്ലയോ? അവരെല്ലാം നമ്മെ ഉപദ്രവിക്കുന്നുവെന്നു പറഞ്ഞുകൂടയോ? അതുപോലെ ദൈവത്തിൻെറ ആജ്ഞയെ നാം ലംഘിക്കുമ്പോഴും അവിടുത്തെ ഉപദ്രവിക്കുന്നുവെന്നു പറയാം.

എന്നാൽ മനുഷ്യർ പരസ്പരം ഉപദ്രവിക്കുന്നതും അവർ ദൈവത്തെ ഉപദ്രവിക്കുന്നതുമായി വലിയ വ്യത്യാസമുണ്ടു്. അതേക്കുറിച്ചു് അടുത്തതിൽ.

എന്നു
പ്രാത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

# കത്തോലിക്കാപത്രപ്രവർത്തകരുടെ മദ്ധ്യസ്ഥൻ

(ഫ്രഏ. ജി. അഗസ്റ്റിൻ, ബി. ഏ. ബി. എൽ.)

കത്തോലിക്കാ പത്രപ്രവത്തനത്തിൻെറ മദ്ധ്യസ്ഥനായ സെൻറു് ഫ്രാൻസിസ് സാലെസ് ഇന്നത്തെപ്പോലെയുള്ള പത്രങ്ങളും മാസികകളും മററും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ജീവിച്ചിരുന്നതെന്നറിയുമ്പോൾ ഒരു പക്ഷെ അത്ഭുതം തോന്നിയേക്കാം. 16-ാം ശതാബ്ദത്തിൻെറ അന്ത്യഘട്ടത്തിലും 17-ാം ശതാബ്ദത്തിൻെറ ആദ്യഘട്ടത്തിലുമായിട്ടാണ് ആ വിശുദ്ധൻ ജീവിച്ചിരുന്നതു്. അക്കാലത്തു പുസ്തകങ്ങൾക്കായിരുന്നു പ്രചുരപ്രചാരമുണ്ടായിരുന്നതു്. പത്രങ്ങളും മാസികകളും മററും ഒരു ശതാബ്ദവുംകൂടി കഴിഞ്ഞുമാത്രമാണ് പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങിയതു്. എങ്കിലും പത്രപ്രവർത്തനത്തിൻെറ ആരംഭപ്രവർത്തകനെന്ന നിലയിൽ സെൻറു് ഫ്രാൻസിസ് സാലെസ് എന്നും അനുസ്മരിക്കപ്പെടുന്നതാണ്. ചാബ്ലായി പ്രവിശ്യയിലെ മതപാഷണ്ഡികൾ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുവാൻ വിസമ്മതിച്ചപ്പോൾ അദ്ദേഹം പ്രസംഗവിഷയം മുഴുവനും സ്വന്തം കൈയക്ഷരത്തിൽ എഴുതി ലഘുലേഖകളായി വിതരണംചെയ്യുകയും പൊതുസ്ഥലങ്ങളിൽ സൂക്ഷിക്കുകയുംചെയ്തുപോന്നു. ഈ ലഘുലേഖകൾ ആധുനികപത്രമാസികകളുടെ മുന്നോടികളാണെന്നു തീർച്ചപറയാം.

ഫ്രാൻസിസ് സാലെസ് ഫ്രാൻസിൽ അന്നെസിക്കടുത്തു ചാറെറാ ഡി സാലെസ് എന്ന സ്ഥലത്തു 1567-ൽ ജാതനായി. പാരീസിലേയും പാദുവായിലേയും സവ്വകലാശാലകളിൽ പഠിച്ചു് പ്രശസ്തവിജയം നേടിയശേഷം കുറേനാൾ അദ്ദേഹം അഭിഭാഷകവൃത്തിയിൽ ഏപ്പെട്ടു. എന്നാൽ 25-ാമത്തെ വയസ്സിൽ അദ്ദേഹം ജനീവാരൂപതയിലെ ഒരു വൈദികനായിത്തീന്നു. അറുപതു കൊല്ലക്കാലം മതപാഷണ്ഡതയ്ക്കു അടിമപ്പെട്ടുകിടന്നിരുന്ന ചാബ്ളായിപ്രവിശ്യയിലെ ജനങ്ങളെ തിരുസഭയിലേക്കു വീണ്ടെടുക്കുന്ന ജോലിയിലാണ് തൻെറ വൈദികജീവിതത്തിൻെറ ആദ്യകാലങ്ങൾ മുഴുവനും അദ്ദേഹം വിനിയോഗിച്ചതു്. ഈ ശ്രമങ്ങൾ അത്യധികം വിജയപ്രദമായിരുന്നു. കത്തോലിക്കാ മതതത്വങ്ങളെ അധികരിച്ചു് അദ്ദേഹം അനേകം ഗ്രന്ഥങ്ങളെഴുതി. ഇവയെല്ലാം, പ്രത്യേകിച്ചു് "ഭക്തജീവിതം", "ദൈവസ്നേഹം" എന്നിവ, എക്കാലത്തും ജനഹൃദയങ്ങളിൽ വലിയ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരിക്കുന്നവതന്നെയാണ്. പിന്നീട് അദ്ദേഹം ജനീവായിലെ മെത്രാനായി ഉയർത്തപ്പെടുകയും ആ സ്ഥാനം വഹിച്ചുകൊണ്ടിരുന്നപ്പോൾ 1622 ഡിസമ്പർ 28-ാനു ചരമംപ്രാപിക്കുകയുംചെയ്തു.

സെൻറു് ഫ്രാൻസിസ് സാലെസിൻെറ ചരമത്തിൻെറ മൂന്നാംശതവാർഷികം പ്രമാണിച്ചു 11-ാംപീയൂസ് മാർപ്പാപ്പാ തിരുമേനി 1923 ജനുവരി 26-ാനു പ്രസിദ്ധപ്പെടുത്തിയ വിശ്വലേഖനത്തിൽ അദ്ദേഹത്തെ കത്തോലിക്കാ പത്രപ്രവത്തനത്തിൻെറ സ്വർഗ്ഗീയമദ്ധ്യസ്ഥനായി നാമകരണംചെയ്യുകയുണ്ടായി. ആ വിശുദ്ധൻെറ സന്മാതൃകയെ അനുകരിക്കുന്നതുമൂലം കത്തോലിക്കാപത്രപ്രവത്തനത്തിൽ ഏപ്പെട്ടിരിക്കുന്നവക്കു ലഭിക്കാവുന്ന മഹത്തായ ഗുണഫലങ്ങളെപ്പററി മാർപ്പാപ്പാ തിരുമേനി പ്രസ്തുത വിശ്വലേഖനത്തിൽ വിവരിച്ചിട്ടുണ്ടു്. ആ വിശുദ്ധൻെറ ബഹുമാനാർത്ഥം 1923-ാംവത്സരം അദ്ദേഹത്തിൻെറ ചരമത്തിൻെറ 3-ാംശതവാർഷികമായി സവ്വത്ര ആചരിക്കേണ്ടതാണെന്നു അവിടുന്നു പ്രഖ്യാപിക്കുകയും ചെയ്തു.


പരിശുദ്ധപിതാവിൻെറ ആഹ്വാനമനുസരിച്ചു 1923-ാംവർഷം വിശുദ്ധൻെറ ചരമത്തിൻെറ മൂന്നാംശതവാർഷികമായി കത്തോലിക്കാസഭ മുഴുവനും ആചരിച്ചു. വിശുദ്ധൻെറ തിരുനാൾദിനമായ ജനുവരി 29-ാനു-കടുത്ത ഞായറാഴ്ച കത്തോലിക്കാപത്രപ്രവർത്തനഞായറാഴ്ചയായി ലോകത്തിൽ പലേടത്തും ആചരിക്കുകയും ചെയ്തു. കത്തോലിക്കാ പത്രപ്രവത്തനദിനമായി ഒരു ഞായറാഴ്ച മാത്രം ആചരിച്ചാൽ മതിയാവുകയില്ലെന്നു തോന്നിയതുകൊണ്ടാണ് അതിനെ തുടന്നുവരുന്ന പിന്നത്തെ മാസം—ഫെബ്രുവരി—മുഴുവനും കത്തോലിക്കാപത്രപ്രവത്തനമാസമായി ആചരിക്കപ്പെട്ടുപോരുന്നതു്.

സെൻറു് ഫ്രാൻസിസ് സാലെസ് കത്തോലിക്കാ പ്രസിദ്ധി

(ശേഷം 7-ാംപേജിൽ)

ആഖ്യായിക

## ബറാബാസ്



### അദ്ധ്യായം 10 (തുടർച്ച)

## "എന്നിൽ ജീവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ ആരോ അവൻ മരിക്കുകയില്ല"

[വി. സി. ജോർജ്ജ് ബി. എ. എൽ. റ്റീ]

മറിയ ഭടന്മാരോടുകൂടി സ്വവസതിയിൽ എത്തി രാവിലത്തെ സംഭവങ്ങൾ വിസ്തരിച്ചു പറഞ്ഞപ്പോൾ അരിമത്ത്യൻ ജോസഫ് വല്ലാതെ ഞെട്ടി. സഹോദരിമാരിരുവരും അപകടാവസ്ഥയിലാകകൊണ്ടു മത്തായും മറിയയും ഒളിച്ചോടി ഗലീലിയിൽ അഭയം തേടുകയല്ലയോ വേണ്ടതെന്നു ജോസഫ് ആദ്യം സംശയിച്ചു. അടുത്ത കാലത്തു പീലാത്തോസ് സ്വീകരിച്ചു വന്ന നയമനുസരിച്ചാണെങ്കിൽ ജോസഫിനു കുരിശുമരണവും സഹോദരിമാർക്കു ജീവപര്യന്തം ജയിൽവാസവും ഈ കേസുവിധിയിൽ അനുഭവപ്പെടുമെന്നു ജോസഫിനു നിശ്ചയമുണ്ടായിരുന്നു. പലായനം സംബന്ധിച്ച ജോസഫിൻെറ അഭിപ്രായം കേട്ടപ്പോൾ മറിയ ചോദിച്ചു: "ഭടന്മാരുടെ കാര്യമോ?"

"അവരെ ഞാൻ വശത്താക്കിക്കൊള്ളാം."

ഇഷ്ടജനങ്ങൾക്കുവേണ്ടി ആപത്തിൽ തലയിടുവാനുള്ള അരിമത്ത്യൻെറ സന്നദ്ധത മറിയ മനസ്സിലാക്കി. കൃതജ്ഞതാപൂർവ്വം അദ്ദേഹത്തെ കടാക്ഷിച്ചുകൊണ്ടു അവർ പറഞ്ഞു: "ജോസഫ്, പാടില്ലാ, ഒരിക്കലും പാടില്ലാ. ലാസറസിൻെറ കാര്യം സർവ്വപ്രധാനമാണു്. ഞങ്ങളുടെ രക്ഷ മാത്രം ചിന്തിച്ചു ഞങ്ങൾ ഓടിപ്പോകുകയോ?"

ഭടന്മാരുടെ സംഗതി ശരിപ്പെടുത്തുവാൻ ബറാബാസിൻെറ സഹായം ആവശ്യപ്പെട്ടാലോയെന്നു ജോസഫ് പിന്നീടു ചിന്തിച്ചു. സഹോദരിമാരുടെ നേർക്കു കൃതജ്ഞത പ്രകടിപ്പിക്കുന്ന വിഷയത്തിൽ ബറാബാസ് അമാന്തിക്കുകയില്ലെന്നു ജോസഫിനു നിശ്ചയമുണ്ടായിരുന്നു. ഏതായാലും സഹോദരൻ തടവിലായിരിക്കുമ്പോൾ മറിയ ഒളിച്ചോടിപോകുവാനുള്ള ആലോചന അനുകൂലിക്കുകയില്ലെന്നു കരുതി ജോസഫ് ബറാബാസിൻെറ കാര്യം ശബ്ദിച്ചുയില്ല.

ആകെക്കൂടി ആലോചിച്ചിട്ടു താൻതന്നെ പീലാത്തോസിനെ നേരിൽ കണ്ടു കാര്യങ്ങൾ പറയുകയല്ലാതെ ഗത്യന്തരമില്ലെന്നു ജോസഫ് ഉറച്ചു. ഇവരോടു കാരുണ്യപൂർവ്വം പെരുമാറുവാൻ പീലാത്തോസിനെ പ്രേരിപ്പിക്കുവാനെങ്കിലും തനിക്കു കഴിഞ്ഞെന്നുവരാം. ഇങ്ങനെ ജോസഫും മറിയയും ഭടനും കൊട്ടാരത്തിലേക്കു പുറപ്പെട്ടു.

മദ്ധ്യാഹ്നത്തിനുശേഷം വളരെ കഴിഞ്ഞിട്ടു മാത്രമേ ലാസറസിനെ ബന്ധനത്തിലാക്കിയ സംഗതി റിപ്പോർട്ടു കിട്ടിയ വിവരം പീലാത്തോസ് ഓർമ്മിച്ചുള്ളൂ. തടവുകാരനെ തൻെറ മുമ്പിൽ ഹാജരാക്കുവാൻ ആ സ്ഥാനി ആജ്ഞ നൽകി. പീലാത്തോസിൻെറ മുമ്പിൽ നീതനായപ്പോൾ ലാസറസ് വിവർണ്ണനും ക്ഷീണനുമായി കാണപ്പെട്ടു. മൂടില്ലാതിരുന്ന തടങ്ങൽമുറിയിൽ മരവിച്ചുകഴിയുകയായിരുന്നു അദ്ദേഹം. ആഹാരത്തിനു യാതൊന്നും കിട്ടിയുമില്ലാ. സ്വല്പനേരം ലാസറസിനെ സൂക്ഷിച്ചു നോക്കിയിട്ടു പീലാത്തോസ് ചോദിച്ചു:

"അപ്പോൾ നിങ്ങളാണു് ബഥാനിയായിലെ ലാസറസ്സ്! മറിയയുടെ സഹോദരൻ."

"അതെ, പ്രൊക്കുറയിറ്റർ'

"നിങ്ങളെ കണ്ടാൽ കൊള്ളാമെന്നു് നിങ്ങളുടെ സ്നേഹിതൻ ജോസഫിനോടു ഞാൻ പറഞ്ഞിട്ടു വളരെക്കാലമായില്ല. എൻെറ ആഗ്രഹനിവൃത്തി, നിങ്ങൾക്കത്രയിഷ്ടമുള്ള വിധത്തിലല്ലെങ്കിലും ഇപ്പോൾ കൈവന്നിരിക്കുന്നു. ഇവിടെ എൻെറ തടവുകാരനായിട്ടല്ലാ അതിഥിയായിട്ടു നിങ്ങളെ കാണുകയായിരുന്നു എനിക്കു കൂടുതൽ പ്രിയംകരം. നിങ്ങളിൽ ആരോപിച്ചിരിക്കുന്ന കുറ്റമെന്തെന്നു് മനസ്സിലായോ?"

"പ്രൊക്കുറയിറ്റർ, എൻെറ കുറ്റം എന്താണെന്നു അങ്ങിൽ നിന്നു തന്നെ കേൾക്കുകയാണു് എനിക്കധികം ഹൃദ്യം" ലാസറസ് വിനീതനായി മറുപടി പറഞ്ഞു.

"കൊള്ളാം! കേട്ടോളൂ. ഒളിച്ചോടിപ്പോയ ഒരു കുറ്റപ്പുള്ളി, പെരുങ്കള്ളനും കൊലപാതകിയുമായ എസ്രാ, നിങ്ങളുടെ ഭവനത്തിൽ താമസിച്ചിരുന്നു. അയാളെ അന്വേഷിച്ചപ്പോൾ അവിടെ കണ്ടില്ല. നിങ്ങൾ അവനു അഭയം നൽകിയെന്ന കാര്യത്തിൽ എനിക്കു യാതൊരു സന്ദേഹവുമില്ല. ഈ കുറ്റാരോപണം സകാരണമാണെന്നുള്ളതിലേക്കു വളരെ ബഹുമാന്യനായ ഒരു വ്യക്തിയുടെ സാക്ഷ്യം ലഭിച്ചിട്ടുണ്ടു്. ബഥാനിയായിലെ ലാസറസ്, ഇതൊന്നും നിഷേധിച്ചിട്ടു കാര്യമില്ലാ."

"ഞാൻ ഒന്നും നിഷേധിക്കുന്നില്ല, പ്രൊക്കുറയിറ്റർ" ലാസറസ് പ്രശാന്തനായി പ്രൊക്കുറയിറ്റർ ഉപയോഗിച്ച ഗ്രീക്കുഭാഷയിൽതന്നെ പറഞ്ഞു.

ആകുലത്തോടടുത്ത വിസ്മയഭാവത്തിൽ പീലാത്തോസ് ലാസറസിനെ നോക്കി.

"ഒരു പണിപ്പുരയിൽ നിന്നൊളിച്ചോടിപ്പോയി അനേകമാസങ്ങളായി പിടികിട്ടാതിരുന്ന ഒരു ദുഷ്ടനു നിങ്ങൾ സങ്കേതം നൽകിയെന്നു സമ്മതിക്കുകയാണോ?"

"ഞാൻ സമ്മതിക്കുന്നു."

ഗവർണ്ണർ അല്പസമയം മൗനത്തിൽ കഴിച്ചു. ലാസറസ്സിൻെറ ക്ലേശൽകൂടാത്ത മറുപടി അദ്ദേഹത്തിൻെറ സമചിത്തത നശിപ്പിച്ചുവെന്നുപറയാം. അനന്തരം അദ്ദേഹം ചോദിച്ചു: "നിങ്ങളുടെ സഹോദരിമാരിരുവരും സ്വാഭാവികമായി ഇതെല്ലാം അറിഞ്ഞിരുന്നുവല്ലോ?"

"ഈ ചോദ്യത്തിനു സമാധാനം നൽകാതിരിപ്പാനുള്ള സ്വാതന്ത്ര്യം ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ എനിക്കു വേണ്ടി മാത്രമാണു്, എൻെറ സഹോദരിമാരുടെ പേരിലല്ല ഇവിടെ മൊഴി തരുന്നതു്."

"എങ്കിലും നിങ്ങൾ നിങ്ങൾക്കുവേണ്ടിയല്ല, നിങ്ങൾക്കെതിരായി സംസാരിക്കുന്നതായിട്ടുതോന്നുന്നു. ഏതായാലും അതു് നിങ്ങളുടെ കാര്യമത്രെ. നിങ്ങളുടെ കുറ്റസമ്മതമനുസരിച്ചു്, നിങ്ങൾ ഒളിവിൽ പാർപ്പിച്ചിരുന്ന കുറ്റപ്പുള്ളിക്കു് നിശ്ചയിച്ച വധശിക്ഷതന്നെ നിങ്ങൾക്കും നിശ്ചയിക്കുവാനെനിക്കവകാശമുണ്ടെന്നുള്ള കാര്യം മനസ്സിലാകുന്നുണ്ടോ?"

ലാസറസ് നമ്രമുഖനായി സവിനയം പ്രസ്താവിച്ചു: "എൻെറ ജീവൻ, പ്രഭോ, അവിടുത്തെ കരങ്ങളിലാണെന്നു് ഞാൻ സമ്മതിക്കുന്നു."

"നിങ്ങൾ ക്ഷമാപണം ചെയ്യുന്നുണ്ടോ?"

"എൻെറ സഹോദരിമാർക്കുവേണ്ടി മാപ്പപേക്ഷിക്കുന്നു."

ഇതുവരെ ഇരിപ്പുറപ്പിച്ചിരുന്ന പീലാത്തോസ് എണീറ്റു മുറിയിൽക്കൂടി പതിവനുസരിച്ചു ഉലാത്തിത്തുടങ്ങി. എന്തൊരു മനുഷ്യൻ! ഇങ്ങനെയൊരാളെ സൃഷ്ടിക്കുവാനോ ഗ്രഹിക്കുവാനോ സാധിക്കുകയില്ലാ! എന്നിങ്ങനെയായിരുന്നു ഗവർണ്ണരുടെ ചിന്താഗതി. ആ മനുഷ്യൻ കാടിപ്പോയ ഒരു കുറ്റപ്പുള്ളിയാണെന്നറിഞ്ഞില്ലാ എന്നയാൾക്കു പറയാമായിരുന്നു. എന്തുകൊണ്ടപ്രകാരം ചെയ്തില്ല? ഇത്ര നഗ്നമായി കുറ്റം സമ്മതിച്ച അയാൾ എന്തുകൊണ്ടു് പ്രാണരക്ഷയ്ക്കായി മാപ്പപേക്ഷിച്ചില്ലാ? കുറ്റാരോപണത്തിനു ന്യൂനതയില്ലാതില്ല. ഒളിച്ചോടിപ്പോയവൻ പ്രതിയുടെ ഗൃഹത്തിൽകാണപ്പെട്ടില്ല. ഈ പ്രതിക്കെതിരായി ഒറ്റസാക്ഷി മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും പീലാത്തോസ് ഓർമ്മിച്ചു. പിന്നെയും ഇയാൾ എന്തുകൊണ്ടു സ്വസഹോദരി മറിയയുടെയും സ്നേഹിതൻ ജോസഫിൻെറയും കാര്യം അനുസ്മരിപ്പിച്ചില്ല? ജൂപ്പിറ്റർ ദേവനാണാ, ഈ യഹൂദപ്പരീഷ വിഷമം പിടിച്ചതുതന്നെ. എല്ലായ്പ്പോഴും, എല്ലാ കാര്യങ്ങളിലും മറ്റാളുകളുടേതിൽനിന്നു് തീർത്തും വ്യത്യസ്തമാണു് ഈക്കൂട്ടരുടെ പെരുമാറ്റം! ഈവിധം ചിന്തകൾക്കധീനനായ പീലാത്തോസ് ലാസറസിൻെറ നേരെ തിരിഞ്ഞുചോദിച്ചു:

"നിങ്ങൾ ചെയ്തതു് കുറ്റമാണെന്നു് നിങ്ങൾ സമ്മതിക്കുന്നുണ്ടോ?"

"പ്രൊക്കുറയിറ്റർ, ഞാൻ ചെയ്തതു് അങ്ങയുടെ ദൃഷ്ടിയിൽ തെറ്റായി തോന്നിയിരിക്കാം. എന്നാൽ ദൈവത്തിൻെറ ദൃഷ്ടിയിൽ ഞാൻ ചെയ്തതു് ഏറ്റവും ശരിയാണു്. കഷ്ടത അനുഭവിക്കുന്നവരോടു കാരുണ്യം കാണിക്കണമെന്നാണു് പ്രമാണം. എൻെറ അടുക്കൽ കൊണ്ടുവന്നപ്പോൾ ആ മനുഷ്യൻ ആസന്നകാലനായിരുന്നു അങ്ങയുടെ ദൃഷ്ടിയിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരു കുറ്റക്കാരനാണയാൾ. എന്നാൽ എൻെറ സഹാനുഭൂതി അർഹിച്ച ഒരു ദുർഭഗനായിട്ടാണു് ഞാൻ അയാളെ കണ്ടതു്."

സ്വയം കയത്തിൽ കുടിച്ചു ചാകുവാൻ സന്നദ്ധനായ ഒരാളുടെ രക്ഷയ്ക്കായി താൻ കഴുക്കോൽ നീട്ടിക്കൊടുക്കുന്നതെന്തുകൊണ്ടെന്നു് പീലാത്തോസിനിനിയും വിശദമായില്ല. എങ്കിലും ആ വഴിക്കുള്ളതായിരുന്നു പ്രൊക്കുറയിറ്ററുടെ അടുത്ത ചോദ്യം.

"ഒളിച്ചോടിപ്പോയ ഒരു തടവുകാരനെയാണു് നിങ്ങളുടെ പക്കലേക്കു കൊണ്ടുവന്നതെന്നു നിങ്ങൾക്കു് മനസ്സിലായില്ലേ?"

"അപ്പോൾ മനസ്സിലായില്ലാ, പിന്നീടു് അറിയുവാൻ സംഗതിയായി."

സ്വന്തം വധശിക്ഷയ്ക്കു വഴിയൊരുക്കുന്ന ഈ പ്രതിയുടെ പേരിൽ പീലാത്തോസിനു അനുകമ്പ വർദ്ധിച്ചുവന്നതേയുള്ളു. "എന്നിട്ടും അയാളെ ഇറക്കിവിട്ടില്ലല്ലോ?"

ലാസറസ് തലകുനിച്ചു നിന്നതേയുള്ളു. ഉത്തരമൊന്നും പറഞ്ഞില്ല. പീലാത്തോസ് ചോദ്യം തുടർന്നു: "നിങ്ങളുടെ ശുശ്രൂഷയിൽ അയാൾക്കു രോഗമുക്തിയുണ്ടായി, ഇല്ലയോ?"

"അയാൾ രോഗവിമുക്തനായി."

"ഇപ്പോൾ അയാളെവിടെയാണു്?"

"ഇന്നലെ രാത്രി പെട്ടെന്നു അവിടെനിന്നു പോയി. ഒരു കൂട്ടുകാരൻ വന്നിരുന്നു, അയാളോടു കൂടി."

"ഞങ്ങൾ അയാളെ അനുധാവനം ചെയ്യുന്നുണ്ടെന്നയാൾ അറിഞ്ഞിരിക്കാം. അയാൾ എങ്ങനെ അറിഞ്ഞു?"

"അയാളുടെ കൂട്ടുകാരൻ പറഞ്ഞു. കൂട്ടുകാരനെങ്ങനെ അറിഞ്ഞുവെന്നു നിശ്ചയമില്ല."

പീലാത്തോസ് സ്വല്പം ആലോചിച്ചു. കൂട്ടുകാരൻ ബറാബാസായിരുന്നോയെന്നു് ചോദിക്കുവാൻ ചിന്തിച്ചു. അങ്ങനെ ചോദിച്ചിരുന്നുവെങ്കിൽ ലാസറസ് ഒരിക്കലും പൊളിപറയാത്ത സ്ഥിതിക്കു് വധശിക്ഷയ്ക്കർഹനാകുമെന്നു പീലാത്തോസ് ധരിച്ചു. അതുകൊണ്ടു് ആ ചോദ്യം ചോദിക്കാതെ മറെറാരുചോദ്യം തട്ടിവിട്ടു: "നിങ്ങളെ കുറ്റക്കാരനെന്നു് ഒററിക്കൊടുത്തതാരാണെന്നു വല്ല സംശയവുമുണ്ടോ?"

"യാതൊരു സംശയവുമില്ല."

"എന്നാൽ ഞാൻ പറഞ്ഞുതരാം. ബഥാനിയാ സിനഗോഗിലെ മുഖ്യറാബിതന്നെ. അദ്ദേഹം നിങ്ങളുടെ ശത്രുവായിരിക്കാം."

"ഞാൻ യാതൊരുവിധത്തിലും അദ്ദേഹത്തിനപകാരം ചെയ്തിട്ടില്ലല്ലോ."

"പക്ഷെ, ആ നസ്രായൻെറ, നിങ്ങളെ മരണാനന്തരം ഉയിർപ്പിച്ച അദ്ദേഹത്തിൻെറ, അനുയായിയാണല്ലോ നിങ്ങൾ. അങ്ങനെ അദ്ദേഹം ചെയ്തതാണോ?"

"അതെ, പ്രൊക്കുറയിറ്റർ. അതു് ഞാനനുഭവിച്ചതാണു്."

"അതെങ്ങനെപറയാം നിങ്ങൾക്കു്? നിങ്ങൾ മൃതനായിരുന്നപ്പോഴത്തെ സ്ഥിതി നിങ്ങളെങ്ങനെയറിഞ്ഞു?"

"എൻെറ ശരീരം മൃതമായി, എൻെറ ആത്മാവു മരിച്ചില്ലല്ലോ."

"ഹോ, ശരി, നിങ്ങളുടെ ശരീരം. യഹൂദരായ നിങ്ങൾക്കു് ശരീരത്തോടുകൂടി മരണമടയാത്ത ആത്മാവുണ്ടല്ലോ? മരണത്തിൽ നിങ്ങൾക്കു വിശ്വാസമില്ലെന്നു വരുമോ? നിങ്ങൾ മരണത്തെ ഒട്ടുംതന്നെ ഭയപ്പെടുന്നില്ലേ?"

"ഗുരു പ്രസ്താവിക്കുന്നതു്, "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. എന്നിൽ ജീവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ ആരോ അവൻ മരിക്കുകയില്ല" എന്നീപ്രകാരമാകുന്നു."

(തുടരും)




## വിനോദവീഥി




"ബസ്സിൽ ചരക്കീക്കാതിരിക്കാൻ "കടമാങ്ങാ" ഒന്നിനു് ഒരണ മാത്രം!"

X X X

കമ്പനിയിൽ ജോലിക്കാരുടെ പണിയിലുള്ള "അമാന്തം"മൂലം മാനേജർ വിഷമിച്ചു. ഒരു ദിവസം രാവിലെ എല്ലാ ഭാഗങ്ങളിലും നോട്ടീസുകൾ പതിച്ചു: "കാര്യങ്ങൾ വേഗം നിർവ്വഹിച്ചുകൊള്ളണം. അമാന്തമരുതു്." മണിയടിച്ചു. കമ്പനി തുറന്നു. അരമണിക്കൂറിനുള്ളിൽ കാഷ്യർ 20000 ക. കൊടുത്തുതീക്കാനുള്ള ബില്ലുകൾ ശരിയാക്കി മാനേജരുടെ മേശപ്പുറത്തുവച്ചു. ഫോർമാൻ ഒരു ലേഡിക്ലാർക്കിനേയും കൊണ്ടു കടന്നു. 12 ക്ലാർക്കന്മാർ അവർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നതിനുള്ള മെമ്മോറാണ്ഡം തയ്യാറാക്കി സമർപ്പിച്ചു. ഓഫീസ് ബോയ് സിനിമാക്കമ്പനിയിൽ ചേരാൻ പേരുകൊടുത്തു. പണിക്കാരെല്ലാം പഴേപടിയും!

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam, November 2, 1955 No. 13

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം

**45-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം**

എന്റെ പേർ—"വിനോദം"

**പ്രശ്നം നമ്പ്ര് 46**

(ജോസഫ് ജോൺ മാടവന, ചേർത്തല, വയസ്സ് 15)

ഞാൻ ചന്തയിൽപോയി ഒരു കുട്ട മാമ്പഴം വാങ്ങി. ഇരണ്ടു വീതം എണ്ണിയപ്പോൾ 1 മിച്ചം വന്നു. മൂമ്മൂന്നുവീതം എണ്ണിയപ്പോൾ 2 മിച്ചംവന്നു. നന്നാലു വീതം എണ്ണിയപ്പോൾ 3 മിച്ചം. 5 വീതം എണ്ണിയപ്പോൾ 4 മിച്ചം. ഇങ്ങനെ 10 വരെ പിടിച്ചെണ്ണിയപ്പോൾ ഓരോതവണയും എത്ര പിടിച്ചെണ്ണുന്നുവോ അതിൽ ഒന്നു കുറവായ സംഖ്യ ബാക്കിവന്നു. എന്നാൽ ആ കൊട്ടയിൽ എത്ര മാങ്ങയുണ്ടായിരുന്നു?


(ഉത്തരം അടുത്തതിൽ)

**ആർക്കു മറുപടി പറയാം?**

(കെ. കെ. ലൂസി, കൂനമ്മാച്ചി, വയസ്സ് 13)

ചോദ്യം

"ഗ" എങ്ങനെ ഒരു ദ്വീപാകും?



**വനവാസിയായ പൗലോസ്**

ക്രിസ്തുവർഷം 3-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു താപസ്സവര്യനാണ് വനവാസിയായ പൗലോസ്. അദ്ദേഹം ഈജിപ്തിൽ തേബ്സ് എന്ന സ്ഥലത്തു ജനിച്ചു. 16 വയസ്സിൽ ഡെച്ചിയൂസ് ചക്രവർത്തിയുടെ മതമർദ്ദനകാലത്തു തെബേയ്സ് എന്ന വനവിഭാഗത്തിൽ ഒരു ഗുഹയിൽ അഭയംപ്രാപിച്ചു. അവിടെ അദ്ദേഹം ദൈവത്തെ പ്രാർത്ഥിച്ചും തപസ്സുചെയ്തും 113 വയസ്സുവരെ ജീവിച്ചു. താപസ്സജീവിതത്തിനു ക്രിസ്തീയചരിത്രത്തിൽ പ്രാരംഭമിട്ടതുകൊണ്ടു "താപസ്സനായ പൗലോസ്" എന്നു അദ്ദേഹത്തിനു പേരുണ്ടായി. "വനാന്തര പൗലോസ്" എന്നും സാധാരണക്കാർ പറയാറുണ്ട്. തപോനിഷ്ഠനായ അദ്ദേഹത്തിനു ഭക്ഷണം പക്ഷികൾ കൊണ്ടുപോയി കൊടുത്തിരുന്നുവെന്നു ചരിത്രത്തിൽ പറയുന്നു. മരണാസന്നനായ അദ്ദേഹത്തെ വിശുദ്ധ അന്തോണീസ്—വേറൊരു താപസ്സൻ—സന്ദർശിക്കുകയും ശുശ്രൂഷിക്കുകയുംചെയ്തു.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനിയത്തികളേ,

തപസ്സെന്നുകേട്ടു ആരും ഭയപ്പെടേണ്ട. വനവാസിയായ പൗലോസിന്റെ ചരിത്രചിത്രങ്ങൾകണ്ടു ആരും അത്ഭുതപ്പെടുകയും വേണ്ട. ഇതൊരു വലിയ മാതൃകയാണ്. അതിനനുസരിച്ചുള്ള ഒരു ചെറിയ പകർത്തിയെഴുത്തുമാത്രമേ നിങ്ങളുടെ ജീവിതഗ്രന്ഥത്തിനാവശ്യമുള്ളു. എങ്ങനെയാണതു സാധിക്കുക? ചെറിയ ചെറിയ ത്യാഗപ്രവൃത്തികൾകൊണ്ടു നിങ്ങളുടെ ജീവിതം പ്രാർത്ഥനയുടേയും തപസ്സിന്റേയും ആദർശത്തോടൊത്തതാക്കാൻ ശ്രമിക്കുക. അതു ക്രിസ്തീയ ജീവിതത്തിനു ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കാര്യങ്ങളാണ്. പ്രായമായവർ വലിയ പുര പണിയുമ്പോൾ കുട്ടികൾ കൊച്ചുവീടുകൾ കെട്ടിയുണ്ടാക്കാറില്ലേ? അമ്മമാർ കഞ്ഞിവയ്ക്കുമ്പോൾ കുഞ്ഞുങ്ങൾ കുഞ്ഞിക്കഞ്ഞിവയ്ക്കാറില്ലേ? അതുപോലെ പുണ്യജീവിതത്തിലും കൊച്ചുകൊച്ചു പ്രവൃത്തികൾകൊണ്ടു തുടങ്ങുക. വല്യേട്ടൻ

---

**കടംകഥ**

(സെലിൻ എൽ. കാച്ചപ്പിള്ളി, ചൊവ്വര)

1. മുള്ളുണ്ട്, മുരുക്കല്ല; കയ്പുണ്ട്, കാഞ്ഞിരമല്ല; വാലുണ്ട്, കുരങ്ങല്ല.
2. അടി പാറപോലെ, നടു വടിപോലെ, തല കുടപോലെ.
3. മുക്കാക്കാലുള്ള മുപ്പത്താറു കയറ്.

**ചെറുകഥ**

## 'ആ യാത്രയിൽ'

(കെ. ജെ. മാത്തുക്കുട്ടി, കുന്നപ്പള്ളി, കാഞ്ഞിരപ്പള്ളി, വയസ്സു 11)

തോമസ് എന്നായിരുന്നു ആ ബാലന്റെ പേർ. മാതാപിതാക്കളോടുകൂടി അവൻ ജീവിച്ചിരുന്നു. അവർ ദരിദ്രരായിരുന്നു. നാട്ടിൽ പടർന്നുപിടിച്ച "കോളറാ" തോമസിന്റെ മാതാപിതാക്കളെ കാലയവനികയ്ക്കുള്ളിൽ മറച്ചു. ഉപജീവനത്തിനായി അവൻ അടുത്തുള്ള ഒരു ധനികക്രിസ്തീയകുടുംബത്തിൽ അഭയംതേടി.

സുമുഖനായ ആ ബാലനെ കേവലം ഒരു വേലക്കാരനായിട്ടല്ല, ഒരു വളർത്തുപുത്രനായിട്ടാണ് ആ വീട്ടുകാർ സ്വീകരിച്ചതു്. ജോസിനിതിഷ്ടപ്പെട്ടില്ല. മാതാപിതാക്കളുടെ ഏകപുത്രനായി, സ്വത്തിന്റെ ഏകാവകാശിയായി, ആ വീട്ടിലെ കൊച്ചുരാജാവായി അവൻ വാഴുമ്പോൾ ഇതാ മറെറാരു വയ്യാവേലി. അവൻ പല പ്രകാരത്തിൽ തോമസിനെ ഉപദ്രവിച്ചു. ക്ഷമിക്കുവാനും സഹിക്കുവാനും പഠിച്ചിരുന്ന ആ ക്രിസ്തീയബാലൻ എല്ലാം ക്ഷമിച്ചു, സഹിച്ചു, ദൈവത്തെപ്രതി മാത്രം.

x x x

കാലചക്രം പലപ്രാവശ്യം കറങ്ങിത്തിരിഞ്ഞു. പല മാററങ്ങളും വന്നു. എവറസ്റ്റ്ജേതാവായി ലോകപ്രസിദ്ധിനേടുവാൻ പലരും കിണഞ്ഞുശ്രമിക്കുന്ന കാലം. ജോസിന്റെ മനസ്സിൽ ചില ആശകൾ തളിർത്തു. അനുചരന്മാരും ഉപകരണങ്ങളും എല്ലാം ഒരുക്കിയിട്ടാണ് അവൻ മാതാപിതാക്കളെ വിവരം അറിയിച്ചതു്. അവർ വിസമ്മതിച്ചു. ആ വിസമ്മതം വകവയ്ക്കാതെ ജോസ് യാത്രപുറപ്പെട്ടു.

ദൈവഹിതം മറിച്ചായിരുന്നു. താഴ്വരയിൽ എത്തിയപ്പോൾ യാത്രാക്ഷീണവും ശൈത്യാധിക്യവുംമൂലം ജോസിനു പനി പിടിപെട്ടു. ദിനം കൂടുതലായി. വിവരമറിഞ്ഞു മിഷനറിവൈദികനായ ഫാ. തോമസ് ഒപ്രൂശുമായ്പെട്ടിയും വി. കുർബാനയുമായി രോഗിയെ സമീപിച്ചു. അന്ത്യകൂദാശകൾ നൽകി. അദ്ദേഹം രോഗിയെ സൂക്ഷിച്ചുനോക്കി: "സഹോദരാ എന്നെ അറിയുമോ?" തൊണ്ടയിടർച്ചയോടെ അദ്ദേഹം ചോദിച്ചു. "ഇല്ല", മറുപടി.

"നിങ്ങളിൽനിന്നു വളരെയധികം സഹായങ്ങൾ സ്വീകരിച്ച തോമസല്ലേ ഞാൻ."

രോഗി അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. "ഹാ! തോമസേ, പ്രിയ സഹോദരാ എന്നോടു...ക്ഷമി......" ആ കണ്ണുകൾ അടഞ്ഞു; നിത്യമായി അടഞ്ഞു.

---

## വല്യപ്പാപ്പന്റെ കൊച്ചുമകൻ





മകൻ:- വല്യപ്പാപ്പനിന്നു അങ്ങേലെ വക്കീലത്തപ്പനുമായി വല്യസ്നേഹമാണെന്നു തോന്നുന്നു.

ഉപ്പാപ്പൻ:- അതെ, മോനെ, ധ്യാനംകഴിഞ്ഞു. അവരുമായുള്ള വഴക്കെല്ലാം തീർന്നു.

---

## "എട്ടണത്തുട്ട്"

(തോമസ് ടി. മണ്ടവത്തിൽ ഇടമററം, വയസ്സ് 15)

ഏതു കാര്യത്തിനും ചുണയായി പ്രവർത്തിക്കാൻ മുന്നിട്ടിറങ്ങുന്ന ഒരു ബാലനാണ് ബേബി. ആ ഇടവകയിലുള്ള വിവിധ ഭക്തസംഘടനകളിൽ അവൻ അംഗമാണ്. മിഷൻലീഗ്, വിൻസെൻറ് ഡി പോൾ, സത്യാരാധന മുതലായവയിൽ അവൻ ഊർജ്ജസ്വലമായി പ്രവർത്തിക്കുകയാണ്. മിഷനെ സഹായിക്കുന്നതാണ് അവനു ഏററവും ഇഷ്ടം. കുരുമുളകു, കാപ്പിക്കുരു മുതലായവ പെറുക്കിസൂക്ഷിച്ച് വിററു പണമാക്കി മിഷനയച്ചുകൊടുക്കും.

പക്ഷെ ഈവക കാര്യങ്ങൾ അവന്റെ അപ്പൻ ചാണ്ടിച്ചേട്ടൻ അറിയാതെ ചെയ്യണമെന്നാണവന്റെ ആഗ്രഹം. തിരുസഭയേയും സഭാദ്ധ്യക്ഷന്മാരേയും കുററംപറയുകയാണ് അയാളുടെ ജോലി. ഒരുദിവസം ബേബി മിഷൻപിരിവിനുപോയി വന്നശേഷം അപ്പനോടു ചോദിച്ചു: "അപ്പാ, എനിക്കു ഒരെട്ടണയെങ്കിലും തരാമോ?"

"എന്തിനാടാ?" ചാണ്ടിച്ചേട്ടൻ ആക്രോശിച്ചു.

"മിഷനെ സഹായിപ്പാൻ." അവനുത്തരം പറഞ്ഞു.

"മിഷൻപെട്ടി കള്ളപ്പെട്ടി."

ഈ മുദ്രാവാക്യഘോഷണം കേട്ടപ്പോൾ ബേബിയുടെ പിഞ്ചുഹൃദയം പൊട്ടി അവൻ കരഞ്ഞുപോയി. ഈ അസത്യവാക്യങ്ങൾ അവന്റെ ഹൃദയം പിളർന്നതുപോലെ അവനു തോന്നി. ചാണ്ടിച്ചേട്ടനു സഹതാപംതോന്നി. അദ്ദേഹം മടിശ്ശീലയിൽനിന്നു ഒരെട്ടണത്തുട്ടെടുത്തു ബേബിക്കു കൊടുത്തു.

അവന്റെ ദീനരോദനം പുഞ്ചിരിയായി മാറി. ആനന്ദസാഗരത്തിൽ മുഴുകി അവൻ ആ പണം മിഷൻപെട്ടിയിലിട്ടു.

ബേബി അപ്പന്റെ മാനസാന്തരത്തിനായി നിരന്തരം പ്രാർത്ഥിക്കുവാൻതുടങ്ങി. പരിഹാരപ്രവൃത്തികൾ മുതലായവ ചാണ്ടിച്ചേട്ടന്റെ മാനസാന്തരത്തിനായി ബേബി ദൈവത്തിങ്കൽ നേർന്നു. അതിന്റെ ഫലമായി ചാണ്ടിച്ചേട്ടൻ ഒരു ഭക്തനായിത്തീർന്നു. നിത്യവും പള്ളിയിൽ പോകും. കുർബാനകാണും. കുർബാന കൈക്കൊള്ളും. ഇന്നു ചാണ്ടിച്ചേട്ടനും അവിടെയുള്ള ഭക്തസംഘടനകളിൽ അംഗവും പ്രവർത്തകനുമാണ്. ബേബിയും ചാണ്ടിച്ചേട്ടനും ഒത്തൊരുമിച്ചു പ്രവർത്തിക്കയാണ് കത്തോലിക്കാപ്രവർത്തനരംഗങ്ങളിൽ.

—o—

**സത്യദീപം വരിസംഖ്യ**

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

---

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—I